
# ജീവദീപ്തി

jeevadeepthi@gmail.com

March 2024 Book 03 Volume 14



നവജീവനിലേയ്ക്ക്...

എഡിറ്റോറിയൽ



ഫാ. ജെൻസൻ ലിവേര

# പ്രതീക്ഷയുടെ ഉയിർത്തെഴുന്നേൽപ്പ്



വിശ്വസിക്കുന്നവർക്ക് ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്പ് വലിയ വിജയോൽസവമാണ്. മരണത്തെ പരാജയപ്പെടുത്തി മൂന്നാം നാൾ അവൻ ഉയിർത്തെഴുന്നേറ്റു. ഇതാണ് ഈസ്റ്ററിന്റെ ഏറ്റവും വലിയ സന്ദേശം. ഞാനും ഈ ദിവസം സന്തോഷിക്കുകയാണ്. കാരണം എന്റെ ഈശോ, മരിച്ചുപോയ ദൈവമല്ല. മറിച്ച്, മരിക്കുകയും എന്നാൽ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേൽക്കുകയും, ഇന്നും എന്റെകൂടെ ജീവിക്കുകയും ചെയ്യുന്നവനാണ്.

പ്രകൃതിയിൽത്തന്നെ നവചൈതന്യത്തിന്റെ തുടിപ്പു പ്രകടമാകുന്ന കാലത്താണ് ഉയിർപ്പ് സംഭവിച്ചത്. പാലസ്തീൻ പ്രദേശത്ത് ശീതകാലത്ത് പ്രകൃതി മുഴുവനും മരിച്ചു മരവിച്ച പ്രതീതി ഉളവാക്കാൻ തക്കവണ്ണം ഒരു പച്ചിലപോലും എങ്ങും കാണാൻ സാധിക്കില്ല. എന്നാൽ വസന്തം വന്നണയുമ്പോൾ പ്രകൃതി മുഴുവൻ നവചൈതന്യ തുടിപ്പ് പ്രകടിപ്പിക്കുകയായി. താരും തളിരുമണിഞ്ഞ വൃക്ഷങ്ങൾ, ഒരായിരം പുതുപുഷ്പങ്ങൾ, സന്തോഷത്തോടെ പാറിപ്പറക്കുന്ന കിളികളും ശലഭങ്ങളും, പുതുജീവൻ തുടിച്ചു നിൽക്കുന്ന ഈ കാലയളവിലാണ് മരണത്തെയും ജീർണ്ണതയെയും മായിച്ചുകൊണ്ടുള്ള ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്പ് സംഭവിച്ചത്. മനുഷ്യരാശിക്ക് ഒരു പുതുജീവനാണ് ഉയിർപ്പ് തിരുനാൾ നൽകുന്നത്. പൗലോസ് അപ്പസ്തോലന്റെ വാക്കുകൾ ശക്തമാണ്: "ക്രിസ്തു ഉയിർത്തെഴുന്നേറ്റിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥം, നിങ്ങളുടെ വിശ്വാസം വ്യർത്ഥം.'

ഭയാശങ്കകൾ നിറഞ്ഞ ഹൃദയത്തോടെ ഉത്കണ്ഠാകുലരായി മുറിയും വാതിലുകൾപോലും ബന്ധിച്ചിരിക്കുമ്പോൾ "നിങ്ങൾക്കു സമാധാനം" എന്നു പറഞ്ഞുകൊണ്ട് ശിഷ്യരുടെ ഇടയിലേക്ക് ക്രിസ്തു സന്നിഹിതനാകുന്നു. ശിഷ്യരുടെ പ്രാർത്ഥനയ്ക്കും കൂട്ടായ്മയ്ക്കും ഇടയിലേക്ക്.... ഒരു ദിവസം മുഴുവന്റേയും അധ്വാനത്തിൽ ക്ഷീണിതരായി പരാജയഭാവത്തോടെ കഴിയുമ്പോൾ അവരുടെ ഇടയിലേക്ക് കൈത്താങ്ങായി എത്തുന്ന ഉത്ഥിതൻ. വഴിയാത്ര ചെയ്യുമ്പോൾ അനുയാത്ര ചെയ്തും, സംശയങ്ങളും സന്ദേഹങ്ങളും ഉയരുമ്പോൾ അവയ്ക്കു പരിഹാരം നൽകിയും ഉത്ഥിതൻ വഴികാട്ടിയാവുന്നു. അങ്ങനെ ജീവിതത്തിന്റെ എല്ലാ അനുഭവങ്ങളിലും അവസ്ഥകളിലും ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ സാന്നിധ്യവും സഹായവും അനുഭവിക്കുവാൻ കഴിയും. ഈ സാന്നിധ്യവും ശക്തിയും തിരിച്ചറിയുവാൻ ഇന്ന് നമുക്കും ആവണം.

പ്രിയരേ, ജീവിതം നമ്മെ നിരാശയിലേക്ക് തള്ളിവിടുമ്പോൾ ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ ഓർമ്മകൾ ധൈര്യവും പ്രത്യാശയും പകരട്ടെയെന്ന് ആശംസിച്ചുകൊണ്ട് ഈസ്റ്റർ മഹോത്സവത്തിന്റെ സ്നേഹം നേരുന്നു.

# ജീവദീപ്തി
JEEVADEEPTHI

March 2024 Vol 14 Book 03

രക്ഷാധികാരി
മോസ്റ്റ്. റവ. ഡോ. ജോസഫ് കളത്തിപ്പറമ്പിൽ

മാനേജിങ്ങ് എഡിറ്റർ
ഫാ. യേശുദാസ് പഴമ്പിള്ളി

പത്രാധിപർ
ഫാ. ജെൻസൺ ലിവേര

സഹപത്രാധിപർമാർ
ഷെവ. ഡോ. പ്രീമൂസ് പെരിഞ്ചേരി
ഫാ. എബിൻ ജോസ് വാര്യത്ത്
ഫാ. ആന്റണി റാഫേൽ കൊമരംചാത്ത്

സർക്കുലേഷൻ മാനേജർ
ഫാ. റോക്കി ജോസ്‌ലിൻ ചക്കാലക്കൽ
സി. ജെ ആന്റണി

രൂപകല്പന
റ്റാബി ജോർജ്ജ്

ടൈപ്പ് സെറ്റ്
ASL computers

ഓഫീസ് ഇൻചാർജ്ജ്
മാനുവൽ പൊടുത്തോർ

പത്രാധിപസമിതി
അഡ്വ. ഷെറി ജെ തോമസ്
ജൂലിയറ്റ് ഡാനിയേൽ
ജോർജ്ജ് പൊറ്റക്കുഴി
ജോബി തോമസ്സ്
മാനിഷാദ് മട്ടയ്ക്കൽ
സിബി ജോയ്
ബിജോയ് ജോസഫ്



ഓഫീസ്

90720 26577
jeevadeepthi@gmail.com



12







01

പ്രതീക്ഷയുടെ ഉയിർത്തെഴുന്നേൽപ്പ്

*വിശ്വസിക്കുന്നവർക്ക് ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്പ് വലിയ വിജയോൽസവമാണ്.*




ദുഃഖത്തിന്റെ
പാനപാത്രം

വർഷങ്ങളായി വളരെ അടുത്ത് പരിച
യമുള്ള ഒരു കുടുംബമുണ്ട്. സാമ്പ
ത്തികമായി വളരെ സുസ്ഥിരതയുള്ള



04

ഓശാന ഞായർ
തീർത്ഥാടന ശംഖൊലി

യേശുവിന്റെ പാദങ്ങൾ ജറുസലേം
നഗരത്തെ ലക്ഷ്യമാക്കി ചലിച്ചപ്പോൾ
ഉള്ളിൽ ഓർമ്മകളുടെ വേലിയേറ്റ





പെസഹാ
ഒരുക്കുന്നവൻ

ലോകസമാധാന ദിനമായി ആഘോ
ഷിക്കപ്പെടുന്ന ജനുവരി 1-ാം തീയ
തിയിലേക്ക് കലുഷിതമായ ലോക
ത്തിന് സമാധാന ആശംസകളോടെ

06

ഒരു രാജാവിന്റെ ആത്മബലി ....07
ഉത്ഥാനം നൽകുന്ന പ്രത്യാശ....09
ദുഃഖത്തിന്റെ പാനപാത്രം....12
കിനാവുകളുടെ മിഠായി മധുരം ....16
ആയിരം സൂര്യന്മാർ ....19
ഇമ്മാനുവൽ ലോപ്പെസ് ....23
ജലദിനം ....27
വരാപ്പുഴ എന്ന പേര് ....30
ലോക വൃക്കദിനം 2024....33
Student's forum....35
ന്യൂസ്....36
ബൈബിൾ വിചിന്തനം....39

# ഓശാന ഞായർ തീർത്ഥാടന ശംഖൊലി



**റവ. ഡോ.അഗസ്റ്റിൻ മുള്ളൂർ, ഒ.സി.ഡി.**



## *നഗരത്തിലെത്തും മുമ്പ്*

യേശുവിന്റെ പാദങ്ങൾ ജറുസലേം നഗരത്തെ ലക്ഷ്യമാക്കി ചലിച്ചപ്പോൾ ഉള്ളിൽ ഓർമ്മകളുടെ വേലിയേറ്റമായിരുന്നു. കാനായിൽ വച്ച് അമ്മയോടു പറഞ്ഞത്, "എന്റെ സമയമായില്ലല്ലോ" ദേവാലയത്തിലെ കച്ചവടക്കാരെയും നാണയമാറ്റക്കാരെയും അടിച്ചു പുറത്താക്കിയപ്പോഴും, അറിയാമായിരുന്നു, "സമയ"മായില്ലെന്ന്. നിക്കദേമോസിനോട്, മനുഷ്യപുത്രൻ ഉയർത്തപ്പെടുമെന്ന് പറഞ്ഞപ്പോഴും "സമയ"മായില്ലെന്ന്. സമരിയാക്കാരിയോട് സത്യത്തിലും ആത്മാവിലുമുള്ള ആരാധനയെക്കുറിച്ച് പഠിപ്പിച്ചപ്പോഴും "സമയ"മായില്ലെന്ന് വ്യക്തമായിരുന്നു. അയക്കപ്പെട്ട പടയാളികൾ ബന്ധിക്കാൻ വന്നിട്ട് വെറുതെ തിരിച്ചുപോയപ്പോൾ വ്യക്തമായിരുന്നു,

"സമയ"മാകാതിരുന്നതിനാലാണ് അത് നടന്നതെന്ന്. ലാസറിനെ ഉയിർപ്പിച്ച് തിരിച്ചേൽപ്പിച്ചപ്പോൾ അറിയാമായിരുന്നു, "സമയ"മാകാറായി എന്ന്.

പിന്നെ, ഒരു ദിവസം പീലിപ്പോസും അന്ത്രയോസും കൂടി ഒരുകൂട്ടം ഗ്രീക്കുകാരെ അടുത്തേക്ക് കൊണ്ടുവന്നപ്പോൾ, വ്യക്തമായി: "സമയ"മായെന്ന്. അന്ന് ആനന്ദത്താൽ നിറഞ്ഞ് പറഞ്ഞത് യേശു ഓർത്തു: "മനുഷ്യപുത്രൻ മഹത്വപ്പെടാനുള്ള സമയമായിരിക്കുന്നു. സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ഗോതമ്പുമണി നിലത്തുവീണ് അഴിയുന്നില്ലെങ്കിൽ, അത് അതേപടിയിരിക്കും." അന്ന് തുടങ്ങിയ ധൃതിവയ്ക്കലാണ്, സമയത്തിലേക്ക് കടക്കാൻ.... ഉയർത്തപ്പെടാൻ... നാട്ടപ്പെടാൻ.... അന്ന് ഉരുവിട്ട പ്രാർത്ഥനയും മനസ്സിൽ മാറ്റൊലികൊണ്ടു. "പിതാവേ, അങ്ങയുടെ നാമത്തെ മഹത്വപ്പെടുത്തണമേ...."

കണ്ണുകളുയർത്തി നോക്കിയപ്പോൾ നഗരകവാടം മുന്നിൽ. വലിയ ജനക്കൂട്ടം.... കാത്തുനിൽക്കുന്നു. പാദങ്ങളുടെ വേഗത കുറഞ്ഞു.... ഉള്ളിൽ സംശയമായി: "അവർക്കു മനസ്സിലായോ, ആവോ?" യേശുവിന്റെ മനസ്സിൽ ദാവീദിന്റെ ചിത്രം തെളിഞ്ഞു. അബ്സലോം നഗരം പിടിച്ചെടുത്ത ശേഷം ഏതാനും വിശ്വസ്ത അനുയായികളോടൊപ്പം നഗരംവിട്ടുപോകുന്ന രംഗം... വിലാപാന്തരീക്ഷം.... നിരാശയുടെ നിഴലുകൾ... വഴിയരികിൽനിന്ന് ശാപവാക്കുകൾ പറയുന്ന സാവൂൾ കുടുംബാംഗം. അവന്റെ തലവെട്ടാൻ ആഗ്രഹിക്കുന്ന ദാവീദിന്റെ സൈന്യാധിപൻ... പിന്നെ ദാവീദിന്റെ വാക്കുകൾ, "കർത്താവിനോട് ദാവീദിനെ ശപിക്കാൻ പറഞ്ഞെങ്കിൽ, അവൻ ശപിക്കട്ടെ" .... ഫിലിസ്ത്യരെ തോല്പിച്ച് വിജയശ്രീലാളിതനായി നഗരത്തിൽ പ്രവേശിച്ച പഴയ ദാവീദിൽനിന്ന് എത്രയോ വ്യത്യസ്തൻ...." ജനത്തിന്റെ ആരവം കേട്ട് യേശു ചിന്തകളിൽ നിന്ന് ഉണർന്നു...." ഓശാനാ... ദാവീദിൻ പുത്രന്... കർത്താവിന്റെ നാമത്തിൽ വരുന്നവന്..." യേശു നിന്നു. "സമയ"മായി.

## *നഗരത്തിലേക്ക് കടക്കുമ്പോൾ*

ജനാരവത്തിൽ ഉതിർന്നുവീണ വാക്കുകൾ യേശുവിനെ ഭയപ്പെടുത്തി. ആർക്കും ഇതുവരെ ഒന്നും മനസ്സിലായില്ലല്ലോ? രാജകീയ മഹത്വമാർന്ന രക്ഷകനെ പ്രതീക്ഷിക്കുന്നവരുടെ ആഹ്ലാദത്തിമിർപ്പിൽ നിന്നുയരുന്ന വാക്കുകളാണ് അവൻ വിളിച്ചു പറയുന്നത്: ഇത്രയൊക്കെ പഠിപ്പിച്ചിട്ടും, പ്രസംഗിച്ചിട്ടും ചെയ്തിട്ടും ഇവർക്ക് എന്തേ മനസ്സിലാകാത്തത്. സമരിയാക്കാരിയോട് നടത്തിയ സംഭാഷണത്തിനു ശേഷം ശിഷ്യർ തന്നെ, ഭക്ഷിക്കാൻ ക്ഷണിച്ചപ്പോൾ താൻ പറഞ്ഞ വാക്കുകൾ ഓർമ്മ വന്നു. "നിങ്ങൾക്കറിയാത്ത ഒരു ഭക്ഷണം എനിക്കുണ്ട്.... എന്നെ അയച്ചവന്റെ ഇഷ്ടം പ്രവർത്തിക്കുകയും അവന്റെ ജോലി പൂർത്തിയാക്കുകയുമാണ് എന്റെ ഭക്ഷണം..."

യേശുവിന്റെ കണ്ണുകൾ ചുറ്റുമുയർന്നു. വഴിയരികിൽ നിൽക്കുന്ന കഴുതയെ കണ്ടു. യേശു കഴുതപ്പുറത്തിരുന്നു. സാവധാനം ജനമധ്യത്തിലൂടെ നഗരത്തിലേക്ക് പ്രവേശിച്ചു.

ഒരു തിരുത്തൽ പ്രദക്ഷിണം. അവർ പ്രതീക്ഷിക്കുന്ന രാജാവല്ല, താൻ. അവർ കാത്തിരിക്കുന്ന സിംഹാസനസ്ഥനായ ചക്രവർത്തിയല്ല താൻ... എളിമയുള്ള, വിനീതഹൃദയനായ മിശിഹാ. മരിച്ച് രക്ഷിക്കുന്ന മിശിഹാ.... അഴിഞ്ഞ് ഇല്ലാതായി ജീവൻ മുളപ്പിക്കുന്ന മിശിഹാ... കൊഴിഞ്ഞ് മണ്ണിൽ വീണ് മണ്ണോടു ചേർന്ന് വളമായി തളിരിലകൾ വളർച്ചയ്ക്കുള്ള ഊർജ്ജമാക്കുന്ന മിശിഹാ...

യേശു മുന്നിലേക്ക് നോക്കി... കാൽവരിയും കുരിശും മുന്നിൽ കണ്ടു. അവർ ഉള്ളിൽ പറഞ്ഞു..." എല്ലാം പൂർത്തിയായി... രക്തവും ജലവും ഒഴുകാൻ സമയമായി.... പിളർക്കപ്പെട്ട വിലാവിൽനിന്ന്..."

**ദാവീദിന്റെ പുത്രന്**
**ഓശാനാ!**

---

**ചിന്താകവിത; കവിതാ ചിന്ത**

### *ഒരു നേരിയ തലചുറ്റൽ*

കാറ്റിക്കിസം ക്ലാസ്സിൽ
നല്ല സമരിയാക്കാരന്റെ
ഉപമ നാടകമായി അവതരിപ്പിക്കു
കയായിരുന്നു കൊച്ചച്ചൻ.
കൊള്ളക്കാർ വഴിയാത്രക്കാരന
കഠോരമായി മർദ്ദിച്ചവശനാക്കി
പണമെല്ലാം അപഹരിച്ച ശേഷം
അയാളെ വഴിയോരത്ത്
ഉപേക്ഷിച്ചിട്ട് കടന്നുകളഞ്ഞു.
അയാളങ്ങനെ ചോരയെല്ലാം
വാർന്ന് മരണാസന്നനായി
കിടക്കവേ ഒരു പുരോഹിതൻ
അതിലെ കടന്നുവന്നു.
ഒന്ന് തിരിഞ്ഞുപോലും
നോക്കാതെ പുള്ളിക്കാരൻ
സ്ഥലം വിട്ടു. പിന്നെ കടന്നുവന്ന
ലേവായനും അതുപോലെ
തടിയൂരി. തുടർന്നുവന്നത്
ഒരു സമരിയാക്കാരൻ;
ഒരു പുറംജാതിക്കാരൻ.
പക്ഷേ, അയാൾ വഴിയോരത്ത്
അവശനായി കിടക്കുന്നയാളെ
ശുശ്രൂഷിച്ചു സുഖപ്പെടുത്താൻ
സത്രത്തിൽ കൊണ്ടുചെന്നാക്കി.
ഇയാളാണു നല്ല അയൽക്കാരൻ.

അത്യന്തം സ്തോഭകാരിയായ
നാടകം പോലെയാണ്
കലാകാരൻകൂടിയായ
കൊച്ചച്ചൻ എല്ലാം അവതരിപ്പി
ച്ചത്. വികാരവിക്ഷുബ്ധരായ
കുട്ടിക്കുഞ്ഞാടുകൾ മരപ്പാവകൾ
കണക്കെ ഇരുന്നുപോയി.
ഈ തക്കംനോക്കി കൊച്ചച്ചൻ
കുട്ടികളുടെ ചങ്കുതുളയ്ക്കുന്ന
ഒരു കൂരമ്പ് എയ്യുകയുണ്ടായി:
ചോരയിൽ കുളിച്ചു
കുതിർന്നു കിടക്കുന്ന
ഇയാളെ നിങ്ങളാണു
കണ്ടതെങ്കിൽ
എന്തു ചെയ്യുമായിരുന്നു?

നിരുദ്ധകണ്ഠയായി
മേരിക്കുഞ്ഞു പറഞ്ഞു:
ഞാനാണെങ്കി, കാലാപ്രയിട്ട്
ഓടിക്കളഞ്ഞേനേ, അച്ചാ,
എനിക്കീ പച്ചച്ചോരകണ്ടാ,
അപ്പോ തല ചുറ്റും!
എന്നാറേ,
കൊച്ചച്ചന്
നേരിയ ഒരു തലചുറ്റലുണ്ടായി.

ഷെവ. ഡോ. പ്രീമൂസ് പെരിഞ്ചേരി

# പെസഹാ ഒരുക്കുന്നവൻ



റവ. ഡോ. ആന്റണി സിജൻ

യഹോവയെ ഭയപ്പെടാത്ത, അനുസരിക്കാത്ത കുടുംബങ്ങളിലേക്ക് വിനാശത്തിന്റെ ദൂതൻ പറന്നെത്തി. ഒരുവന്റെ മനസ്സിന്റെ കാഠിന്യവും ഒരു രാജ്യത്തിന്റെ മേൽ ശിക്ഷയായി മാറി: ''ഇസ്രായേൽ എന്റെ പുത്രനാണ്, എന്റെ ആദ്യജാതൻ. എന്നെ ആരാധിക്കാൻ വേണ്ടി എന്റെ പുത്രനെ വിട്ടയക്കുക. നീ അവനെ വിട്ടയക്കുന്നില്ലെങ്കിൽ നിന്റെ പുത്രനെ, നിന്റെ ആദ്യജാതനെത്തന്നെ ഞാൻ വധിക്കും'' (പുറപ്പാട് 4, 22 –23). ആദ്യജാതനിലൂടെ കൈമാറ്റം ചെയ്യപ്പെട്ടിരുന്ന പാരമ്പര്യത്തിന് ഒരു വലിയ ഭീഷണിയായി മാറി കർത്താവിന്റെ ഈ ശപഥം. ഈജിപ്തിലായിരുന്ന ഇസ്രായേൽ കുടുംബങ്ങളും ഈ ശാപത്തിന്റെ നിഴലിലായി, പക്ഷേ കട്ടിളപ്പടികളിൽ തുടിക്കപ്പെട്ട കുഞ്ഞാടിന്റെ രക്തം ഇസ്രായേലിന്റെ രക്ഷയായി മാറി. ഇതായിരുന്നു ആദ്യ പെസഹ: ''കട്ടിളയിലുള്ള കുഞ്ഞാടിന്റെ രക്തം നിങ്ങൾ ആ വീട്ടിൽ താമസിക്കുന്നുവെന്നതിന്റെ അടയാളമായിരിക്കും. അതുകാണുമ്പോൾ ഞാൻ നിങ്ങളെ കടന്നുപോകും'' (പുറപ്പാട് 12,13). കുഞ്ഞാടിന്റെ രക്തം ഇസ്രായേൽ വംശത്തെ ശാപ



ത്തിൽനിന്ന് ഒഴിവാക്കി.

ഇസ്രായേൽ ജനത്തെ രക്ഷയുടെ ആ പെസഹാരാത്രിയിലേക്ക് ഒരുക്കിയത് വിവിധ മാർഗ്ഗങ്ങളിലൂടെ ആയിരുന്നു:

''ഓരോ ആട്ടിൻകുട്ടിയെ കരുതി വയ്ക്കണം''
(പുറപ്പാട് 12,3)

നാലുദിവസം കരുതലോടെ സൂക്ഷിക്കുന്ന ആട്ടിൻകുട്ടി യോഗ്യതയോടെ തെരഞ്ഞെടുക്കപ്പെടണമെന്നത് കർത്താവിന്റെ കല്പനയാണ്. യേശുക്രിസ്തു ലോകരക്ഷയ്ക്കായി കരുതിവയ്ക്കപ്പെട്ട കുഞ്ഞാടായിരുന്നു:
1 പത്രോസ് 1, 19–20. ''കറയോ കളങ്കമോ ഇല്ലാത്ത കുഞ്ഞാടിന്റേതുപോലുള്ള ക്രിസ്തുവിന്റെ അമൂല്യ രക്തംകൊണ്ടത്രേ. അവനാകട്ടെ, ലോകസ്ഥാപനത്തിനു മുമ്പ് തന്നെ നിയോഗിക്കപ്പെട്ടിരുന്നവനാണ്.''

''ഊനമറ്റ കുഞ്ഞാടായിരിക്കണം'' (പുറപ്പാട് 12,5)

ഊനമറ്റ, യാതൊരുവിധ തിന്മയും ഏശാത്ത കുഞ്ഞാടായിരുന്നു. അവിടുത്തെ വിചാരണ നടത്തിയ പീലാത്തോസ് പോലും യാതൊരു തിന്മയും യേശുവിൽ കാണുന്നില്ല. '' ഈ നീതിമാന്റെ രക്തത്തിൽ എനിക്കു പങ്കില്ല'' (മത്തായി 27,24). ''ഒരിക്കലും പാപം ചെയ്തിട്ടില്ലെങ്കിലും എല്ലാ കാര്യങ്ങളിലും നമ്മെപ്പോലെതന്നെ പരീക്ഷിക്കപ്പെട്ടവനാണ് അവൻ'' (ഹെബ്രായർ 4,15).

' പുളിപ്പില്ലാത്ത അപ്പവും കയ്പുള്ള ഇലകളും കൂട്ടി അന്ന് രാത്രി ഭക്ഷിക്കണം''

പുളിപ്പിന് ഹീബ്രുഭാഷയിലെ വാക്ക് കോമെറ്റ്സ് (chomeyz) എന്നാണ്; കയ്പുള്ളതോ പുളിപ്പിക്കുന്നതോ ആയ ഒന്ന് എന്നർത്ഥം. പാപമാണ് ഒരു മനുഷ്യന്റെ ജീവിതത്തെ ദുഃഖപൂർണ്ണവും കയ്പുള്ളതും ആക്കി മാറ്റുന്നത്. പൗലോസ് അപ്പസ്തോലന്റെ ഭാഷയിൽ ''അശുദ്ധിയും തിന്മയുമാണ് പുളിപ്പ്'' (1 കോറിന്തോസ് 5, 6–8). പുളിപ്പില്ലാത്ത അപ്പം വി. പൗലോസിന്റെ ഭാഷയിൽ ജീവിതത്തിന്റെ പൂർണ്ണതയെ ചൂണ്ടിക്കാണിക്കുന്നു. പുളിപ്പില്ലാത്ത അപ്പം ഇസ്രായേൽ ജനത്തിന്റെ പഴയജീവിതക്രമത്തിൽ നിന്നുള്ള മോചനത്തിന്റെ അടയാളും കൂടിയാണ്. യേശുവിന്റെ പെസഹഭക്ഷണത്തിൽ പങ്കുചേരുന്നവരും യേശുവിന്റെ പൂർണ്ണതയിലും തിന്മയില്ലാത്ത ജീവിതത്തിലും പങ്കുചേരുന്നു.

' രക്തം ഹിസ്സോപ്പു കമ്പു മുക്കി രണ്ടു കട്ടിളക്കാലുകളിലും മേൽപ്പടിയിലും തളിക്കുവിൻ.''

ദൈവത്തെ ഭയപ്പെടുന്നവരുടെമേൽ അവരുടെ രക്ഷയ്ക്കായി അടയാളം പതിക്കപ്പെടുന്നത് വചനത്തിൽ സർവ്വസാധാരണമാണ് (ഉല്പത്തി 4, 15; എസെക്കിയേൽ 9,4 –6; വെളിപാട് 7,2–3;9,4) ഇസ്രായേൽ ജനത രക്തം തളിച്ച വാതിലിലൂടെ കടന്ന് കാനാൻദേശത്തേക്ക് യാത്ര പുറപ്പെട്ടപോലെ കുരിശിൽ രക്തം ചിന്തിയ യേശുക്രിസ്തുവിലൂടെ (യോഹന്നാൻ 10,9) പുതിയ ഇസ്രായേൽ ആയ സഭ രക്ഷയുടെ മേച്ചിൽ സ്ഥലങ്ങളിലേക്ക് ആനയിക്കപ്പെടുന്നു.

# ഒരു രാജാവിന്റെ ആത്മബലി





റവ. ഡോ. സ്റ്റാൻലി
മാതിരപ്പിള്ളി

ദൈവപുത്രനായ യേശുക്രിസ്തുവിന്റെ സുവിശേഷത്തിലെ ആരംഭം എന്നുപറഞ്ഞ് ആരംഭിക്കുന്ന മർക്കോസിന്റെ സുവിശേഷത്തിന്റെ ഉച്ചകോടി കാൽവരിയിൽ ശതാധിപൻ നടത്തുന്നത് ഒരു പ്രഖ്യാപനത്തിലാണ്: അവന് അഭിമുഖമായി നിന്നിരുന്ന ശതാധിപൻ, അവൻ ഇപ്രകാരം മരിച്ചതുകണ്ട് പറഞ്ഞു: 'സത്യമായും ഈ മനുഷ്യൻ ദൈവപുത്രനായിരുന്നു' (മർക്കോ 15:39). യേശുവിന്റെ ദൈവപുത്രത്വത്തിന്റെ സജീവവും സനാതനവുമായ വാക്യമാണ് കുരിശുമരണം.

കുരിശുമരണം നിസ്സഹായതയുടെയോ ബലഹീനതയുടെയോ അടയാളമല്ല. യേശുവിന്റെ ആത്മസമർപ്പണത്തിന്റെ ഈ ബലി ഒരു രാജകീയ സമർപ്പണമായിരുന്നു. ഒരു രാജകീയ സങ്കീർത്തനമായ 22-ാം സങ്കീർത്തനം ആലപിച്ചാണ് യേശു മരിക്കുന്നത്. തന്റെ പ്രജകളുടെ പാപങ്ങൾക്ക് അവരെ ശിക്ഷിക്കാതിരിക്കാൻ ആ പാപഭാരം മുഴുവൻ സ്വന്തം ചുമലിലേറ്റി അതിനു പരിഹാരം ചെയ്യുന്ന രാജാവിന്റെ സങ്കീർത്തനമാണ്. യേശുവിന്റെ കുരിശിലെ മരണം ഒരു രാജാവിന്റെ ആത്മസമർപ്പണത്തിന്റെ ബലിയാണ്.

## കുരിശിൽ പൂർണമാകുന്ന പുതിയ ഉടമ്പടി

'ഉടമ്പടി' എന്നത് ദൈവശാസ്ത്രപരമായി ഏറെ ആഴവും വ്യാപ്തിയുമുള്ള ഒരു പദമാണ്. ദൈവവുമായി മാത്രമാണ് നമുക്ക് ഉടമ്പടി സ്ഥാപിക്കാനാവുക. കാരണം ഉടമ്പടിബന്ധത്തിലെ ഒരു പാർട്നർ എപ്പോഴും ദൈവമാണ്.

ആദിപാപത്തിന്റെ ഫലമായുണ്ടായ നിത്യനാശത്തിൽ നിന്നും മനുഷ്യകുലത്തെയും സൃഷ്ടി മുഴുവനെയും മോചിപ്പിക്കാൻ ദൈവം ഒരുക്കിയ രക്ഷാകര പദ്ധതിയുടെ ഭാഗമാണ് ഉടമ്പടികളുടെ സ്ഥാപനം. ആദിപാപത്തിനു കളമൊരുക്കി പിശാചിനെ ശപിച്ചുകൊണ്ട് ദൈവം പ്രഖ്യാപിച്ച പ്രഥമ സുവിശേഷമാണ് (Proto-evangelion) അതിന് നാന്ദികുറിച്ചത് (ഉല്പ. 3:15). പിശാചിന്റെ തലതകർക്കുന്ന പുത്രനെയും അതിനു കളമൊരുക്കുന്ന സ്ത്രീയെയും കുറിച്ച് ദൈവം അറിയിച്ച ഈ പദ്ധതി യേശുക്രിസ്തുവിന്റെ കുരിശുമരണത്തിലും ഉയിർപ്പിലും പൂർത്തിയാകുമ്പോൾ, അതിലേക്ക് വഴിയൊരുക്കാൻ കാലാകാലങ്ങളിൽ ദൈവം മറ്റ് ചില ഉടമ്പടികൾകൂടി സ്ഥാപിക്കുകയുണ്ടായി. നോഹയുമായും (ഉല്പ 9) അബ്രാഹവുമായും (ഉല്പ 12) ഇസ്രായേലുമായും

(പുറ 19) ദാവീദുമായും (2 സാമു 7:12-14) ദൈവം ഉടമ്പടികൾ സ്ഥാപിച്ചു. ഈ ഉടമ്പടികളെല്ലാം വിരൽചൂണ്ടുന്നത് യേശുക്രിസ്തുവിലേക്കാണ്. കാരണം യേശുക്രിസ്തുവാണ് പിശാചിന്റെ തലതകർക്കുന്ന വിമോചകൻ; അത് പൂർത്തീകരിക്കപ്പെട്ടതാകട്ടെ, കുരിശുമരണത്തിലും.

യേശുവിൽ സ്ഥാപിതമാകുന്ന ഈ പുതിയ ഉടമ്പടിയെക്കുറിച്ചും പഴയനിയമഗ്രന്ഥങ്ങളിൽ ധാരാളം പരാമർശങ്ങളുണ്ടെങ്കിലും അതിന്റെ സ്വഭാവ സവിശേഷകളെക്കുറിച്ചു പറയുന്നത് ജറെമിയാ പ്രവാചകനാണ് (ജറെ 31).

വിമോചകനായ യേശുക്രിസ്തുവും അവിടുന്ന് സ്ഥാപിക്കുന്ന പുതിയ ഉടമ്പടിയും ബൈബിളിന്റെ മുഴുവൻ ഉള്ളടക്കമായതിനാൽ ഉല്പത്തി മുതൽ വെളിപാടുവരെയുള്ള ബൈബിളിലെ 73 പുസ്തകങ്ങൾ ക്രിസ്തുകേന്ദ്രീകൃതവും പുതിയ ഉടമ്പടി കേന്ദ്രീകൃതവുമാണെന്നു പറയാം. ബൈബിളിലെ ഏതൊരു പുസ്തകത്തിലും പറയുന്ന കാര്യങ്ങൾ വിമോചകനായ ക്രിസ്തുവിനെ കേന്ദ്രീകരിച്ചു മാത്രമേ വ്യാഖ്യാനിക്കാൻ കഴിയുകയുള്ളൂ. കാരണം എല്ലാ നിയമങ്ങളും പ്രവചനങ്ങളും വിജ്ഞാനങ്ങളും ചെന്നെത്തി നില്ക്കുന്നതും പൂർണമാകുന്നതും ക്രിസ്തുവിലാണ്. കുരിശുമരണവും ഉത്ഥാനവുമാണ് അതിന്റെ ക്ലൈമാക്സ്.

യേശുവിനെ ഒരു അത്ഭുതപ്രവർത്തകനായോ സൗഖ്യദായകനായോ മാത്രം നോക്കിക്കാണുകയും പ്രഘോഷിക്കുകയും ചെയ്യുന്നത് മൗഢ്യമാണ്. കാരണം, യേശുക്രിസ്തു എല്ലാത്തിനുമുപരിയായി സമഗ്രവിമോചകനാണ്; അത് സാധ്യമാക്കിയത് കുരിശിലും.

സഹനവും കുരിശും ഒഴിവാക്കിക്കൊണ്ട് ക്രിസ്തുവിനെ അവതരിപ്പിക്കുന്ന പ്രഘോഷണങ്ങളൊന്നും സുവിശേഷമല്ല. സൗഖ്യദായകനായ യേശുവിനെ മാത്രം അവതരിപ്പിക്കുന്നതോ അന്വേഷിക്കുകയോ ചെയ്യുന്നതും ശരിയല്ല. സഹനവും കുരിശും ഒഴിവാക്കിക്കൊണ്ട് ഒരാളും യേശുവിനെ കണ്ടെത്തുകയുമില്ല: 'എന്റെ പിന്നാലെ വരാൻ ആഗ്രഹിക്കുന്നവർ തന്നെത്തന്നെ പരിത്യജിച്ച് എന്റെ പിന്നാലെ വരട്ടെ' എന്നതാണല്ലോ യേശുവിന്റെ ആഹ്വാനം.

**ബലികളുടെ പൂർണതയാണ് കുരിശിലെ ബലി**

ഗത്സെമൻ തോട്ടത്തിൽനിന്ന് കയ്യാഫാസിന്റെ കൊട്ടാരത്തിലേക്ക് യേശുവിനെ കൊണ്ടുപോകുന്നത് കെദ്രോൻ താഴ്‌വരയിലൂടെയാണ്. സിയോൻ പർവതത്തിന്റെയും ഒലിവുമലയുടെയും ഇടയ്ക്ക് നിലകൊള്ളുന്ന കെദ്രോൻ താഴ്‌വാരത്തിലൂടെയാണ് ജറുസലെം ദേവാലയത്തിലെ അർപ്പിക്കപ്പെടുന്ന ബലിമൃഗങ്ങളുടെ രക്തം ഒഴുകുന്നത്. ദേവാലയത്തിന്റെ അജകവാടത്തിന്റെ അരികിലൂടെ ഒരു ചാലിലൂടെ ഒഴുകുന്ന ബലിരക്തം കെദ്രോണിലൂടെ കടന്നു പോകുന്നു. യേശുവിനെ റോമൻപടയാളികൾ ബന്ധിച്ച് രക്തമൊഴുകുന്ന ഈ ചാലിലൂടെ വലിച്ചിഴക്കപ്പെടുമ്പോൾ യേശുവിന്റെ രക്തവും അതിൽ അലിഞ്ഞുചേരുന്നു. മനുഷ്യരുടെ പാപങ്ങൾ പോക്കാൻ ഇനി ഒരു ബലിമൃഗത്തിന്റെയും ആവശ്യമില്ലെന്നും എല്ലാ ബലികളും ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന യേശുക്രിസ്തുവിൽ പൂർണമാകുന്നുവെന്നും ഇവിടെ പ്രഖ്യാപിക്കപ്പെടുന്നു. യേശുവാണ് പുതിയ ദേവാലയവും പുതിയ ബലിയും പുതിയ ബലിമൃഗവും.

**അനേകർക്കുള്ള മോചനദ്രവ്യം**

'മനുഷ്യപുത്രൻ വന്നിരിക്കുന്നത് ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാനും സ്വന്തം ജീവൻ അനേകർക്കുവേണ്ടി മോചനദ്രവ്യമായി നല്കാനുമത്രേ' (മർക്കോ 10:45). മോചനദ്രവ്യം നല്കേണ്ടത് ബന്ധനത്തിലോ അടിമത്തത്തിലോ കഴിയുന്നവർക്കാണ്. മനുഷ്യകുലവും പ്രപഞ്ചവും പാപത്തിന്റെ അടിമത്തത്തിലായപ്പോൾ വിമോചകനായ യേശുവിന്റെ രക്തവും ജീവനുമാണ് മോചനദ്രവ്യമായി പിതാവായ ദൈവം നല്കുന്നത്: 'എന്തെന്നാൽ അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി തന്റെ ഏകജാതനെ നല്കാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു' (യോഹ 3:16). ആയതിനാൽ യേശുവിന്റെ രക്തത്തിന്റെ വിലയാണ് ഓരോ മനുഷ്യന്റെയും വിമോചനത്തിനുള്ളത്. ഈ ഭൂമിയിൽ ആരും വിലകുറഞ്ഞവരല്ലെന്നും യേശുവിന്റെ രക്തത്തിന്റെ വിലയാണ് ഓരോരുത്തർക്കുമുള്ളതെന്നും കുരിശിലെ രക്തം നമ്മെ പഠിപ്പിക്കുന്നു.

യേശു കുരിശിൽ മരിക്കുമ്പോൾ സൂര്യൻ ഇരുളുകയും ഭൂമിയിലെങ്ങും അന്ധകാരം നിറയുകയും ചെയ്യുന്നു. ലോകത്തിന്റെ പ്രകാശമായ ക്രിസ്തു (യോഹ 8:12) കുരിശിൽ അസ്തമിച്ചപ്പോൾ ലോകംതന്നെ ഇരുട്ടിലായി. ക്രിസ്തുവില്ലാത്ത ലോകവും ക്രിസ്തുവില്ലാത്ത മനുഷ്യജീവിതവും ഇരുട്ടിലാണ് എന്നതാണ് യാഥാർത്ഥ്യം.

യേശുക്രിസ്തു കുരിശിൽ മരിക്കുമ്പോൾ ദേവാലയത്തിലെ തിരശ്ശീല നെടുകെ കീറിപ്പോകുന്നതായി സുവിശേഷങ്ങളിൽ നാം വായിക്കുന്നു (മർക്കോ 15: 38; മത്താ 27:51). ജറൂസലം ദേവാലയത്തിലെ അതിവിശുദ്ധ മന്ദിരത്തിന്റെ മുൻവശമിട്ടിരിക്കുന്ന ഈ തിരശ്ശീല ഒരു പ്രതീകമാണ്. സോളമൻ രാജാവ് ജറൂസലം ദേവാലയം പണിതപ്പോഴാണ് ഈ തിരശ്ശീല ആദ്യമായി കാണുന്നത്. 60 അടി നീളവും 30 അടി വീതിയും 10 ഇഞ്ച് കനവുമുള്ള ഈ തിരശ്ശീല ദൈവത്തിന്റെ പരിശുദ്ധിയെ ഓർമ്മപ്പെടുത്തുന്ന പ്രതീകമാണ്. പരിശുദ്ധനായ ദൈവത്തിന്റെ മുൻപിൽ പാപിയായ മനുഷ്യന്റെ നിഴൽപോലും വീഴാതിരിക്കാനാണ് ഇത്ര കനവും വലിപ്പവുമുള്ള തിരശ്ശീല. യേശു കുരിശിൽ മരിക്കുമ്പോൾ ഈ തിരശീല മുകളിൽ നിന്നു താഴേക്ക് കീറിപ്പോകുന്നു. അത് കീറിയത് മനുഷ്യനല്ല എന്നത് സത്യം. അതായത്, യേശുവിന്റെ മരണത്തോടെ ദൈവമനുഷ്യബന്ധത്തിന്റെ മറനീക്കപ്പെടുന്നു എന്നാണർത്ഥം. യേശുവിന്റെ കുരിശുമരണം സാധ്യമാക്കിയത്, ദൈവസന്നിധിയിലേക്ക് ഏതൊരു പാപിയായ മനുഷ്യനും 'പിതാവേ' എന്നു വിളിച്ച് കടന്നുചെല്ലാനുള്ള സ്വാതന്ത്ര്യമാണ്.

# ഉത്ഥാനം നൽകുന്ന പ്രത്യാശ



**റവ. ഫാ. സ്റ്റീഫൻ ആലത്തറ**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ,
സി.സി.ബി.ഐ.

*"ജീവിച്ചിരിക്കുന്നവനെ നിങ്ങൾ മരിച്ചവരുടെ ഇടയിൽ അന്വേഷിക്കുന്നത് എന്തിന്? അവൻ ഇവിടെയില്ല! ഉയിർപ്പിക്കപ്പെട്ടു"* *(ലൂക്കാ 24:5)*

*യേശുവിന്റെ ഉത്ഥാനമാണ് ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാനം. ക്രിസ്തുമതം നിലകൊള്ളുന്നത് ഉത്ഥാനമെന്ന പരമസത്യമായ അടിസ്ഥാനത്തിലാണ്. കുരിശിൽ തറയ്ക്കപ്പെട്ട നസ്രായനായ യേശു മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേറ്റു എന്ന സന്ദേശത്തോടെയാണ് ക്രിസ്തുമതം ആരംഭിച്ചത് (നടപടി 2, 22-24; 1 കൊറി 15, 3-5). രക്ഷാകര സംഭവത്തിന്റെ പൂർത്തീകരണമാണ് യേശുവിന്റെ പുനരുത്ഥാനം. മാനവരാശിക്ക് ഏറ്റവും പ്രത്യാശ പകരുന്ന ഒരു ചരിത്രസംഭവമാണ് ഉത്ഥാനം. യേശുവിന്റെ ഉയിർപ്പിൽ വിശ്വസിക്കാൻ കഴിയുക ദൈവകൃപയുടെ ഫലമാണ്.*

**ശൂന്യമായ കല്ലറ**

യേശു ഉയിർത്തെഴുന്നേറ്റു എന്നതിന്റെ ഒരു തെളിവ് ഒഴിഞ്ഞ കല്ലറയാണ് (മർക്കോ 16,1-8; യോഹ 20,1-2). ഒഴിഞ്ഞ കല്ലറ പ്രത്യാശയുടെ പ്രതീകമാണ്. അത് വാഗ്ദാനം ചെയ്യപ്പെട്ട നിത്യതയുടെ ഓർമ്മിപ്പിക്കൽ കൂടിയാണ്. കല്ലറ ശൂന്യമായി കാണപ്പെട്ടത് ഒരടയാളമായി അപ്പോസ്തൻമാർ പരിഗണിച്ചു. ശൂന്യമായ കല്ലറയെപ്പറ്റി സാക്ഷ്യം നല്കുന്നത് സ്ത്രീകളാണ് എന്നതും ശ്രദ്ധേയമാണ്. ഈശോയുടെ പുനരുത്ഥാനത്തിലുള്ള നമ്മുടെ വിശ്വാസം ശൂന്യമായ ശവകുടീരത്തിൽനിന്ന് ആരംഭിക്കണം. ശൂന്യമായ കല്ലറയാണ് നമ്മെ വിശ്വാസത്തിലേക്ക് കൊണ്ടുവരുന്നത്. യേശു ജീവിച്ചിരിക്കുന്നു, അവൻ ഉയിർത്തെഴുന്നേറ്റു. ഉയിർത്തെഴുന്നേറ്റ കർത്താവ് നമ്മുടെ അടുക്കൽ വരുമ്പോൾ മാത്രമേ ശൂന്യമായ ശവകുടീരത്തിന്റെ അർത്ഥത്തിലുള്ള നമ്മുടെ സ്വന്തം വിശ്വാസം നിരന്തരം വളരുകയുള്ളൂ.

"പത്രോസ് എഴുന്നേറ്റ് കല്ലറയിങ്കലേക്ക് ഓടി; കുനിഞ്ഞ് അകത്തേക്കു നോക്കിയപ്പോൾ അവനെ പൊതിഞ്ഞിരുന്ന തുണികൾ തനിയേ കിടക്കുന്നതു കണ്ടു. സംഭവിച്ചതിനെപ്പറ്റി വിസ്മയിച്ചുകൊണ്ട് അവൻ തിരിച്ചുപോയി." (ലൂക്കാ 24:12) മഗ്ദലേന മറിയം, യേശു സ്നേഹിച്ച ശിഷ്യൻ, പത്രോസ് എന്നിവർ കല്ലറയിൽ എത്തി. അവിടെ അവരെ കാത്തിരുന്നത് ചെറിയൊരു അടയാളമാണ്. അവന്റെ ശരീരം പൊതിഞ്ഞ കച്ചയും ചുരുട്ടിവച്ചിരിക്കുന്ന തൂവാലയും. ആരെങ്കിലും അവന്റെ ശരീരം എടുത്തുകൊണ്ടു പോയിരുന്നെങ്കിൽ ഇങ്ങനെ ആ കച്ചയും തൂവാലയും അവിടെ ഉപേക്ഷിക്കില്ലായിരുന്നു. അങ്ങനെയെങ്കിൽ മര



ണത്തിന്റെ കച്ചയിൽനിന്നും യേശുവിന്റെ സുന്ദരമായ ശരീരത്തെ മോചിപ്പിച്ചിരിക്കുന്നത് മറ്റാരോ ആണ്. ക്രിസ്തുവിന്റെ കല്ലറ മാത്രമാണ് ലോകത്തിലെ ശൂന്യമായ കല്ലറ. കാരണം അവിടുന്നു മാത്രമാണ് മരണത്തെ പരാജയപ്പെടുത്തിക്കൊണ്ട് ഉത്ഥാനം ചെയ്തത്.

### യേശുവിന്റെ പ്രത്യക്ഷപ്പെടലുകൾ

.

ഉത്ഥിതനായ യേശുവുമായുള്ള കണ്ടുമുട്ടലുകളാണ് ഉത്ഥാനത്തിൽ വിശ്വസിക്കാൻ അപ്പസ്തോലന്മാർക്ക് കാരണമായി ത്തീർന്നത്. ഉത്ഥാനം ചെയ്ത യേശു പല വ്യക്തികൾക്കും സമൂഹങ്ങൾക്കും കാണപ്പെട്ടു (1 കൊറി 15,5-8; ലൂക്കാ 24:34; മർക്കോ 16,7;

നടപടി 13:30; യോഹ 20: 11-18). യേശു പ്രത്യക്ഷപ്പെടുന്നതാകട്ടെ തികച്ചും സ്വാഭാവികമായ രീതിയിലാണ്. ഉത്ഥിതനായ യേശുവിനെ കണ്ടുമുട്ടിയപ്പോൾ അപ്പസ്തോലന്മാർക്കുണ്ടായ അനുഭവം അനന്യമാണ്. കല്ലറയിൽ അടക്കം ചെയ്യപ്പെട്ട യേശുവിനെ തേടിയെത്തുന്ന സ്ത്രീകളാകട്ടെ, യേശുവിന്റെ ശിഷ്യന്മാരാകട്ടെ, അവരുടെ ജീവിതത്തിലൂടെ നമ്മോട് പറഞ്ഞുതരുന്ന പ്രധാനപ്പെട്ട ഒരു കാര്യം, ദൈവിക



വാഗ്ദാനങ്ങൾ നിറവേറ്റപ്പെടുമെന്നതാണ്.

ക്രിസ്തുവിന്റെ ഉത്ഥാനം സത്യമാണ് എന്നതിന്റെ മറ്റൊരു തെളിവ് അവിടുത്തെ ശിഷ്യന്മാരാണ്. തങ്ങളുടെ ഗുരുവിനെ കുരിശിൽ തറച്ച് കൊന്നവരെ പേടിച്ച് വിറച്ചിരുന്ന പത്രോസെന്ന അക്ഷരാഭ്യാസമില്ലാത്ത മുക്കുവനും കൂട്ടുകാരും ഒരു സുപ്രഭാതത്തിൽ ജനസഹസ്രങ്ങളുടെ മുമ്പിൽ ധൈര്യപൂർവ്വം നെഞ്ചും വിരിച്ച് നിന്ന് യേശുവിന്റെ ഉത്ഥാനത്തെപ്പറ്റി പ്രസംഗിച്ചെങ്കിൽ അതിനവരെ ശക്തരാക്കിയത് യേശു ഉയിർത്തെഴുന്നേറ്റു എന്ന സത്യം തന്നെയാണ്.

ഉയിർത്തെഴുന്നേറ്റ കർത്താവിനെ ദർശിച്ചവരായ പത്രോസും പൗലോസും മറ്റ് അപ്പസ്തോലന്മാരും ഒരു പ്രത്യേക ദൗത്യവാഹകരായി തീരുകയാണ്. ദൈവം യേശുവിനെ മരിച്ചവരിൽനിന്നും ഉയിർപ്പിച്ചു എന്ന് വി. പൗലോസ് ആഥൻസുകാരോട് പ്രസംഗിക്കുമ്പോൾ അവരുടെ പ്രതികരണം എന്തായിരുന്നുവെന്ന് നോക്കുക: "ചിലർ അവനെ പരിഹസിച്ചു. എന്നാൽ ചിലർ പറഞ്ഞു: ഇവയെക്കുറിച്ച് നിന്നിൽനിന്ന് ഞങ്ങൾ പിന്നീടൊരിക്കൽ കേട്ടുകൊള്ളാം." (നടപടി 17,32).


**ഉത്ഥാനത്തിലുള്ള വിശ്വാസം**

പുനരുത്ഥാനത്തിലുള്ള തങ്ങളുടെ വിശ്വാസം അടിസ്ഥാനരഹിതമാണെങ്കിൽ ലോകത്തിൽവച്ച് ഏറ്റവും നിർഭാഗ്യരായ മനുഷ്യർ തങ്ങളാണെന്ന് അപ്പസ്തോലന്മാർക്ക് അറിയാമായിരുന്നു (1 കൊറി 15,19). മാത്രമല്ല, മറ്റു മനുഷ്യരിൽനിന്നും തങ്ങളെ വ്യത്യസ്തരാക്കുന്നതും യേശുവിന്റെ പുനരുത്ഥാനത്തിലുള്ള വിശ്വാസമാണെന്ന് അവർക്കു ബോദ്ധ്യമുണ്ടായിരുന്നു. യേശു മരിച്ചവരിൽനിന്നും ഉയിർത്തിട്ടില്ലെങ്കിൽ, പ്രത്യാശയില്ലാത്ത മറ്റു മനുഷ്യരുടേതിൽനിന്നും വ്യത്യസ്തമല്ല തങ്ങളുടെയും അവസ്ഥ (1 തെസ്സ 4,13).

അപ്പസ്തോലന്മാരുടെ വിശ്വാസത്തിന്റെ ആണിക്കല്ല് മിശിഹായുടെ പുനരുത്ഥാനമാണ്. നമ്മുടെയെല്ലാം ജീവിതത്തിന്റെ അർത്ഥവും ലക്ഷ്യവും ഈ പുനരുത്ഥാനം തന്നെ. അതായത്, ഏത് സങ്കടക്കടലിലും പ്രത്യാശയുടെ ഒരു മുനമ്പ് നിലനില്ക്കുന്നുവെന്ന് നമുക്ക് വിശ്വസിക്കാൻ സാധിക്കണം. ഏത് കഠിനവേദനയിലും പ്രതീക്ഷകളെല്ലാം അസ്തമിച്ച സന്ദർഭങ്ങളിലും ഒരു തിരിച്ചുവരവിന് സാധ്യതയുണ്ടെന്ന്. ഈ പ്രത്യാശയുടെ പുതുക്കലാണ് ഓരോ ഉയിർപ്പു തിരുനാളും.

ജീവന്റെ നാഥനും നീതിമാനുമായ ദൈവം നീതിയെപ്രതി പീഡയേറ്റു മരിക്കുന്നതുവരെ അവസാനദിവസം ഉയിർപ്പിക്കും (ദാനി 12, 1-4); ദൈവകല്പനകളെ ലംഘിക്കാതിരിക്കാൻവേണ്ടി മരണം വരിക്കുന്ന രക്തസാക്ഷികളെ അവിടുന്ന് പുനരുജ്ജീവിപ്പിക്കും (2 മക്ക 7). മരണത്തിലൂടെ ഉറ്റവരെ വേർപിരിയുമ്പോൾ ഇനി നിത്യതയിൽ കണ്ടുമുട്ടാമെന്ന ക്രിസ്തീയ വിശ്വാസത്തിന്റെ കാതൽ ഈ പുനരുത്ഥാനം തന്നെ. ക്രൂശിക്കപ്പെടുമ്പോൾ ഉത്ഥിതനിൽ പ്രതീക്ഷയർപ്പിക്കുക എന്ന മഹത്തായ സന്ദേശമാണ് ഈസ്റ്റർ നല്കുന്നത്. കല്ലറയ്ക്കുമപ്പുറം കാത്തിരിക്കുന്ന ജീവിതം മിഥ്യയല്ല എന്ന് അത് കാണിക്കുന്നു. ജീവിതത്തിന്റെ വേദനയിലും മരണത്തിന്റെ അർത്ഥമില്ലായ്മയിലും പ്രത്യാശ പകർന്നുതരുന്ന യാഥാർത്ഥ്യമാണ് യേശുവിന്റെ പുനരുത്ഥാനം.

ഈസ്റ്റർ സമാധാനത്തിന്റെ തിരുനാൾ കൂടിയാണ്. ഉയിർത്തെഴുന്നേറ്റ ഈശോയുടെ യഥാർത്ഥവും ശാശ്വതവുമായ സമാധാനം നമുക്ക് സമ്മാനിക്കപ്പെട്ട വലിയ ദിനമാണ് ഉയിർപ്പുദിനം. അതിരുകളില്ലാത്ത പിതാവിന്റെ സ്നേഹം പുത്രനിലൂടെ പുതുജീവനാകുന്ന അനുഭവമാണ് ഉയിർപ്പുതിരുനാളിൽ നാം കാണുന്നത്. ഉത്ഥിതൻ നൽകുന്ന പ്രത്യാശയിലും, സ്വർഗ്ഗത്തെക്കുറിച്ചുള്ള പ്രതീക്ഷകളിലും, യേശുവിന്റെ തിരിച്ചുവരവിനായുള്ള കാത്തിരിപ്പിലും, വിശ്വാസത്തിലും പ്രാർത്ഥനയിലും പങ്കുവയ്ക്കലിലും ഒരുമിച്ചായിരുന്നുകൊണ്ട്, ദൈവചിന്തയിൽ ജീവിക്കാൻ നമുക്ക് സാധിക്കട്ടെ. ഓരോ ഉയിർപ്പ് തിരുനാളും നമുക്ക് നൽകുന്നത്, ഈയൊരു സാക്ഷ്യത്തിനായുള്ള വിളിയാണ്



# ദുഃഖത്തിന്റെ പാനപാത്രം കർത്താവെന്റെ കൈയിൽ തന്നാൽ...

ഫാ. ആന്റണി റാഫേൽ
കൊമരംചാത്ത്

വർഷങ്ങളായി വളരെ അടുത്ത് പരിചയമുള്ള ഒരു കുടുംബമുണ്ട്. സാമ്പത്തികമായി വളരെ സുസ്ഥിരതയുള്ള കുടുംബം. ആത്മീയതയിൽ വളരെ ശ്രദ്ധിക്കുന്ന കുടുംബമാണ്. നിനച്ചിരി

ക്കാത്ത സമയത്താണ് തുടരെത്തുടരെ ഒത്തിരി അനർത്ഥങ്ങൾ തിരമാലപോലെ അവരുടെ കുടുംബത്തിലേക്ക് അടിച്ചു കയറിയത്. ആറ് വർഷത്തോളം കുട്ടികൾ ഉണ്ടായിരുന്നില്ല. ആറു വർഷത്തെ കാത്തിരിപ്പിനുശേഷം ഒരു കുഞ്ഞ് പിറന്നു. പിറന്ന കുഞ്ഞാവട്ടെ ശാരീരിക മാനസിക വെല്ലുവിളികളും വൈകല്യങ്ങളും ഉള്ള കുഞ്ഞ്. പക്ഷേ ആ കുഞ്ഞിനെ പൊൻകുഞ്ഞിനെപ്പോലെ അവർ സ്വീകരിച്ചു സംരക്ഷിച്ചു. തുടർന്നാണ് കുടുംബനാഥന് ഒരു അപകടം സംഭവിച്ചത്. അതിനെത്തുടർന്ന് കഴുത്തിന് താഴേക്ക് അയാൾ നിശ്ചലാവസ്ഥയിലായി. വൈദ്യശാസ്ത്രം വിധിയെഴുതി ഇതിനൊരു മാറ്റം അസാധ്യം. അതോടെ അവരുടെ സാമ്പത്തികനില തകർന്നു. പലരുടെയും സഹായത്തോടെ കുടുംബം ജീവിക്കുന്നു. പലപ്പോഴും വളരെ സങ്കടത്തോടെ ഈ കുടംബത്തെ സന്ദർശിക്കുവാൻ ചെല്ലുമ്പോൾ എനിക്ക് ലഭിച്ചിട്ടുള്ളത് പോസിറ്റീവ് എനർജിയാണ്. നിരാശയോടെ ഇവർ ഒരിക്കലും സംസാരിക്കാറില്ല. പ്രസരിപ്പോടെ സന്തോഷത്തോടെ ഇവർ എന്നെ സ്വീകരിക്കും. സുന്ദരമായ കാഴ്ച കിടക്കുന്ന തലയിണയ്ക്കരികിൽ ചേർത്തു വച്ചിരിക്കുന്ന ക്രൂശിതരൂപമാണ്. മറ്റൊന്ന് സഹധർമ്മിണിയുടെ നിരന്തരമായ പ്രാർത്ഥനയും ഒരിക്കൽ അവർ എന്നോട് പറഞ്ഞു: "അച്ചോ.... എന്റെ ഭർത്താവിനെ ഇങ്ങനെയെങ്കിലും എനിക്ക് ജീവനോടെ നൽകിയ ദൈവത്തിന് നന്ദി. ജീവനോടെ എന്റെകൂടെയുണ്ടല്ലോ എന്റെ സാംസൺ. അതുമതി എനിക്ക്..." ഇതു പറയുമ്പോൾ ഞാൻ ശ്രദ്ധിച്ചത് തലയണയ്ക്ക് കീഴെ വച്ചിരിക്കുന്ന ക്രൂശിതരൂപം പലതവണ ചുംബിച്ച് പ്രാർത്ഥിക്കുന്നതാണ്. ജീവിതത്തിലെ എല്ലാ ദുഃഖങ്ങൾക്കും അവസാന ഉത്തരം ക്രൂശിതനായ കർത്താവല്ലാതെ മറ്റെന്ത് എന്ന് എന്റെ മനസ്സ് പലതവണ മന്ത്രിച്ചുകൊണ്ടേയിരുന്നു. ക്രൂശിതനായ കർത്താവ് നിത്യവസന്തമായി ഈ കുടുംബത്തിന് മാറുന്നുവെന്ന് ഞാൻ മനസ്സിലാക്കുന്നു.

അടുത്തതായി എന്റെ മനസിൽ വിരിയുന്നത് എന്നെ നാലാംക്ലാസ്സിൽ മലയാളം പഠിപ്പിച്ച ടീച്ചറിന്റെ കുടുംബമാണ്. ഭർത്താവും രണ്ട് പെൺമക്കളും അടങ്ങിയ കുടുംബം. ക്യാൻസർ രോഗം അതിന്റെ ഉച്ചസ്ഥായിയിൽ ആടിത്തിമർത്തു ഈ കുടുംബത്തിൽ. പിതാവും രണ്ട് പെൺമക്കളും ക്യാൻസർരോഗം ബാധിച്ച് മരണപ്പെട്ടു. ക്യാൻസർ രോഗം പാരമ്പര്യമല്ലെന്ന് ശാസ്ത്രം വിധിയെഴുതിയിട്ടുണ്ട്. പക്ഷേ ഈ കുടുംബത്തിൽ അങ്ങനെയല്ല. ജീവിതത്തിൽ തനിച്ചായിപ്പോയി ടീച്ചർ. എപ്പോഴെല്ലാം ഞാൻ ടീച്ചറെ വീട്ടിൽചെന്ന് സന്ദർശിച്ചിട്ടുണ്ടോ അപ്പോഴെല്ലാം ജപമാലയും ക്രൂശിതരൂപവും കൈകളിൽ പിടിച്ച് പ്രാർത്ഥിച്ചിരുന്ന ടീച്ചറിനെക്കുറിച്ചുള്ള മായാത്ത ഓർമ്മയാണ് എനിക്ക്. ജീവിതത്തിന്റെ അവസാന നാളുകളിൽ കാലിന് വെരിക്കോസ് വെയിന്റെ അസുഖം ബാധിച്ച് വേദനയോടെ മരണത്തിലേക്ക് നടന്നു നീങ്ങി ടീച്ചർ. മരണത്തിന് മുൻപ് കണ്ടപ്പോൾ എന്റെ കൈയിൽ പിടിച്ച് പറഞ്ഞത് ഞാനിപ്പോഴും ഓർക്കുന്നു; "മോനേ... എന്റെ വിശുദ്ധീകരണത്തിനായി ഇതെല്ലാം ദൈവം ആഗ്രഹിക്കുന്നുണ്ടാവും. എനിക്ക് സങ്കടമൊന്നുമില്ല. അച്ചൻ പ്രാർത്ഥിച്ചാൽ മതി."

ക്രിസ്ത്വാനുകരണത്തിൽ നാം ഇപ്രകാരം വായിക്കുന്നുണ്ട്; "നീ വിശുദ്ധനാകാൻ ആഗ്രഹിക്കുന്നുണ്ടോ ആശ്വാസം തേടാതെ കുരിശ് വഹിക്കാൻ നീ ഒരുങ്ങിക്കൊള്ളുക. കുരിശും പീഡകളും ഇല്ലാതിരുന്ന പുണ്യവാന്മാരില്ല. തോമസ് അക്വീനാസ് ചോദിക്കുന്നു: "നിനക്കെതിരായി ഒന്നും സംഭവിക്കുന്നില്ലെങ്കിൽ നിന്റെ ക്ഷമ എങ്ങനെ കിരീടമണിയും. സഹിക്കുന്ന ആത്മാവ് നിനക്കുണ്ടെങ്കിൽ നീ ഓർക്കുക ദൈവം നിന്നെ വലുതായി സ്നേഹിക്കുന്നുണ്ടെന്ന്.

തിരുഹൃദയ പ്രേഷിതയായ മറിയം മർഗരീത്തയോട് ദൈവം ഇപ്രകാരം ചോദിക്കുന്നുണ്ട് " എന്റെ കാസയിൽനിന്ന് കുടിക്കാത്തവരാണ് നിങ്ങളെങ്കിൽ നിങ്ങളെ ഞാൻ 'എന്റേത്' എന്ന് എങ്ങനെ വിളിക്കും?

കേരളത്തിന്റെ സ്വന്തം വിശുദ്ധയായ പുണ്യവതി അൽഫോൻസ. 'സഹനത്തിന്റെ ദാസി' എന്ന വിശേഷണമാണ് അവൾക്ക് നൽകിയിട്ടുള്ളത്. വിശുദ്ധ ജീവിച്ചിരുന്ന സമയത്ത് ഒത്തിരിയേറെ ശാരീരിക-മാനസിക വൈഷമ്യങ്ങളിലൂടെ കടന്നുപോയിട്ടുണ്ട്. ശാരീരികമായ രോഗങ്ങൾമൂലം വേദനയാൽ പിടഞ്ഞിട്ടുണ്ട്. അൽഫോൻസയെ പലപ്പോഴും അന്നത്തെ മെത്രാനായ കാളാശ്ശേരി പിതാവ് സന്ദർശിക്കുമായിരുന്നു. അവളുടെ വേദന കണ്ടിട്ട് പിതാവുപോലും കരഞ്ഞിട്ടുണ്ട് എന്ന് ചരിത്രം. ഒരിക്കൽ കാളാശ്ശേരി പിതാവ് അൽഫോൻസയോട് ചോദിച്ചു: "മോളേ നിനക്ക് എങ്ങനെ ഈ വേദനകൾ സഹിക്കാൻ സാധിക്കുന്നു? അൽഫോൻസയുടെ മറുപടി ഇങ്ങനെയായിരുന്നു:

"പിതാവേ... എന്റെ മണവാളൻ ക്രിസ്തുവാണ്. എന്റെ മണവാളന്റെ സമ്പത്ത് സഹനമാണ്. ആയതിനാൽ എന്റെയും സമ്പത്ത്

*ജീവിതത്തിലെ എല്ലാ ദുഃഖങ്ങൾക്കും അവസാന ഉത്തരം ക്രൂശിതനായ കർത്താവല്ലാതെ മറ്റെന്ത് എന്ന് എന്റെ മനസ്സ് പലതവണ മന്ത്രിച്ചു കൊണ്ടേയിരുന്നു. ക്രൂശിതനായ കർത്താവ് നിത്യവസന്തമായി മാറുന്നുവെന്ന് ഞാൻ മനസ്സിലാക്കുന്നു.*

സഹനമാണ്.” എത്രയോ ഹൃദ്യ മാണ് ഈ വാക്കുകൾ.

നോമ്പുകാലത്തിന്റെ വിശുദ്ധമായ ദിനങ്ങളിലൂടെ നാം കടന്നുപോവുകയാണ്. പ്രപഞ്ച ത്തിന്റെ ആരംഭം മുതൽ മനുഷ്യൻ ചോദിക്കുന്ന ഒരു ചോദ്യമുണ്ട്. എന്തിന് ദൈവം ഈ കുരിശു കളും സഹനങ്ങളും എനിക്ക് നൽകുന്നു? ഇതിന് വി. ജോൺപോൾ രണ്ടാമൻ മാർപാപ്പ നൽകുന്ന ഉത്തരം ശ്രദ്ധേയമാണ്: ‘എന്തുകൊണ്ട് ദൈവമേ.. എന്തു കൊണ്ട് ദൈവമേ...? എന്ന് മനു ഷ്യകുലം ചോദ്യങ്ങൾ ഉന്നയിക്കു ന്നു. ഇതിനുള്ള ഉത്തരം നൂറ്റാണ്ടു കൾക്കു മുമ്പ് ക്രൂശിതൻ നമുക്ക് തന്നിട്ടുണ്ട്. കുരിശു മരണമാണ് പ്രത്യാശയുടെ പ്രതീകവും വിശു ദ്ധിയുടെ അടയാളവും.”

ജീവിതത്തിലെ കുരിശു കളും സഹനങ്ങളും ഏറ്റവും ശക്തമായ ആയുധമാണ്. ആത്മാ ക്കളെ നേടാനുള്ള ഏറ്റവും ഉചിത മായ ഉപകരണം. ധീരതയോടെ ഈ ആയുധം ഹൃദയത്തിൽ വഹി ച്ചവരാണ് വിശുദ്ധാത്മാക്കൾ. രോഗം ബാധിച്ച് ചികിത്സയിലായി രിക്കവേ തനിക്ക് നൽകിയ വേദന സംഹാരി ഗുളികകൾ നിഷേധിച്ചു കൊണ്ട് മദർ തെരേസ പറഞ്ഞു:

‘ഈശോയ്ക്കുവേണ്ടി അൽപ്പം കൂടി സഹനം. അതുമാ ത്രമേ ഇപ്പോൾ എനിക്ക് ചെയ്യാനാ വൂ. അതുകൊണ്ട് ഈ ഗുളികകൾ എനിക്ക് വേണ്ട.”

അൽഫോൻസാമ്മ തന്റെ ആത്മീയ പിതാവായിരുന്ന റോമ ളൂസ് അച്ചനോട് പറഞ്ഞു. “കൂടു തൽ കുരിശുകൾ കിട്ടാൻവേണ്ടി ഞാൻ അപേക്ഷിക്കാൻ പോവുക യാണ്. .......... ഈ വരം കിട്ടാൻ ഞാൻ വളരെയധികം പ്രാർത്ഥിച്ചി രുന്നു. പകൽ വേദനയുണ്ടായാൽ അത് മറ്റുള്ളവരറിയും. രാത്രിയിൽ വേദനയുണ്ടായാൽ ആരുമറി യാതെ എനിക്ക് സഹിക്കാമല്ലോ. കർത്താവ് എന്റെ പ്രാർത്ഥന കേട്ടി രിക്കുന്നു.”

ഒരിക്കൽ ജെയിംസ് കാളാശ്ശേരി പിതാവ് അൽഫോൻസയോട് ചോദിച്ചു: “ഉറക്കമില്ലാത്ത രാത്രിയിൽ നീ എന്തു ചെയ്യുന്നു?”

അൽഫോൻസ മറുപടി പറഞ്ഞു: “ഞാൻ സ്നേഹിക്കുക

*കുരിശിന്റെ വഴിയിൽ ചെറുതോ വലുതോ കുരിശുകൾ വഹിക്കു ന്നു. പ്രദക്ഷിണ വഴി കളിൽ പൊൻകുരിശു കൾ നിരത്തുന്നു. ആരാധനാലയങ്ങളിൽ ഏറ്റവും മികച്ച കുരിശ് നാട്ടുന്നു. ഇതെല്ലാം കേവലം നാം നട ത്തുന്ന അനുഷ്ഠാനപ രമായ കാര്യങ്ങൾ. യഥാർത്ഥത്തിൽ കുരിശ് വഹിക്കേ ണ്ടതും സഹിക്കേ ണ്ടതും ഹൃദയത്തിലാ ണ്. ഇത് നമ്മെ നവീകരണത്തിലേക്ക് നയിക്കും.*

യാണ്. സ്നേഹിക്കുകയെന്നാൽ സ്നേഹിക്കുക എന്നർത്ഥം.” തുടർന്ന് ക്രൂശിതരൂപം മാറോട് ചേർത്ത് തന്റെ കഠിനമായ രോഗാ വസ്ഥയിൽ അൽഫോൻസാമ്മ പറ ഞ്ഞതിങ്ങനെ: “മാതാവിനെ പ്പോലെ ഞാനും കുരിശിന്റെ ചുവട്ടിൽ കിടക്കുകയാണ്. കർത്താവിന് അന്ന് കൈയും കാലും അനക്കാനോ, തിരിഞ്ഞു കിടക്കാനോ കഴിഞ്ഞില്ലല്ലോ. ചുറ്റും നിന്നവർ കർത്താവിനെ കാരണമില്ലാതെ നിന്ദിച്ചു. എനി ക്കാണെങ്കിൽ കൈയും കാലും അനക്കാം. ചുറ്റും നിൽക്കുന്നവർ ആശ്വസിപ്പിക്കുകയും ചെയ്യുന്നു.. എന്റെ മണവാളന്റെ വേദനകളോട് ചേർക്കുമ്പോൾ എന്റെ വേദനകൾ എത്ര നിസ്സാരം.”

ജീവിതത്തിലെ കയ്പേ റിയ അനുഭവങ്ങളെ മധുരമാക്കാ നുള്ള ജീവിത നിയോഗമാണ് നമു ക്കോരോരുത്തർക്കും കൈവന്നിട്ടു ള്ളത്. വചനം നമ്മെ ശക്തിപ്പെടു ത്തും. “ലോകത്തിൽ നിങ്ങൾക്ക് ഞെരുക്കങ്ങൾ ഉണ്ടാകും. എങ്കിലും ധൈര്യമായിരിക്കുവിൻ. ഞാൻ ലോകത്തെ കീഴടക്കിയിരി ക്കുന്നു.” (യോഹ. 16:33).

സങ്കീർത്തകന്റെ സമാശ്വാ സങ്ങൾ നമ്മൾ ശ്രവിക്കണം.

നിന്റെ ജീവിതം കർത്താവിന് ഭര മേൽപ്പിക്കുക. അവിടുന്നിൽ വിശ്വാ സമർപ്പിക്കുക. അവിടുന്ന് നിന്നെ നോക്കിക്കൊള്ളും” (സങ്കീ. 37:5). “ഹൃദയം നുറുങ്ങിയവർക്ക് കർത്താവ് സമീപസ്ഥനാണ്. മനമു രുകിയവരെ അവിടുന്ന് രക്ഷിക്കു ന്നു. നിന്ദിതന്റെ ക്ലേശങ്ങൾ അസം ഖ്യമാണ്. അവയിൽനിന്നെല്ലാം കർത്താവ് അവനെ മോചിപ്പിച്ചിരി ക്കുന്നു” (സങ്കീ.34:12). വി. തോമസ് അക്വീനാസിന്റെ വാക്കുകൾ ഇതി നോട് ചേർത്ത് ഓർമ്മിക്കാം; “നിങ്ങൾ നിങ്ങളുടെ കുരിശ് സന്തോഷപൂർവ്വം വഹിച്ചാൽ അത് നിങ്ങളെ വഹിച്ചുകൊള്ളും.” വൈദികരുടെ മധ്യസ്ഥനായ ജോൺ മരിയ വിയാനി പറയുന്നത് ഇപ്രകാരമാണ്. “എതിർപ്പുകൾ നമ്മെ കുരിശിന്റെ അടുക്കലേക്ക് ആനയിക്കുന്നു. കുരിശുകൾ സ്വർഗ്ഗ കവാടത്തിലേക്കും.” വി. ഇസിദോർ പറയുന്നതിപ്രകാരം: “കഷ്ടതകൾ നിന്നെ താഴ്ത്തുകയി ല്ല. ഉയർത്തുകയേ ഉള്ളൂ. ഈ ലോകത്തിൽ എത്രകണ്ട് കഷ്ടപ്പെ ടുന്നുവോ അത്രകണ്ട് ഭാവി സൗഭാഗ്യം ഉറപ്പാണ്.”

ഈ നോമ്പുകാലം കുരി ശനുഭവങ്ങളിലൂടെയും ഒത്തിരിയേ റെ അനുഷ്ഠാനങ്ങളിലൂടെയും നാം കടന്നുപോകുന്നു. നാം എന്നും കുരിശുവരച്ചുകൊണ്ട് എഴു ന്നേൽക്കുന്നു. കുരിശ് കഴുത്തിൽ അണിയുന്നു. കുരിശിന്റെ വഴിയിൽ ചെറുതോ വലുതോ കുരിശുകൾ വഹിക്കുന്നു. പ്രദക്ഷിണ വഴിക ളിൽ പൊൻകുരിശുകൾ നിരത്തു ന്നു. ആരാധനാലയങ്ങളിൽ ഏറ്റവും മികച്ച കുരിശ് നാട്ടുന്നു. ഇതെല്ലാം കേവലം നാം നടത്തുന്ന അനുഷ്ഠാനപരമായ കാര്യങ്ങൾ. യഥാർത്ഥത്തിൽ കുരിശ് വഹിക്കേ ണ്ടതും സഹിക്കേണ്ടതും ഹൃദയ ത്തിലാണ്. ഇത് നമ്മെ നവീകരണ ത്തിലേക്ക് നയിക്കും.

നെറ്റിത്തടത്തിൽ കുരിശ് വരയ്ക്കുമ്പോൾ നാം പ്രാർത്ഥി ക്കണം ദൈവമേ എന്റെ ചിന്തയെ

നവീകരിക്കണമേ... അധരങ്ങളിൽ കുരിശ് വരയ്ക്കുമ്പോൾ നാം പ്രാർത്ഥിക്കണം. ദൈവമേ.. എന്റെ അധരങ്ങളെ, സംസാരങ്ങളെ വിശുദ്ധീകരിക്കണമേ എന്ന്. നെഞ്ചിൽ കുരിശ് വരയ്ക്കുമ്പോൾ പ്രാർത്ഥിക്കണം. ദൈവമേ എന്റെ ഹൃദയത്തെ നവീകരിക്കണമേയെന്ന്. യഥാർത്ഥത്തിൽ നമ്മുടെ കുരിശനുഭവങ്ങളും സഹനങ്ങളും ഒരു ആത്മവിശുദ്ധീകരണത്തിലേക്കാണ് നമ്മെ നയിക്കുന്നത്.

വിശ്വാസപ്രമാണം എന്ന രണ്ടുവരി കവിതയിൽ പറയുന്നതിപ്രകാരമാണ്;

'തൂക്കാനിഷ്ടംപൊൻകുരിശേ
നിന്നിൽ തൂങ്ങാനില്ല
എൻ കുരിശേ..."

സഹനത്തിന്റെ അർത്ഥതലങ്ങൾ പലപ്പോഴും നമുക്ക് മനസ്സിലാവില്ല. അതിന് ദൈവത്തിന്റെ കൃപ നമുക്കാവശ്യമാണ്. പരിഭവങ്ങളും പരാതികളുമായി ജീവിതത്തെ നേരിടുന്നവർ നിരവധിയാണ്. പെരുമ്പടവം ശ്രീധരന്റെ 'അഷ്ടപദി' എന്ന നോവലിൽ 7-ാം വയസ് മുതൽ അമ്പലത്തിൽ മാലകെട്ടുന്ന മാധവി വാരസ്യാർ എന്ന കഥാപാത്രം പറയുന്ന സങ്കടം ഇപ്രകാരമാണ്;

"തേവരേ നിനക്കായി എത്രനേരം പൂ നുള്ളി. എന്തോരം മാലകെട്ടി. എന്നിട്ടും എന്റെ കഴുത്തിൽ ഒരു താലിമാലയിടുന്ന കാര്യം നീ മറന്നുപോയല്ലോ?

ചെറുപ്രായം മുതൽ അമ്പലത്തിൽ വിളക്ക് വയ്ക്കുന്ന വാര്യരുടെ പരിഭവം ഇങ്ങനെ; "തേവരേ നിനക്കായി ഞാനെന്നും വിളക്ക് തെളിച്ചില്ലേ. എന്റെ വിളക്കിന്റെ വെട്ടത്തിലല്ലേ നീ എഴുന്നള്ളിയത്. എന്നിട്ടും എന്റെ ജീവിതത്തിലൊരു വിളക്ക് തെളിക്കണം എന്ന് തേവർക്ക് തോന്നീലല്ലോ?

നമ്മുടെ ജീവിതത്തിലെ പരാതികളും സഹനാനുഭവങ്ങളും ദുഃഖങ്ങളിൽ, നെടുവീർപ്പുകളിൽ, പരാതികളിൽ അവസാനിക്കേണ്ടതല്ല. മറിച്ച്, ദൈഹിതത്തിനും ദൈവമഹത്വത്തിനും സമർപ്പിക്കപ്പെടണം. ഗത്സെമനിയിലെ യേശുവിന്റെ പ്രാർത്ഥനയിൽ ഈശോയുടെ സുന്ദരമായ പ്രാർത്ഥനയുണ്ട്. വരാൻപോകുന്ന സഹനാനുഭവങ്ങളെ മുന്നിൽ കണ്ട് ഈശോ പ്രാർത്ഥിക്കുന്നു. "എന്റെ പിതാവേ സാധ്യമെങ്കിൽ ഈ പാനപാത്രം എന്നിൽനിന്നും നീങ്ങിപ്പോകട്ടെ. എങ്കിലും എന്റെ ഹിതമല്ല, അവിടുത്തെ ഹിതംപോലെയാകട്ടെ..." (മത്താ. 26:39)

നമുക്ക് ധൈര്യത്തോടെ ദൈവസന്നിധിയിൽ അണയാം. നിനച്ചിരിക്കാത്ത നേരത്ത് കടന്നുവരുന്ന വ്രണിതാനുഭവങ്ങളിൽ, ജീവിതത്തിന്റെ സഹനാനുഭവങ്ങളിൽ തളരാതെ മുന്നേറാം. ബൈബിളിൽ ദാനിയേലിനെ നാം കണ്ടുമുട്ടുന്നുണ്ട്; ദാനിയേലിനെയും രണ്ട് കൂട്ടുകാരെയും രാജാവ് തീച്ചൂളയിലെറിഞ്ഞു. പിറ്റേദിവസം നോക്കുമ്പോൾ തീച്ചൂളയിൽ നാലു പേരുണ്ട്. നാലാമൻ ആരാണ്. കൂടെ സഹിക്കുന്ന ദൈവമല്ലാതെ മറ്റാരാണ്? 'ആശ്വാസഗീതങ്ങൾ' എന്ന ആൽബത്തിൽ നാം കേൾക്കുന്ന സുന്ദരമായ ഗീതകം...

*"ദുഃഖത്തിന്റെ പാനപാത്രം*
*കർത്താവെന്റെ കൈയിൽ*
*തന്നാൽ*
*സന്തോഷത്തോടതു വാങ്ങി*
*ഹല്ലേലൂയ പാടീടും ഞാൻ..."*



# കിനാവുകളുടെ മിഠായി മധുരം



ഫാ. ജോനാഥ് കപ്പൂച്ചിൻ

രാത്രി മയക്കത്തിൽ കണ്ട കിനാവുകൾക്കായി ജീവിതം പകുത്തു നൽകിയ ഒരു തച്ചനെയാണ് ഈ മാർച്ച് മാസം നാം ഓർക്കുന്നത്. യേശുവിന്റെ വളർത്തച്ഛനായ ജോസഫിനെ. ശരിക്കും അയാൾ ആരാണ്? ബൈബിളിന്റെ താളുകളിൽ വളരെ ചെറിയ മുഹൂർത്തങ്ങളിൽ മാത്രം കടന്നുവന്ന് നൊടിയിടയിൽ പിന്മാറുന്ന ഒരാൾ. അത്രയ്ക്ക് പ്രധാന്യമില്ലാത്തവർപോലും ആഘോഷത്തോടും ആർഭാടത്തോടും രംഗപ്രവേശം



ചെയ്ത് തിമിർത്താടുമ്പോൾ ആരാലും ശ്രദ്ധിക്കപ്പെടാതെ പോയൊരു ഹതഭാഗ്യൻ. വാക്കുകൾ പോലും ഇല്ലാത്ത മനുഷ്യനായി നിശബ്ദതയെ ഉപാസിച്ചൊരു മരാശാരി. തിരിച്ചു കിട്ടുമെന്ന് ഒരു പ്രതീക്ഷയുടെ ലാഞ്ചന പോലുമില്ലാതെ മറിയത്തെ സ്നേഹിക്കാനും, ഉണ്ണീശോയുടെ കാവലാളാകാനും, തിരുക്കുടുംബത്തെ വഴിനടത്താനും മാത്രം അറിയാവുന്ന ഒരാൾ. തനിക്ക് താൻ ആഗ്രഹിക്കാത്ത ജീവിതം വച്ചു നീട്ടിയ ദൈവത്തോട് പരാതിയോ പരിഭവങ്ങളോ ഇല്ലാതെ... കുറച്ചു സ്വപ്നങ്ങളുടെ പിൻബലത്തിൽ ജീവിതം സാർത്ഥകമാക്കിയ ഒരാൾ. ഒന്നോർത്താൽ അതത്ര ചെറിയ കാര്യമൊന്നുമല്ല.

മലയാളികളുടെ പ്രിയ കഥാകാരൻ മുകുന്ദന്റെ ഒരു ചെറുകഥയുണ്ട്. 'മേജിക് ഷോപ്പ്'. ചെറുപ്പത്തിലെ നാടുവിട്ടുപോയ സുകുമാരൻ നായർ പല പല നാടുകളിൽ ചുറ്റിത്തിരിഞ്ഞ് ഒടുവിൽ ജന്മദേശത്തേക്കു തിരിച്ചുവന്നു. നാൽക്കവലയിൽ പുതിയൊരു ഷോപ്പ് തുടങ്ങി. അതിന്റെ മുകളിൽ ഒരു ബോർഡ് വച്ചു- 'മേജിക് ഷോപ്പ്'. ചില്ലലമാരിയിൽ ചായിച്ചു വച്ചിരിക്കുന്ന വർണ്ണക്കടലാസ് പൊതികൾ കണ്ട് മിഠായി കടയാണെന്ന് വിചാരിച്ച് നിരാശപ്പെട്ട് മടങ്ങിപ്പോകുന്ന നാട്ടുകാരോട് സുകുമാരൻ നായർ വിളിച്ചുപറഞ്ഞു: 'സ്വപ്നം കാണാനുള്ള ഗുളികകളാണ് ഞാൻ വിൽക്കുന്നത്.. ദാരിദ്ര്യവും കഷ്ടപ്പാടുകളും നമ്മുടെ കൂടെപ്പിറപ്പാണ്. ദാരിദ്ര്യം ഇല്ലാത്തവർക്കാണെങ്കിൽ മാറാരോഗങ്ങളാണ്. എന്നെങ്കിലും ഒരു ദിവസം വല്ലപ്പോഴുമെങ്കിലും നിങ്ങൾക്ക് എല്ലാ വിഷമങ്ങളും മറന്നു മധുരസ്വപ്നം കണ്ട് നന്നായി ഉറങ്ങുവാൻ ആഗ്രഹമില്ലേ... അതിനുള്ള ഗുളികകളാണ് ഞാൻ വിൽക്കുന്നത്'.

പണമുണ്ടാക്കാൻ വേണ്ടിയല്ല അയാൾ ഈ വ്യാപാരം തുടങ്ങിയത്. ഉറക്കത്തിൽ എങ്കിലും നാട്ടുകാർ സന്തോഷിച്ചു കാണുവാൻ അയാൾ ആഗ്രഹിച്ചു. അതിനായി കുറേ നല്ല സ്വപ്നങ്ങൾ മിതമായ നിരക്കിൽ അവർക്കു കൊടുത്തു. പലർക്കും കടമായും നൽകി. ഗുളികകളുടെ കൃത്യമായ വില ഈടാക്കുവാൻ അയാൾ ശ്രദ്ധിച്ചില്ല. ഒരു മോശം വ്യാപാരിയായിരുന്നിട്ടും അയാളുടെ കച്ചവടം നന്നായി നടന്നു.... ഒന്നോർത്താൽ പ്രതീക്ഷ നഷ്ടപ്പെട്ട അശരണർക്കുള്ള അത്താണിയല്ലേ ഈ സ്വപ്നങ്ങൾ. നിദ്രയുടെ സുഷുപ്തിയിൽ വന്നുചേരുന്ന അസ്വസ്ഥപ്പെടുത്തുന്ന ഉണർവുമാത്രമല്ലത്. ചിലപ്പോളത് അനന്തതയെ തൊടുന്ന പ്രതിധ്വനിയായിരിക്കും. ജീവിതസാഫല്യത്തിലേക്ക് നയിക്കുന്ന ഉൾപ്രേരണയായി രിക്കും.

*ദൈവത്തിന്റെ ഇഷ്ടം പൂർത്തിയാക്കാൻ വേണ്ടി ഏൽക്കേണ്ടി വന്ന ക്ഷതങ്ങളുടെ ആകെത്തുകയായി രുന്നു നസ്രത്തിലെ മരപ്പണിക്കാരനായ ജോസഫിന്റെ ജീവിതം. എന്നാൽ ദൈവം വച്ചു നീട്ടിയ സ്വപ്നങ്ങളുടെ താങ്ങുബലത്തിൽ പിടിച്ചാണ് കരുത്തോടെ അയാൾ മുന്നേറിയത്.*

സ്വർഗ്ഗത്തിന്റെ ചില്ലലമാരയിൽ നിന്നും ദൈവം ഇട്ടുകൊടുത്ത കുറച്ച് കിനാവുകളുടെ മിഠായി മധുരം നുണഞ്ഞുകൊണ്ട് ജീവിതം വീണ്ടെടുത്ത ഒരാളാണ് ജോസഫ്. വിവാഹനിശ്ചയം കഴിഞ്ഞിരിക്കെ ശുഭകരമല്ലാത്ത വാർത്തകളിൽ വല്ലാതെ നൊമ്പരപ്പെട്ടവൻ. നിരാശയുടെ ക്ഷീണത്താൽ നിദ്രയിലേക്ക് വീണു പോയവന് കിനാവുകളുടെ കരുത്തു നൽകിയാണ് ദൈവം വിളിച്ചുണർത്തിയത്. അതിൽ വരാനിരിക്കുന്ന ദൈവികപദ്ധതിയുടെ സൂചനകൾ ഉണ്ടായിരുന്നു. ആ സ്വപ്നത്തെ ദൈവികനിലപാടായി തന്നെ തച്ചൻ വിശ്വസിച്ചു, അനുസരിച്ചു. അങ്ങനെയാണയാൾ മനുഷ്യാവതാരത്തിന്റെ കാവൽക്കാരനായി മാറിയത്.

സ്വപ്നങ്ങൾ വീണ്ടെടുത്തവർ വേദതാളുകളിൽ ഇനിയുമുണ്ട്. അതിൽ രണ്ടുപേരെ പ്രത്യേകം ഓർമിക്കുന്നത് നല്ലതാണ്. ഒരു സ്വപ്നം പോലെ മനസ്സിൽ ആദ്യം തെളിഞ്ഞു രുന്നത് യാക്കോബാണ്. സ്വന്തം നാടും വീടും വിട്ട് പരദേശിയായി ഹാരാനിലേക്കുള്ള വഴി മധ്യേ ലൂസ് എന്ന പട്ടണത്തിന്റെ നാൽക്കവലയിൽ കല്ലിനെ തലയണയാക്കി ഉറങ്ങിയ രാത്രിയിലാണ് അവന് ഒരു സ്വപ്നദർശനമുണ്ടായത്. ദൈവദൂതന്മാർ മുകളിലേക്കും താഴേക്കും ഇറങ്ങിവരുന്ന സ്വർഗ്ഗീയ ഗോവണിയുടെ. ദൈവം തന്റെ കൂടെയുണ്ടെന്ന കിനാവിന്റെ കരുത്തിലാണവൻ ഹാരാനിലേക്ക് പുറപ്പെടുന്നത്. അവിടെയും അവന് ഒരുപാട് ഞെരുക്കങ്ങളും വഞ്ചനകളും അവഗണനകളും നേരിടേണ്ടതായി വരുന്നുണ്ട്. എന്നാൽ ഒന്നിനും അവനെ

തകർക്കാനായില്ല. ദൈവം വഴി നടത്തുന്നു എന്ന സ്വപ്നദർശനമായിരുന്നു അവന്റെ കരുത്ത്. ഒടുവിൽ സ്വഗൃഹത്തിലേക്ക് മടങ്ങിപ്പോയത് എല്ലാം സ്വന്തമാക്കിയവന്റെ വിജയക്കൊടി പായിച്ചാണ്. എല്ലാ അനർത്ഥങ്ങളും അതിജീവിച്ച് മുന്നോട്ടുപോകുവാൻ ദൈവം തരുന്ന സ്വപ്നത്തിന്റെ കരുത്ത് നമുക്കും ആവശ്യമാണ്.

മറ്റൊരാൾ ഈ യാക്കോബിന്റെ 12 മക്കളിൽ ഒരാളായ ജോസഫാണ്. അവനും ഒരു സ്വപ്നക്കാരനായിരുന്നു. സ്വന്തം സഹോദരങ്ങൾ തന്നെ അവനിട്ട പേരാണത് - Dreamer. ചെറുപ്പത്തിൽ അവനും കുറെയധികം സ്വപ്നങ്ങൾ കാണുന്നുണ്ട്. വയലിലെ കതിർക്കച്ചകൾ അവനെ കുമ്പിടുന്നതായിരുന്നതിൽ ഒന്ന്. സൂര്യനും ചന്ദ്രനും 11 നക്ഷത്രങ്ങളും അവനെ വണങ്ങുന്നതും സ്വപ്ന ദർശനമായിരുന്നു. അതവൻ പങ്കുവച്ചപ്പോൾ പിതാവ്

*ദൈവം വഴി നടത്തുന്നു എന്ന സ്വപ്നദർശനമായിരുന്നു അവന്റെ കരുത്ത്. ഒടുവിൽ സ്വഗൃഹത്തിലേക്ക് മടങ്ങിപ്പോയത് എല്ലാം സ്വന്തമാക്കിയവന്റെ വിജയക്കൊടി പായിച്ചാണ്. എല്ലാ അനർത്ഥങ്ങളും അതിജീവിച്ച് മുന്നോട്ടുപോകുവാൻ ദൈവം തരുന്ന സ്വപ്നത്തിന്റെ കരുത്ത് നമുക്കും ആവശ്യമാണ്.*



പോലും ആവലാതി പ്പെടുന്നുണ്ട്, 'ഞാനും.. നിന്റെ അമ്മയും.. നിന്റെ സഹോദരരും നിന്നെ വണങ്ങുമെന്നാണോ അതിനർത്ഥം?...

അസൂയ മൂത്ത മറ്റ് സഹോദരങ്ങൾ ഒടുവിലവനെ പിടിച്ചു പൊട്ടക്കിണറ്റിൽ ഇടുന്നു. പിന്നെ 20 വെള്ളി നാണയത്തിന് ഇസ്രയേൽ ഗോത്രക്കാർക്ക് വിൽക്കുന്നു. അവിടെ ഈജിപ്തിലവൻ അടിമവേല ചെയ്യുന്നുണ്ട്. തടവറയിൽ കഴിയുന്നുണ്ട്. എന്നിട്ടുമവൻ നിരാശനാകുന്നില്ല. ചെറുപ്പത്തിൽ കണ്ട സ്വപ്നങ്ങൾ ദുരന്തകാലത്തെ അതിജീവിക്കാൻ കരുത്തായി. ഒടുവിൽ സ്വപ്നങ്ങൾ വ്യാഖ്യാനിക്കാനുള്ള കഴിവു കൊണ്ടു മാത്രമവൻ ഫറവോയുടെ പ്രീതിനേടുന്നു.. തടവറ മോചിതനാകുന്നു.. അധികാര പദവി നേടുന്നു. അങ്ങനെ ബാല്യത്തിൽ അവൻ എന്തു സ്വപ്നം കണ്ടോ അതു നിവർത്തീകരിക്കപ്പെടുന്നു. അവന്റെ കുടുംബവും സകലജനതകളും അവനെ നമിക്കുന്ന കാലം വന്നു ചേരുന്നു.

നെഞ്ചിൽ കുറെ കിനാവുകളുടെ വെട്ടം അനിവാര്യമാണെന്നാണ് ഇവരുടെ ജീവിതം നമ്മെ ബോധ്യപ്പെടുത്തുന്നത്. നിശ്ചയിക്കപ്പെട്ട ചില പരീക്ഷണ പ്രലോഭന ദുരന്ത വേദനയുടെ നിറവിൽ ആർത്തലച്ച് തീർന്നു പോകേണ്ട ജന്മമായിരുന്നു പലരുടേതും. ദൈവത്തിന്റെ ഇഷ്ടം പൂർത്തിയാക്കാൻ വേണ്ടി ഏൽക്കേണ്ടി വന്ന ക്ഷതങ്ങളുടെ ആകെത്തുകയായിരുന്നു നസ്രത്തിലെ മരപ്പണിക്കാരനായ ജോസഫിന്റെ ജീവിതം. എന്നാൽ ദൈവം വച്ചു നീട്ടിയ സ്വപ്നങ്ങളുടെ താങ്ങുബലത്തിൽ പിടിച്ചാണ് കരുത്തോടെ അയാൾ മുന്നേറിയത്. ജീവിതത്തിന്റെ നിസ്സഹായതയ്ക്ക് മുകളിലൂടെ വിറങ്ങലിച്ചു നടക്കുന്ന ഹതഭാഗ്യരായ മനുഷ്യർക്കുള്ള ആശ്വാസവും ആവേശവുമാണയാൾ... ഇങ്ങനെ ഒരാൾ നമ്മുടെയൊക്കെ ഉള്ളിൽ തന്നെ ഉള്ളതുകൊണ്ടാണ് കഷ്ടകാലത്ത് നമ്മളും രാക്കിനാവുകൾ കണ്ട് വല്ലാതെയതിൽ അഭിരമിക്കുന്നത്.

# ആയിരം സൂര്യന്മാർ ദീപ്തമാക്കിയ ഒരു ജീവിതം





**ഡോ. ജോർജ് തയ്യിൽ**
ലൂർദ്ദ് ഹോസ്പിറ്റൽ,
എറണാകുളം

ചില മനുഷ്യരുണ്ട്, മനുഷ്യജീവിതത്തിൽ അനുഭവിക്കാൻ അസാധ്യമായത് എല്ലാം അനുഭവിച്ചുകൊണ്ടിരിക്കുമ്പോഴും അവർ നിശ്ശബ്ദരായി തങ്ങളെ ഏല്പിച്ച കർമ്മം ചെയ്തുകൊണ്ടിരിക്കും. ചുറ്റുമുള്ളവരുടെ വേദനകളും അവരെ നിരാലംബമാക്കുന്ന യാതനകളും, അവരെ വിവശമാക്കുന്ന ക്ഷതങ്ങളും തീരാരോഗങ്ങൾ ഉണ്ടാക്കുന്ന ആത്മീയ ശോഷണവും കൺമുമ്പിൽ കണ്ടുകൊണ്ടിരിക്കുമ്പോഴും സംയമനം കൈവെടിയാതെ കർമ്മനിരതരായിരിക്കും. സഹജീവികളുടെ ക്ലേശപൂർണ്ണമായ നിലനിൽപിനെ കാലം നിഷ്കരുണം തുടച്ചുമാറ്റുംമുമ്പ്, കാരുണ്യത്തിന്റെയും അനുകമ്പയുടെയും ലേപനം പുരട്ടി അവരെ കൈപിടിച്ച് ജീവിതത്തിലേക്ക് കൂട്ടിക്കൊണ്ടുവരും. ഇല്ലാത്തവന് എല്ലാം വാരിക്കൊടുക്കുവാൻ പഠിപ്പിച്ച യേശുദേവന്റെ ഊർജ്ജസ്രോതസ്സിൽനിന്ന് ആത്മധൈര്യം കൈവരിച്ച് അവർ പ്രവർത്തനനിരതരാകും. ഞാൻ പറഞ്ഞുവരുന്നത്, ഇഹലോകത്ത് യേശു ഏൽപ്പിച്ച ദൗത്യം പൂർത്തീകരിച്ച് 86-ാമത്തെ

വയസ്സിൽ ഇഹലോകജീവിത ത്തോട് വിടപറഞ്ഞ മോൺ. ആന്റണി കളത്തിവീട്ടിൽ അച്ചനെ പ്പറ്റിയാണ്.

ജീവിതം ഹൃദ്യവും സമ്പ ന്നവുമായി അനുഭവവേദ്യമാകു ന്നത് അതിന്റെ നിർവിഘ്നമായ പ്രയാണം കൊണ്ടുമാത്രമല്ല, അതിന്റെ ഏടുകളിലൂടെ അവ തീർണ്ണമാകുന്ന അനുഭവപ്പിശകു കളും ദുരന്തങ്ങളും പാളിച്ചകളും സ്വർണ്ണം അഗ്നിയിലെന്നപോലെ ശുദ്ധീകരിക്കപ്പെടുന്നതുകൊണ്ടു കൂടിയാണ്. ഇന്ന് ജീവിതലക്ഷ്യ ങ്ങളുടെ അർത്ഥവികാസങ്ങ ളൊക്കെ മാറിമറിയുകയാണ്. പാപവും പുണ്യവുമൊക്കെ പഴങ്ക ഥയാകുന്നു, മാനദണ്ഡം ഒന്നു മാത്രമാണ്, ലാഭവും നഷ്ടവും. അതുകൊണ്ടാവാം സമകാലിക മനുഷ്യനെ ശകലീകൃതമായ സ്വത്വമുള്ളയാൾ എന്ന് വിശേഷി പ്പിക്കുന്നത്. എന്നാൽ ഇതിൽനി ന്നൊക്കെ വേറിട്ടു നിൽക്കുന്ന ധിഷണയും ജീവിതശുദ്ധിയും കൊണ്ട് മറ്റുള്ളവരെ പ്രോജ്ജ്വലമാ ക്കുന്ന ഏതാനും ചിലരെ നാം ജീവിതപന്ഥാവിൽ വല്ലപ്പോഴു മൊക്കെ കണ്ടുമുട്ടാറുണ്ട്. അവ രുടെ സാമീപ്യം നമ്മെ സംപുഷ്ട മാക്കുന്നു, അവരുടെ സ്പർശനം നമ്മുടെ സിരാകോശങ്ങളിൽ നിർവൃതിയുടെ ഊഷ്മളത പടർത്തുന്നു.

കറപുരളാത്ത ജീവിത ദർശനവും അവാച്യമായ ഭരണ ചാതുര്യവുംകൊണ്ട് താൻ സേവനം അനുഷ്ഠിക്കുന്ന സ്ഥാപ നത്തെയും അതിലെ സഹജീവിക ളെയും സമൂഹത്തെയും ഉയർച്ച യുടെ പടവുകളിലേക്ക് കൈപിടി ച്ചുകൊണ്ടുപോകാൻ ആന്റണി കളത്തിവീട്ടിൽ അച്ചൻ പ്രദർശി പ്പിച്ച സാമർത്ഥ്യവും ത്രാണിയും എടുത്തുപറയേണ്ടതാണ്. സുദീർഘമായ 14 വർഷങ്ങൾ (1984-1998) അദ്ദേഹം ലൂർദ്ദ് ആശു പത്രിയുടെ സാരഥിയായി സേവന മനുഷ്ഠിച്ചു.

സ്വാമി വിവേകാനന്ദന്റെ പ്രഭാഷണത്തിലെ പ്രഖ്യാതമായ ഒരു ഉദ്ധരണിയുണ്ട്; അദ്ദേഹം പറഞ്ഞു: ലോകത്തിന്റെ ചരിത്രം ഇന്നു നാം കാണുന്ന രീതിയിൽ നിർമ്മിതമായിട്ടുള്ളത് സ്വയം വിശ്വാസത്തിൽ വേരൂന്നി നിന്ന് അഹോരാത്രം പ്രവർത്തിച്ച ഏതാനും വ്യക്തിത്വങ്ങളുടെ പ്രവർത്തനഫലമായിട്ടാണ്. അവർ ആ വിശ്വാസത്തിൽ വേരൂന്നി നിന്ന് പ്രവർത്തിച്ചപ്പോൾ അവരുടെ ഉള്ളിൽ അന്തർലീനമായിട്ടുള്ള ദൈവികത ഈലോകത്തിന് സമൃ ദ്ധമായി നൽകാൻ അവർ പ്രാപ്ത രായി.

അത്തരത്തിലുള്ള ഒരു ദൈവികത കളത്തിവീട്ടിലച്ചന്റെ കർമ്മരംഗങ്ങളിലെല്ലാം കാണു വാൻ സാധിച്ചു. കർത്തേടം സെന്റ് ജോർജ്ജ് ഇടവകയിൽ തോമസ്- ത്രേസ്യ ദമ്പതിമാരുടെ മകനായി 1937 ഡിസംബർ 4-ന് ജനിച്ചു. 1964 മാർച്ച് 15-ന് പൗരോഹിത്യം സ്വീക രിച്ചു. കത്തീഡ്രൽ, ചാത്യാത്ത്, പോണേൽ, കാക്കനാട്, പെരുമാ നൂർ, ഇൻഫന്റ് ജീസസ്, പൊറ്റക്കു ഴി, ചേരാനെല്ലൂർ എന്നീ ഇടവകക ളിൽ സേവനമനുഷ്ഠിച്ചു. 1984 മെയ് 3 മുതൽ 1998 ഫെബ്രുവരി 27 വരെ വരാപ്പുഴ അതിരൂപതയുടെ ഏറ്റവും പ്രധാനപ്പെട്ട സ്ഥാപന മായ ലൂർദ്ദ് ആശുപത്രിയിൽ ഡയറ ക്ടറായി സേവനമനുഷ്ഠിക്കവെ യാണ് അദ്ദേഹത്തിന്റെ കഴിവു കളും ഭരണപാടവവും കൂടുത ലായി അംഗീകരിക്കപ്പെട്ടത്. 1965 -ൽ പുണ്യശ്ലോകനായ ജോസഫ് അട്ടിപ്പേറ്റി പിതാവിന്റെ അനുഗ്രഹാ ശ്ശിസ്സുകളോടെ തുടക്കം കുറിച്ച ലൂർദ്ദ് ആശുപത്രി ആദ്യകാലങ്ങ ളിൽ ശൈശവദശയിൽ തന്നെയാ യിരുന്നു. ബാലാരിഷ്ടതകൾ വിട്ടു മാറാത്ത ആതുരാലയത്തിൽ മികച്ച ഡോക്ടർമാരില്ല, നേഴ്സുമാരില്ല, പരിശോധനക്കും ചികിത്സയ്ക്കു മുള്ള നൂതന വൈദ്യസാമഗ്രികൾ ഇല്ല. എറണാകുളത്തെ മറ്റു വലിയ ആശുപത്രികളോടൊപ്പം കിടിപി ടച്ചു നിൽക്കുവാനോ നഗരത്തിലെ വർദ്ധിച്ചുവരുന്ന രോഗികൾക്ക് ഉചി തമായ ആരോഗ്യസേവനം പ്രാപ്ത മാക്കുവാനോ പറ്റിയ സൗകര്യ ങ്ങൾ ലൂർദ്ദ് ആശുപത്രിയിൽ ഇല്ലെന്ന് മനസ്സിലാക്കിയ കളത്തി വീട്ടിലച്ചൻ ആദ്യം ചെയ്തത് കേര ളത്തിലെ പ്രഗത്ഭരായ ഡോക്ടർമാരെ നേരിട്ടുകണ്ട് അവർക്ക് വേണ്ടുന്ന സൗകര്യങ്ങൾ കൊടുത്ത് ലൂർദ്ദ് ആശുപത്രിയിൽ നിയമിക്കുക എന്നതായിരുന്നു. കുര്യൻ സ്കറിയ, ജോൺ വെട്ട ത്ത്, പോൾ പുത്തൂരാൻ, ഗ്രേസ് മാത്യു, ഇത്തമ്മ ആന്റണി, കെ.എ. എബ്രഹാം, സൂസൻ എബ്രഹാം, തോമസ് മാത്യു, വർഗ്ഗീസ് ചെറി യാൻ തുടങ്ങിയ ഡോക്ടർമാർ വിവിധ സ്പെഷ്യാലിറ്റി വിഭാഗ ങ്ങൾ തുടങ്ങി ആശുപത്രിയിൽ സജീവമായി.

ജർമ്മനിയിൽ മ്യൂണിക്കി ലുള്ള ജർമ്മൻ ഹാർട്ട് സെന്ററിൽ സ്റ്റാഫ് കാർഡിയോളജിസ്റ്റായിരുന്ന ഈ ലേഖകനെ അഭിവന്ദ്യ കൊർണേലിയൂസ് ഇലഞ്ഞിക്കൽ പിതാവിന്റെ നിർദ്ദേശപ്രകാരം കള ത്തിവീട്ടിലച്ചൻ ഹൃദ്രോഗവിഭാഗം തുടങ്ങുവാനായി നിയോഗിച്ചു. അതിപരിഷ്കൃത രാജ്യങ്ങളായ ജർമ്മനി, ഓസ്ട്രിയ എന്നിവിടങ്ങ ളിലെ ഇരുപത് വർഷക്കാലത്തെ സമാധാനപരമായ വിദേശവാസം നിർത്തി, വിസയും മറ്റ് സാമ്പ ത്തിക സൗകര്യങ്ങളും ഉപേക്ഷിച്ച് അനിശ്ചിതത്വങ്ങൾ നിറഞ്ഞ ജന്മ ദേശത്തേക്കുള്ള പറിച്ചുനടീൽ എളുപ്പമായിരുന്നില്ല. 1993 ഏപ്രിൽ മാസത്തെ ഒരു പ്രഭാതത്തിൽ, ആതുരസേവനം എന്ന വാക്കും ഒരുപാട് ഓർമ്മകളും ജ്വലിച്ച വേള യിൽ ലൂർദ്ദ് ആശുപത്രിയുടെ പൂമുഖം ഞാൻ ആദ്യമായി ചവിട്ടി ക്കയറിയപ്പോൾ എന്നെ സ്വീകരി ക്കുവാൻ അതിരൂപതയുടെ വികാ രിജനറാൾ മോൺ. ഇമ്മാനുവൽ ലോപ്പസ്, ആശുപത്രി ഡയറക്ടർ ഫാ. ആന്റണി കളത്തിവീട്ടിൽ, മെഡിക്കൽ സൂപ്രണ്ട് ഡോ. കുര്യൻ സ്കറിയ, നേഴ്സിങ്ങ് സൂപ്രണ്ട് സിസ്റ്റർ കാർമ്മൽ ചെറി യാൻ, കോൺവന്റ് സുപ്പീരിയർ മദർ ജെറോസ എന്നിവർ സന്നിഹി തരായിരുന്നു. സ്വച്ഛമായ ഒരു കുടുംബാന്തരീക്ഷം, അവിടെ കൂടി നിന്ന ഏവരുടെയും മുഖത്ത് നിറ ഞ്ഞുനിന്നത് ശാന്തതയുടെയും സൗഹൃദത്തിന്റെയും പൊൻവെളി ച്ചം. ഞാൻ അതിലൊരാളായി മാറി. മനുഷ്യരുടെ ബാഹ്യജീവിതത്തേ ക്കാൾ പ്രധാനം ആന്തരിക ജീവിത ത്തിന്റെ ഉൾക്കാഴ്ചയരുളുന്ന പ്രകാ ശമാണ് എന്ന് തിരിച്ചറിഞ്ഞ നാളു കൾ. പ്രധാന ലോബിയുടെ അടു ത്തുള്ള മുറി എന്റെ കൺസൾട്ടേ ഷൻ ക്യാബിനായി. അങ്ങനെ ലൂർദ്ദ് ആശുപത്രിയിൽ ഒരു കാർഡിയോളജിസ്റ്റിന്റെ ജീവിതം തുടങ്ങുകയായി. ആശുപത്രിയിലെ ആദ്യത്തെ സൂപ്പർ സ്പെഷ്യാലിറ്റി

വിഭാഗമാണ്. അത് എറണാകുളം ജില്ലയിലെതന്നെ നാലാമത്തെ കാർഡിയോളജി വിഭാഗം.

ഹൃദ്രോഗ വിഭാഗത്തിന്റെ സാരഥ്യം ഞാൻ ഏറ്റെടുത്തെങ്കിലും ആദ്യകാലപ്രവർത്തനങ്ങൾ ഏറെ ദുഷ്കരമായിരുന്നു. യൂറോപ്പിലെ അതിപ്രശസ്തമായ ജർമ്മൻ ഹാർട്ട് സെന്ററിൽ വച്ച് പഠിച്ച ആധുനിക ഹൃദ്രോഗപരിശോധനാ-ചികിത്സാ മുറകൾ... പ്രയോഗിക്കാൻ പറ്റാത്ത സ്ഥിതി. ആവശ്യം വേണ്ട പരിശോധനാ-ചികിത്സാ ഉപകരണങ്ങളുടെ അഭാവംതന്നെ പ്രധാന കാരണം. ഹാർട്ട് അറ്റാക്കുമായി പ്രവേശിപ്പിക്കപ്പെടുന്ന രോഗികളെ സമുചിതമായി ചികിത്സിക്കുന്നതിനായി ആദ്യമായി ഒരു കൊറോണറി കെയർ യൂണിറ്റ് സംവിധാനം ചെയ്തു. അതിലേക്ക് വേണ്ട സെൻട്രൽ മോണിട്ടറിങ്ങ് സിസ്റ്റവും മറ്റു സാമഗ്രികളും ഡയറക്ടറച്ചൻ വാങ്ങിത്തന്നു. ദീർഘകാലം ജർമ്മനിയിൽ നേഴ്സായി പ്രവർത്തിച്ചു പരിചയമുള്ള സിസ്റ്റർ ആഗ്നസിനെ ഹെഡ് നേഴ്സായി ലഭിച്ചു. സിസ്റ്റർ ആഗ്നസിന്റെ ആഴമേറിയ നേഴ്സിങ്ങ് പരിചയവും ആത്മാർത്ഥമായ സഹകരണവുംകൊണ്ട് ലൂർദ്ദ് ആശുപത്രിയിലെ ആദ്യത്തെ കൊറോണറി കെയർ യൂണിറ്റ് വിജയപ്രദമായി മുന്നോട്ട് കൊണ്ടുപോകുവാൻ സാധിച്ചു. അന്ന് കാത്ത്ലാബ് സൗകര്യമില്ല. ലൂർദ്ദ് ആശുപത്രിയിലെന്നല്ല, തിരുവനന്തപുരത്തെ ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഒഴിച്ചാൽ, കേരളത്തിൽ ഒരിടത്തുംതന്നെ അന്ന് കാത്ത്ലാബ് ഇല്ല. അതുകൊണ്ട് ജർമ്മൻ ഹാർട്ട് സെന്ററിൽവച്ച് ഞാൻ പഠിച്ച ആൻജിയോഗ്രാഫി, ആൻജിയോ പ്ലാസ്റ്റി തുടങ്ങിയ നൂതന ചികിത്സാ വിധികൾ പ്രയോഗിക്കാൻ പറ്റാത്ത സ്ഥിതിയായി. കളത്തിവീട്ടിൽ അച്ചനോട് കാത്ത്ലാബ് തുടങ്ങുന്ന കാര്യം പറഞ്ഞെങ്കിലും സാമ്പത്തിക ബാധ്യതകൾ നിമിത്തം അദ്ദേഹത്തിനത് നിർമ്മിച്ചു തരാൻ സാധിച്ചില്ല. എങ്കിലും എത്രയും പെട്ടെന്ന് അത് തരപ്പെടുത്തി തരാനുള്ള വഴികൾ തേടാമെന്ന് അദ്ദേഹം ഉറപ്പുതന്നു. ഹാർട്ട് അറ്റാക്കുമായി

*കറപുരളാത്ത ജീവിത ദർശനവും അവാച്യമായ ഭരണചാതുര്യവും കൊണ്ട് താൻ സേവനം അനുഷ്ഠിക്കുന്ന സ്ഥാപനത്തെയും അതിലെ സഹജീവികളെയും സമൂഹത്തെയും ഉയർച്ചയുടെ പടവുകളിലേക്ക് കൈപിടിച്ചുകൊണ്ടുപോകാൻ ആന്റണി കളത്തിവീട്ടിൽ അച്ചൻ പ്രദർശിപ്പിച്ച സാമർത്ഥ്യവും ത്രാണിയും എടുത്തുപറയേണ്ടതാണ്.*

വളരെ സങ്കീർണതകളോടെ പ്രവേശിപ്പിക്കപ്പെട്ട രോഗികളെ ആൻജിയോപ്ലാസ്റ്റിക്കു പകരം കുത്തിവയ്പുകൾകൊണ്ടും മറ്റ് ഔഷധ ചികിത്സകൾ കൊണ്ടുമാണ് സുഖപ്പെടുത്തിയത്.

ഏതാണ്ട് എല്ലാ പ്രഭാതങ്ങളിലും അച്ചൻ ക്യാബിനിൽ വരും, കാര്യങ്ങൾ അന്വേഷിക്കും, പരിമിതികളുണ്ടെങ്കിലും പരമാവധി ശ്രമിച്ച് ഹൃദ്രോഗവിഭാഗത്തിന്റെ പ്രവർത്തനങ്ങൾ സജീവമായി മുന്നോട്ടുകൊണ്ടുപോകണമെന്ന് പറയും. ക്രാന്തദർശിയായ ആ വൈദികശ്രേഷ്ഠന്റെ സ്നേഹവും കരുതലും പ്രോത്സാഹനവുംകൊണ്ടാണ് ലൂർദ്ദ് ആശുപത്രിയിൽ ഹൃദ്രോഗവിഭാഗം അതിവേഗം വളർന്നു പ്രശസ്തിയാർജ്ജിച്ചത്. പിന്നീട് ഫ്രാൻസിസ് സേവ്യർ താന്നിക്കാപ്പറമ്പിൽ അച്ചൻ ഡയറക്ടറായിരുന്ന കാലത്താണ് ലൂർദ്ദ് ആശുപത്രിയിൽ കാത്ത്ലാബ് സൗകര്യം ഉണ്ടായത്.

കാലത്തിന്റെ മാറ്റങ്ങളെ ഘടികാരസൂചിപോലെ സൂക്ഷ്മവും കൃത്യമായും ഉൾക്കൊണ്ട് ആന്റണി കളത്തിവീട്ടിൽ അച്ചൻ സുധീരം ലൂർദ്ദ് ആശുപത്രിയിലെ ഉയർച്ചയിൽനിന്ന് ഉയർച്ചയിലേക്ക് നയിച്ചു. ആരെങ്കിലുമൊന്ന് നിശ്വസിച്ചാൽ കെട്ടുപോകുന്നത്ര വ്യക്തിത്വമായിരുന്നില്ല അച്ചന്റേത്. ജീവജലംപോലെ അമൂല്യമായി സമയത്തെയും സമയനിഷ്ഠയെയും കർമ്മവികാസങ്ങളെയും നോക്കിക്കാണുവാൻ അദ്ദേഹം യജ്ഞിച്ചു. വിജയം ജീവിതത്തിന്റെ മധുരഫലഹാരമാണെങ്കിൽ അതുണ്ടാക്കാനുള്ള ചേരുവകൾ കൃത്യമായി സൂക്ഷിക്കുകയും ഉചിതമായി ഉപയോഗിക്കുകയും ചെയ്തതാണ് കളത്തിവീട്ടിൽ അച്ചനെ ലൂർദ്ദ് ആശുപത്രിയുടെ സുകൃതമായി ഉയർത്തിയത്. അദ്ദേഹത്തിനുശേഷം ഡയറക്ടർമാരായി വന്ന ഫാ. ഫ്രാൻസിസ് സേവ്യർ, ഫാ. സാബു നെടുനിലത്ത്, ഫാ. ഷൈജു തോപ്പിൽ തുടങ്ങിയവരെല്ലാം കളത്തിവീട്ടിൽ അച്ചൻ ലൂർദ്ദ് ആശുപത്രിയിൽ കൊളുത്തിവച്ച ദീപം കെടാതെ കൂടുതൽ ഊർജ്ജസ്വലരായി ആതുരാലയത്തെ മുന്നോട്ട് നയിച്ചു. ഇപ്പോഴത്തെ ഡയറക്ടറായ ഫാ. ജോർജ്ജ് സെക്വീരയും തികഞ്ഞ വൈദഗ്ധ്യവും നൈപുണ്യവും ഉൾക്കൊണ്ട് ആശുപത്രിയെ സുധീരം മുന്നോട്ടു നയിക്കുന്നു.

പ്രഖ്യാതകവി ഒ.എൻ.വി. കുറുപ്പിന്റെ ഒരു കവിതാശകലം ഉദ്ധരിച്ചുകൊണ്ട് ഞാൻ ഉപസംഹരിക്കാം.

*"മധുരമായിടാം പരുഷമായിടാം*
*ഇവിടെയും തീരെച്ചെറിയ ശബ്ദങ്ങൾ*
*പ്രിയ സുഹൃത്തേ എൻഹൃദയഭിത്തിയിൽ*
*പതിക്കെ, അവ നൂറു നൂറു ഇരട്ടിയാകുന്നു*
*അവ വളർന്നു മഹാധ്വനികളായി*
*അവ ഇരമ്പുന്നു മഹാസമുദ്രമായി"*

ഓരോ കർമ്മവും നമ്മിൽനിന്ന് പുറത്തേക്കു വരുന്ന ഓരോ ചെറിയ ശബ്ദവും എത്തേണ്ടിടത്ത് എത്തിച്ചേരുമ്പോൾ അത് മഹാസമുദ്രമായി ആർത്തിരമ്പുകയും പ്രതിധ്വനിക്കുകയും ചെയ്യുമെന്ന് ഓർക്കുക. ആ ലക്ഷ്യസ്ഥാനത്ത് നമ്മെ എത്തിക്കുക എന്നതാണ് നമ്മുടെ ആത്മീയ യാത്രയുടെ കർമ്മം. ബഹു. ആന്റണി കളത്തിവീട്ടിൽ അച്ചന്റെ ജീവിതത്തിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ ഈ വാക്കുകൾ ഏറെ അന്വർത്ഥമായിട്ട് കാണുന്നു.



# പുളിപ്പില്ലാത്ത അപ്പവും പാലും

പെസഹാ അപ്പം പാകം ചെയ്യുന്നതിനും വിളമ്പുന്നതിനുമൊക്കെ പരമ്പരാഗതമായ ചിട്ടവട്ടങ്ങളുണ്ട്. പെസഹാ രാവിൽ, അരിപ്പൊടിയിൽ ഉഴുന്നും, ജീരകവും, വെളുത്തുള്ളിയും ചേർത്തു കുഴച്ച അപ്പത്തോടൊട്ടി ഇലക്കുരിശു വേകുന്നതിന്റെ ഗന്ധം എല്ലാ ക്രിസ്തീയ വീടുകളുടെയും മേൽവിലാസമാണ്. പുളിപ്പില്ലാത്ത അപ്പം എന്ന പാരമ്പര്യത്തെ കുരുത്തോലയും ജീരകവും, വെളുത്തുള്ളിയുമൊക്കെ ചേർത്താണു നമ്മൾ നമ്മളുടേതാക്കിയത്.

**അപ്പം പാകം ചെയ്യൽ**


പെസഹാ അപ്പം പാകം ചെയ്യുന്നതിനും, വിളമ്പുന്നതിനുമൊക്കെയുണ്ട് പരമ്പരാഗത ചിട്ടവട്ടങ്ങൾ. വീടും പരിസരവുമൊക്കെ വൃത്തിയാക്കി, പ്രാർത്ഥനയോടെയാണ് അപ്പത്തിനുള്ള ഒരുക്കങ്ങൾ തുടങ്ങുന്നതുപോലും. അരിപ്പൊടിയാണ് അപ്പത്തിലെ പ്രധാന ചേരുവ. കുതിർത്ത ഉഴുന്ന് വെള്ളം ചേർക്കാതെ അരച്ചെടുത്ത് അരിപ്പൊടിയുടെ മൂന്നിലൊന്ന് കണക്കിൽ ചേർക്കാം. ജീരകവും വെളുത്തുള്ളിയും അരച്ചെടുത്ത മിശ്രിതവും ചിരകിയ തേങ്ങയും ആവശ്യത്തിന് ഉപ്പും ചേർത്ത് തിളച്ച വെള്ളമൊഴിച്ചു കുഴച്ചെടുത്താൽ അപ്പത്തിനുള്ള മാവായി. ഇത് ഒരു പാത്രത്തിൽ പരത്തി ആവിയിൽ വേവിച്ചെടുക്കണം. ചില സ്ഥലങ്ങളിൽ അപ്പം ചുട്ടെടുക്കാറുമുണ്ട്. അപ്പത്തിനു നടുവിൽ ഓശാന നാളിലെ കുരുത്തോലയുടെ കീറ് കുരിശാകൃതിയിൽ വയ്ക്കും.

**അപ്പത്തിനൊപ്പം പാൽ**

ക്രൈസ്തവ പാരമ്പര്യ പ്രകാരം പെസഹാ ദിനത്തിൽ അപ്പത്തിനൊപ്പം പാലും ഉണ്ടാക്കും. തേങ്ങാപ്പാലിൽ ശർക്കരയും, ജീരകവും, ചുക്കും, ഏലയ്ക്കയും ചേർത്തു തിളപ്പിച്ചെടുക്കുന്നതാണ് പെസഹാ പാൽ. കൂടെ കൊഴുപ്പുകിട്ടാൻ അൽപ്പം അരിപ്പൊടിയും ചേർക്കും. പാൽ തിളയ്ക്കുമ്പോൾ അതിലേക്ക് കുരുത്തോല കീറി ഇടുന്നു.

### കർമ്മനിരതനായ ആത്മീയപാലകൻ
### ദൈവദാസൻ മോൺസിഞ്ഞോർ
# ഇമ്മാനുവൽ ലോപ്പെസ്





**ഫാ. വില്യം നെല്ലിക്കൽ**

## 20-ാം ചരമവാർഷികവും ദൈവദാസപദ പ്രഖ്യാപനത്തിന്റെ പ്രഥമ വാർഷികവും 20 മാർച്ച് 2024

**സിലോണിൽ പഠിച്ച ഫാദർ ഇമ്മാനുവൽ**

1908 മെയ് 10-ന് വരാപ്പുഴ അതിരൂപതയിൽ ചാത്യാത്ത് കർമ്മല നാഥയുടെ ഇടവകയിൽ ഏലിയാസ്-ട്രീസ ലോപെസ് ദമ്പതികളുടെ മൂത്തമകനായി ഇമ്മാനുവേൽ ജനിച്ചു. 12 വയസ്സുള്ളപ്പോൾ വൈദികനാകണമെന്ന ആഗ്രഹം പ്രകടമാക്കി. ഇടവക വികാരിയുടെ ശുപാർശയോടെ 1920 ജൂണിൽ ബാലനെ സെമിനാരി പഠനത്തിന് മൈനർ സെമിനാരിയിൽ സ്വീകരിച്ചത് അന്നത്തെ മെത്രാപ്പോലീത്ത സ്പെയിൻകാരനായ എയ്ഞ്ചൽ മേരിയായിരുന്നു. അതിരൂപതയുടെ മൈനർ സെമിനാരിയിൽ ചേർന്ന് സ്കൂൾ പഠനത്തോടൊപ്പം ലത്തീൻ ഭാഷാ പഠനവും പൂർത്തിയാക്കി. അതിനുശേഷം ഇമ്മാനുവൽ ലോപ്പസ്, അലക്സാണ്ടർ കണ്ണിക്കൽ എന്നീ രണ്ടു വൈദികാർത്ഥികളെ ശ്രീലങ്കൻ നഗരമായ ക്യാൻഡിയിലെ പേപ്പൽ സെമിനാരിയിലേക്ക് ഉന്നതപഠനത്തിനായി അയച്ചു. നീണ്ട എട്ടു വർഷക്കാലം അവിടെ തത്ത്വശാസ്ത്ര-ദൈവശാസ്ത്ര പഠനങ്ങളും പ്രാഥമിക വൈദിക പരിശീലനവും കഴിഞ്ഞു. 1934 ജൂലൈ 16, കർമ്മല നാഥയുടെ തിരുനാളിൽ ക്യൻഡിയിലെ സെമിനാരി കപ്പേളയിൽവച്ച് ഇമ്മാനുവേൽ ലോപെസ് വൈദിക പട്ടം സ്വീകരിച്ചു.

**സ്പീഡും കഴിവുമുള്ള കർമ്മയോഗി**

1934-ലെ ഓഗസ്റ്റു മാസത്തിൽ സീലോണിൽനിന്നും നാട്ടിൽ തിരിച്ചെത്തിയ ഫാദർ ഇമ്മാനുവൽ ലോപ്പെസ് വൈപ്പിൻ ദ്വീപിലുള്ള പെരുമ്പിള്ളിയിൽ 5 വർഷക്കാലം സഹവികാരിയായി സേവനം ചെയ്തു. ദ്വീപിലെ സാധാരണക്കാരായ ജനങ്ങളുടെ ജീവിതക്ലേശങ്ങൾ മനസ്സിലാക്കി ആത്മീയതയും അർപ്പണബോധവുമുള്ള ഫാദർ ഇമ്മാനുവേൽ സാമൂഹ്യസേവന മേഖലയിലും ഏറെ പ്രതിബദ്ധത പ്രകടമാക്കി. പെരുമ്പിള്ളി കോ-ഓപ്പറേറ്റീവ് സൊസൈറ്റി, പാൽ സൊസൈറ്റി എന്നിവ, ക്ലേശിക്കുന്ന തദ്ദേശ ജനതയുടെ ഉന്നമനം ലക്ഷ്യമാക്കി അദ്ദേഹം തുടക്കമിട്ട ചെറിയ സാമ്പത്തിക പദ്ധതികളാണ്. പാൽ സൊസൈറ്റി ആധുനിക കാലത്ത് നിന്നുപോയെങ്കിലും കോ-ഓപ്പറേറ്റീവ് സൊസൈറ്റി വളർന്നു വലുതായി സാധാരണക്കാർക്കു താങ്ങായി ഇന്നും നിലനില്ക്കുന്നു.

അതുപോലെ വിവാഹനിധി, മരണഫണ്ട് എന്നിവയും അദ്ദേഹത്തിന്റെ ആർദ്രമായ അജപാലന ചൈതന്യത്തിന്റെ അടയാളമായിരുന്നു.

**ഒത്തിരി കാര്യങ്ങൾ ചെയ്ത പ്രേഷിതൻ**

1939 ഏപ്രിൽ മാസത്തിൽ ഫാദർ ഇമ്മാനുവൽ എറണാകുളത്തെ ഇൻഫന്റ് ജീസസ് പള്ളി വികാരിയായി നിയമിതനായതോടെയാണ് അദ്ദേഹത്തിന്റെ അജപാലന ശുശ്രൂഷ കൂടുതൽ ചിറകുവിരിച്ചത്. 24 വർഷക്കാലം നീണ്ടുനിന്ന ലാളിത്യമാർന്നതും ആത്മീയത തുളുമ്പി നിന്നതുമായ ജീവിതം വൈവിധ്യമാർന്നതായിരുന്നു. ജനങ്ങളുടെ ആദ്ധ്യാത്മികവും സാമൂഹികവും സാംസ്കാരികവുമായ ഉന്നമനത്തിനായി പുതിയ മേഖലകൾ അദ്ദേഹം വെട്ടിത്തുറന്നു. കലാ-സാംസ്കാരിക രംഗത്തും, ജനങ്ങളുടെ സാമൂഹ്യ ചുറ്റുപാടുകളിലും ഈ യുവവൈദികൻ ഇറങ്ങി പ്രവർത്തിച്ചു. മതബോധനം, മിഷൻ പ്രവർത്തനം, ഭക്തസംഘടനകൾ എന്നിവയുടെ സ്ഥാപനത്തിനായി ഇക്കാലയളവിൽ ഫാദർ ലോപ്പെസ് നല്കിയ സംഭാവനകൾ കാലാതീതമാണ്. സിലോണിലെ ജസ്വിറ്റ് സെമിനാരിയിൽ ലഭിച്ച പ്രേഷിതതീക്ഷ്ണത നവമായ തന്റെ പ്രേഷിതരംഗത്ത് പകർത്തിയതിന്റെ അലയടി ഇടവകയ്ക്കു മാത്രമല്ല മൊത്തം അതിരൂപതയ്ക്ക് അനുഗ്രഹമായി.

**..കലാകാരന്മാരെ സ്നേഹിച്ച വൈദികൻ**

.. സമൂഹത്തിന്റെ കലാ സാംസ്കാരിക മേഖലയെ ഉണർത്തിയ ആദ്യവേദിയാണ് ഉണ്ണിമിശിഹാ പള്ളിയോടു ചേർന്ന് ഇന്നും ഓർമ്മയുണർത്തി നില്ക്കുന്ന ബോസ്കോ കലാസമിതി. നാടകം, സംഗീതം, സാഹിത്യം എന്നീ മേഖലകളിലെ പ്രതിഭകളുടെ സംഗമവേദിയാണ് ഈ സ്ഥാപനം. ജോബ് & ജോർജ്ജ്, സി.ഒ. ആന്റോ, ജെറി അമൽദേവ്, മാധ്യമപ്രവർത്തകനും സംഗീതജ്ഞനും മിഷണറിയുമായ ഫാദർ ക്രിസ്റ്റഫർ കൊയിലോ കപ്പുച്ചിൻ, കെ.കെ. ഗോപാലൻ മാസ്റ്റർ, വയലിനിസ്റ്റുമാരായ ജോ കൊയിലോ, ജോ ഐകസ്സ്, ഗിറ്റാറിസ്റ്റ് തോമസ്, ആർട്ടിസ്റ്റ് ഫ്ളെച്ചർ ഡേവിഡ്, പിയനിസ്റ്റ് ചാർളി സ്റ്റീവർട്ട് എന്നിവർ ഫാദർ ഇമ്മാനുവൽ ലോപ്പെസ് ചേർത്തുപിടിച്ച കേരളക്കരയിലെ കലാ-സാംസ്കാരിക പ്രതിഭകളാണ്.

**കലവറയില്ലാത്ത കർമ്മധീരൻ**

വരാപ്പുഴ അതിരൂപതയുടെ പ്രഥമ തദ്ദേശീയ മെത്രാപ്പോലീത്തയായിരുന്ന (1934-1972) പുണ്യശ്ലോകനും ദൈവദാസനുമായ ആർച്ചുബിഷപ്പ് ജോസഫ് അട്ടിപ്പേറ്റിയുടെ താല്പര്യപ്രകാരമാണ് ഉണ്ണിമിശിഹാ പള്ളിയിൽ സേവനം ചെയ്ത കാലത്തുതന്നെ അതിരൂപതയിലെ ഉപവി പ്രവർത്തനങ്ങൾക്കുള്ള വിൻസെന്റ് ഡി പോൾ, മേരിയൻ സംഘടനയായ ലീജിയൻ, കുട്ടികളുടെ വിശ്വാസ ജീവിതത്തെ ബലപ്പെടുത്തുന്ന തിരുബാലസംഖ്യം, വിശ്വാസ പ്രഘോഷണത്തിനുള്ള മിഷൻ പ്രവർത്തനം, യുവജനങ്ങളുടെ വിശ്വാസ രൂപീകരണത്തിനുള്ള മതബോധനം, ദൈവവിളി പ്രവർത്തനങ്ങൾ തുടങ്ങിയ ബഹുമുഖ പ്രസ്ഥാനങ്ങൾക്ക് ഫാദർ ലോപ്പസ് തുടക്കമിടുകയും, അതിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ടുപോവുകയും ചെയ്തത് ചരിത്രമാണ്.

**മതബോധനരംഗത്തെ പ്രാരംഭകൻ**

അതിരൂപതയുടെ മതബോധനം ലക്ഷ്യമാക്കി 1962-ൽ ഫാദർ ഇമ്മാനുവെൽ എഡിറ്ററായി പ്രസിദ്ധീകരിച്ച ശ്രദ്ധേയമായ പ്രഥമ മതബോധന പുസ്തകമാണ് "വേദോപദേശ സംക്ഷേപം." അന്ന് അതിരൂപതയ്ക്ക് മുതൽക്കൂട്ടായിരുന്ന ഐ.എസ്സ്. പ്രസ്സ് കേന്ദ്രമാക്കിയാണ് സഭയുടെ പരമ്പരാഗത പ്രാർത്ഥനകളും അടിസ്ഥാന പ്രബോധനങ്ങളും ഉൾക്കൊള്ളുന്ന ഈ പ്രഥമ പുസ്തകം പ്രാദേശിക സഭയിൽ ഫാദർ ഇമ്മാനുവൽ ലോപ്പെസ് പ്രസിദ്ധീകരിച്ചത്. 1968 ൽ വേദോപദേശ സംക്ഷേപത്തിന്റെ ഒരു തുടർച്ചയെന്നോണമായിരുന്നു "സ്വർഗ്ഗസന്ദേശം" എന്ന ചെറിയ ഗാനപുസ്തകം പ്രസിദ്ധപ്പെടുത്തിയത്. അതിലെ സുന്ദരമായ എട്ടു ഗാനങ്ങളും അവയുടെ ഈണവും പാശ്ചാത്യ സംഗീത ലിപികളിൽ രേഖപ്പെടുത്തിയിട്ടുള്ളതാണിത്. ഇതിലെ എല്ലാ ഗാനങ്ങളും വിശ്വാസ സത്യങ്ങൾ പ്രകാശിപ്പിക്കുന്നവയായിരുന്നു. അതിലെ മൂന്നു ഗാനങ്ങൾ ജെറി അമൽദേവും മറ്റുള്ളവ ജോബ് & ജോർജ്ജും സംഗീതസംവിധാനം നിർവ്വഹിച്ചതാണ്. ഗാനരചയിതാക്കൾ വർഗ്ഗീസ് ജെ. മാളിയേക്കൽ, ഫാദർ ജോസഫ് മനക്കിൽ എന്നിവരാണ്. "വഴിയും ജീവനും" അന്നത്തെ കേരളസഭ അംഗീകരിച്ച ഉയർന്ന ക്ലാസ്സുകാർക്കുള്ള മതബോധനഗ്രന്ഥമാണ്.

**സർക്കാർ ആശുപത്രിയിലെ സേവകൻ**

എറണാകുളത്തെ ഹൈക്കോടതി ജംഗ്ഷനിലുള്ള ഉണ്ണിമിശിഹാ പള്ളിയിൽ സേവനം ചെയ്യുന്ന കാലത്തുതന്നെ സ്ഥലത്തെ സർക്കാർ ആശുപത്രിയിലെ രോഗീസന്ദർശനം അദ്ദേഹം ഏറ്റെടുത്തിരുന്നു. പാവങ്ങളായ രോഗികൾക്ക് മരുന്നിനുള്ള സഹായം എത്തിച്ചുകൊടുക്കുക, മരണാസന്നർക്ക് രോഗീലേപനം നല്കുക, കത്തോലിക്കരായവർക്ക് ദിവ്യകാരുണ്യം നല്കുക, എല്ലാ രോഗികളേയും ഓരോ ദിവസവും അല്പസമയമെങ്കിലും രാവിലെയും വൈകുന്നേരവും നേരിൽക്കണ്ട് ഒരു സാന്ത്വനവാക്ക് പറയുക എന്നിങ്ങനെ തന്റെ മരണംവരെ, മൂന്നു പതിറ്റാണ്ടിൽ അധികകാലം നീണ്ടതായിരുന്നു ഈ ആത്മീയാചാര്യന്റെ നിശ്ശബ്ദ സേവനം(1939-2005). മംഗലപ്പുഴ സെമിനാരിയുടെ സ്ഥാപകരിൽ ഒരാളും രണ്ടു പതിറ്റാണ്ടോളം സെമിനാരി റെക്ടറുമായിരുന്നു ഫാദർ ഔറേലിയൻ ഓ.സി.ഡി. (1914-1963). രോഗിയായും ഏകാന്തതയിലും എറണാകുളം ആശുപത്രിയിൽ കിടന്ന, ഇന്ന് ധന്യപദം ചൂടിയ ഔറേലിയനച്ചന്റെ അവസ്ഥ കണ്ടിട്ടാണ്, അതിരൂപതയിലെ വൈദികർക്കായി ഒരു ചികിത്സാ സഹായസംവിധാന

## മോൺസിഞ്ഞോർ ഇമ്മാനുവൽ ലോപ്പെസ് 20-ാം ചരമവാർഷികവും ദൈവദാസപദപ്രഖ്യാപനത്തിന്റെ പ്രഥമ വാർഷികവും



**ചാത്യാത്ത് മൗണ്ട് കാർമ്മൽ പള്ളിയിൽ വച്ച്  മാർച്ച് 20 ബുധനാഴ്ച 4. 00ന്**

മോൺസിഞ്ഞോർ ഇമ്മാനുവൽ ലോപ്പസ്
അനുസ്മരണ ദിവ്യബലി:  തുടർന്ന് കബറിടത്തിൽ പ്രാർത്ഥന

മുഖ്യകാർമ്മികൻ : അഭിവന്ദ്യ ആർച്ച് ബിഷപ്പ് ഡോ. ജോസഫ് കളത്തിപ്പറമ്പിൽ

ഏവർക്കും സ്വാഗതം

ത്തിന് മോൺസിഞ്ഞോർ ലോപെസ് തുടക്കമിട്ടത്.

**അതിരൂപതയുടെ ഭരണസമിതിയിൽ**

1959-ൽ ഫാദർ ഇമ്മാനുവെൽ ലോപ്പസിന്റെ അനിതരസാധാരണമായ അജപാലന പാടവവും സേവനതല്പരതയും സഭാസ്നേഹവും കണക്കിലെടുത്ത് ജോൺ 23-ാമൻ പാപ്പാ അദ്ദേഹത്തിന് "പ്രീവി ചേമ്പർലെയിൻ" മോൺസിഞ്ഞോർ (Privi Chemberiaine ) പദവി നൽകി ആദരിച്ചു. തുടർന്ന് പുണ്യസ്മരണാർഹനായ ആർച്ചുബിഷപ്പ് ജോസഫ് അദ്ദേഹത്തെ അതിരൂപതയുടെ ഭരണസമിതി അംഗമാക്കിയും നിയോഗിച്ചു. അങ്ങനെ ആദ്യം അതിരൂപതയുടെ ചാൻസിലർ പിന്നെ വികാരി ജനറൽ, വിവാഹക്കോടതിയുടെ ജുഡീഷ്യൽ വികാരി എന്നീ വിവിധ തസ്തികകളിൽ മോൺസിഞ്ഞോർ ലോപ്പെസ് നീണ്ടകാലം സ്തുത്യർഹമായ സേവനം കാഴ്ചവച്ചു.

**പ്രാർത്ഥനയുടെ മനുഷ്യൻ**

ഭാരിച്ച ജോലികൾക്കിടയിലും യാമപ്രാർത്ഥന, ദിവ്യബലി, ജപമാല എന്നിവ മുടങ്ങാതെ ചൊല്ലുന്നതിൽ അദ്ദേഹം അതീവ ശ്രദ്ധാലുവായിരുന്നു. അദ്ദേഹത്തിന്റെ ഓമനത്തവും ജീവിതലാളിത്യവും, എന്നാൽ ഏറെ സ്ഫുടതയുള്ള പ്രാർത്ഥനാരീതികളും ജനങ്ങൾ ഏറെ ഇഷ്ടപ്പെട്ടിരുന്നു. ജീവസമർപ്പണംകൊണ്ട് കേരളക്കരയിൽ നിറഞ്ഞുനിന്ന ഈ "നല്ല സമരിയാക്കാരനെ" ജാതിമതഭേദമെന്യേ സകലരും ഒരു ആത്മീയാചാര്യനായി ഉൾക്കൊണ്ടു. എന്നും കർമ്മനിരതമായ ജീവിതത്തിലെ രാത്രിയുടെ നീണ്ടയാമങ്ങൾ പ്രാർത്ഥനാനിർഭരമായിരുന്നെന്നും അടുത്തറിയുന്നവർ തിരിച്ചറിഞ്ഞു. "ഒരു വൈദികൻ തന്റെ അനുദിന ദിവ്യബലിയർപ്പണം ആദ്യബലി എന്നോണവും അവസാന ബലിയെന്നോണവും ഏകബലിയെന്നോണവും തീക്ഷ്ണതയോടും ശ്രദ്ധയോടുംകൂടെ അർപ്പിക്കണം" എന്നത് മോൺസിഞ്ഞോർ ലോപ്പെസിന്റെ ആപ്തവാക്യമാണ്. കെട്ടിലും മട്ടിലും, നിറത്തിലും ഭാവത്തിലും ജീവിത വിശുദ്ധി നിറഞ്ഞിരുന്ന ഈ വൈദികശ്രേഷ്ഠനെ കുട്ടികൾ കൗതുകത്തോടും ആദരവോടുംകൂടെ "ഉണ്ണീശോച്ചൻ..." എന്നു വിളിക്കുമായിരുന്നു.

**നോവലിലെ മുഖ്യകഥാപാത്രം- അലക്സമ്മാവൻ**

ജീവിതസായാഹ്നത്തിൽ എത്തിയപ്പോൾ തന്റെ അജപാലന സമർപ്പണത്തിലെ പരിചയസമ്പത്തും അതിന്റെ പൂർത്തീകരണത്തിനായി തനിക്കു കൈവന്ന ആത്മീയവും സാംസ്കാരികവും കലാപരവുമായ ആശയങ്ങളും കോർത്തിണക്കി രൂപീകരിച്ചതാണ് "അലക്സമ്മാവൻ" എന്ന നീണ്ട നോവൽ. അച്ചടിയല്ലാതെ മറ്റു മാധ്യമങ്ങൾ ഒന്നും ഇല്ലാതിരുന്ന കാലത്ത് വിശ്വാസസത്യങ്ങൾ സംരക്ഷിക്കുന്നതിനും, സുവിശേഷ മൂല്യങ്ങൾ സമൂഹത്തിൽ പ്രചരിപ്പിക്കുന്നതിനും, ക്രിസ്തുവിന്റെ വ്യക്തിത്വവും അന്യൂനവുമായ സ്നേഹവീക്ഷണവും സമൂഹത്തിൽ സമന്വയിപ്പിക്കുവാനും, തന്റെ അജപാലന ശുശ്രൂഷയിലെ വിലപ്പെട്ട അനുഭവങ്ങൾ പങ്കുവയ്ക്കുവാനും ഒരു ചെറുപ്പക്കാരന്റെ ജീവിതത്തിലൂടെ ചുരുളഴിയുന്ന മോൺസിഞ്ഞോർ ലോപ്പെസിന്റെ രസകരമായ രചനയാണ് "അലക്സമ്മാവൻ." നോവലിലെ മുഖ്യ കഥാപാത്രമായ അമ്മാവൻ ഗ്രന്ഥകർത്താവ് തന്നെയാണെന്നും അയാൾ ക്രിസ്തുവിന്റെ പ്രതിരൂപമാണെന്നും വായനയുടെ അന്ത്യത്തിൽ മനസ്സിലാകും!


**ഇന്നും പ്രചോദനമേകുന്ന വൈദികശ്രേഷ്ഠൻ**

നോവലിന്റെ ആദ്യപതിപ്പിന് കവർചിത്രം വരയ്ക്കാൻ ലേഖകനോട് ആവശ്യപ്പെട്ടപ്പോഴാണ് കൃതിയുടെ രചനാശൈലി മനസ്സിലായത്. പ്രസിദ്ധീകരിക്കും വരെ തന്റെ പുസ്തകത്തെക്കുറിച്ച് പുറത്താരോടും പറയരുതെന്ന താക്കീതും അദ്ദേഹം എനിക്കു നൽകിയിരുന്നു. ഇത് 1993-ൽ ആയിരുന്നു. സെമിനാരിയിൽ ചേർന്ന നാൾമുതൽ അടുത്തറിഞ്ഞ മോൺസിഞ്ഞോറിന്റെ ജീവിതം, വിശിഷ്യ അദ്ദേഹത്തിന്റെ ലാളിത്യമാർന്ന ജീവിതവും പെരുമാറ്റ രീതിയും എന്നെ എന്നും ആകർഷിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ പ്രശാന്തതയ്ക്കൊപ്പം സാദ്ധ്യമായ സ്പീഡും, നിശബ്ദമായി പല കാര്യങ്ങൾ സഭയ്ക്കുവേണ്ടി ചെയ്യുവാനുള്ള സമർപ്പണവുമാണ് വിശുദ്ധിയുടെ പടവുകളിലേക്കു അദ്ദേഹത്തെ ഉയർത്തുന്നതെന്ന് വിശ്വസിക്കുന്നു. ഈ ബോധ്യമാണ് "സ്വയാർപ്പണം" (A Sacrificial Life 20) എന്ന പേരിൽ മണിലാൽ പടവൂർ, ജെറി അമൽദേവ് എന്നിവരുടെ സഹായത്തോടെ 2002-ൽ, മോൺസിഞ്ഞോർ വിടപറയും മുൻപേ ഒരു ഡോക്യുമെന്ററി ചിത്രം നിർമ്മിക്കാൻ മോൺസിഞ്ഞോർ എന്നെ അനുവദിച്ചതും അനുഗ്രഹിച്ചതുമെന്നും ഇവിടെ സാക്ഷ്യപ്പെടുത്തുന്നു.

# ജലദിനം-ഉയർന്നുവരേണ്ട ചിന്തകൾ



**ഡോ. മാർട്ടിൻ ഗോപുരത്തിങ്കൽ,**
CMNPDF, CUSAT



എല്ലാ വർഷവും മാർച്ച് 22-ന് ലോക ജലദിനം ആചരിക്കുന്നു. ശുദ്ധജലത്തിന്റെ പ്രാധാന്യത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനും ശുദ്ധജലസ്രോതസ്സുകളുടെ സുസ്ഥിര പരിപാലനത്തിനുവേണ്ടി ശബ്ദമുയർത്തുന്നതിനു വേണ്ടിയുമാണത്. എല്ലാവർക്കും വെള്ളവും ശുചിത്വവും എന്നതിനെ പിന്തുണച്ച് ആഗോള ജലപ്രതിസന്ധി നേരിടാൻ ലോകമിന്ന് തയ്യാറെടുക്കുന്നു. സുരക്ഷിതമായ കുടിവെള്ളം ലഭ്യമല്ലാത്ത കോടിക്കണക്കിന് ജനങ്ങൾ നിത്യരോഗികളായി മാറിക്കൊണ്ടിരിക്കുന്നു. നമ്മുടെ നാടും ഇതിൽനിന്ന് വ്യത്യസ്തമല്ല. ശുദ്ധമായ കുടിവെള്ളം ഉറപ്പുവരുത്തുന്നതിന് ഇവിടെയുള്ള ഭരണകൂടങ്ങൾ പരാജയപ്പെട്ടിരിക്കുന്നു. കാലാകാലങ്ങളായി അനുവർത്തിച്ചു പോരുന്ന തെറ്റായ വികസന മാതൃകകളാണ് ഇതിനു കാരണമായി കണക്കാക്കപ്പെടുന്നത്. അടിസ്ഥാനപരമായ ആവശ്യങ്ങൾ പരിഗണിച്ചുകൊണ്ട് മാത്രമേ ഇനി നമുക്ക് വികസനത്തെപ്പറ്റി ചിന്തിക്കാൻ കഴിയൂ. നമ്മുടെ വികസന മാതൃകകൾ തിരുത്തി എഴുതേണ്ടതുണ്ടോ? എന്ന ചോദ്യമാണ് ഈ ജലദിനത്തിൽ ഈ ലേഖനം ഉയർത്തുന്നത്.

കേരളത്തിൽ ഇന്ന് മുൻകാലങ്ങളിൽനിന്ന് വ്യത്യസ്തമായി ഏറ്റവുമധികം ചർച്ച ചെയ്യപ്പെടുന്ന വിഷയങ്ങളായി പ്രളയവും, കാറ്റും, കടുത്ത വേനലും,

*ഇന്നത്തെ മദംപൊട്ടിയ വികസനത്തെപ്പറ്റി മലയാളി അല്പമെങ്കിലും മറിച്ച് ചിന്തിക്കാൻ തുടങ്ങിയത് കൊച്ചി തുറമുഖത്തിന്റെ സ്വകാര്യവല്ക്കരണത്തിനും, മൂലമ്പിള്ളി കുടിയൊഴിപ്പിക്കലിനും ശേഷം മാത്രമാണ്.*

ഉരുൾപൊട്ടലും മാറിക്കഴിഞ്ഞു. കഴിഞ്ഞ കുറെ പതിറ്റാണ്ടുകളായി വികസനം എന്ന പേരിൽ പ്രകൃതിയിൽ നാം നടത്തിയ കൈയേറ്റങ്ങൾ ഇന്ന് നമുക്ക് വലിയ തിരിച്ചടികളായിക്കൊണ്ടിരിക്കുന്നു. അംബരചുംബികളായ കെട്ടിടങ്ങളും, വലിയ മാളുകളും, തൂണുകളിലൂടെ യാത്ര ചെയ്യാൻ കഴിയുന്ന പുതിയ ഗതാഗത സംവിധാനങ്ങളും ഒക്കെയാണ് പുതിയ വികസന മാതൃകകളായി അവതരിപ്പിക്കപ്പെട്ടത്. എന്നാൽ അടിസ്ഥാന സൗകര്യ വിഷയങ്ങളിലേക്ക് ശ്രദ്ധ പതിപ്പിക്കുമ്പോൾ നമ്മുടെ നഗരങ്ങൾ ഏതൊരു മൂന്നാം ലോകരാജ്യത്തെ പോലെയും പരിതാപകരമാണ്. കഴിഞ്ഞ വർഷങ്ങളിലുണ്ടായ പ്രളയവും പേമാരിയും നമ്മുടെ ഊതി വീർപ്പിച്ച വികസന സങ്കല്പങ്ങൾക്ക് കടുത്ത ആഘാതമാണ് ഏല്പിച്ചത്. വികസനം എന്ന പേരിൽ നാം നടത്തിയ പ്രകൃതിയുടെ മേലുള്ള കടന്നുകയറ്റത്തിന് നമുക്ക് വലിയ വില കൊടുക്കേണ്ടതായി വന്നു.

കേരളത്തിന്റെ വികസന ഹബ് ആയ കൊച്ചിയിൽ കേവലം മണിക്കൂറുകൾമാത്രം പെയ്ത മഴയിൽ നഗരത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളും പൂർണമായിത്തന്നെ വെള്ളത്തിനടിയിലായി. നഗരത്തിന്റെ മാലിന്യം പേറുന്ന ഓടകളും പൊട്ടിയൊലിക്കുന്ന കുടിവെള്ള പൈപ്പുകളും താഴ്ന്ന പ്രദേശങ്ങളിലുള്ള വീടുകളുമെല്ലാം ആ പ്രളയത്തിൽ മുങ്ങി. ഗാർഹിക മാലിന്യങ്ങളും ആശുപത്രി മാലിന്യങ്ങളും നഗരഹൃദയത്തിൽ ഒഴുകി നടന്നു. നഗരത്തിലാകെ പൊട്ടിയൊലിക്കുന്ന കുടിവെള്ള പൈപ്പുകളിൽ ഈ മാലിന്യം കയറിയിട്ടുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. 95 ശതമാനത്തോളം നഗരവാസികളും കുടിവെള്ളത്തിന് വേണ്ടി ഉപയോഗിക്കുന്ന വെള്ളത്തെക്കുറിച്ച് അത്തരത്തിലുള്ള ചർച്ചകൾപോലും ഉയർന്നുവന്നില്ല എന്നത് അത്ഭുതത്തോടെയാണ് നോക്കി കാണേണ്ടത്.

നഗരത്തിന്റെ ജീവനാഡികളായ കായലുകളും പുഴകളും നഗരത്തിലെ പ്രധാന തോടുകളും, കയ്യേറി നമ്മൾ നടത്തിയ (അടിസ്ഥാന സൗകര്യങ്ങളിൽ ശ്രദ്ധയില്ലാതെ) വികസന പ്രവർത്തനങ്ങളുടെ പരിണതഫലമായിരുന്നു അത്. ഇരുനൂറോളം അനധികൃത നിർമ്മാണവും കയ്യേറ്റങ്ങളും നഗരഹൃദയത്തിൽ നടന്നിട്ടുണ്ട് എന്നാണ് ഏകദേശ കണക്ക്. കഴിഞ്ഞ നാളുകളിലെ വികസന പ്രവർത്തനം മൂലം മലകളെയും, പുഴയെയും, കായലിനെയും, മാത്രം ആശ്രയിച്ച് ജീവിക്കുന്ന സാധാരണക്കാരായ മനുഷ്യരെ വലിയ തോതിൽ അവരുടെ തൊഴിലിടങ്ങളിൽ നിന്നും നിഷ്കാസനം ചെയ്യിക്കാൻ മാറിമാറി വന്ന ഭരണകൂടങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്.

കിഴക്കൻ മേഖലയിൽ പശ്ചിമഘട്ടത്തിൽ പാറമടകൾ ഉണ്ടാക്കിയ അഗാധ ഗർത്തങ്ങൾ, പുഴകളും, കായലുകളും, തണ്ണീർതടങ്ങളും നികത്തിയുണ്ടാക്കിയ കയ്യേറ്റങ്ങൾ, നികത്തുന്നതിനുള്ള കുന്നിടിക്കൽ, മണൽ വാരലുകൾ, തീരപ്രദേശങ്ങളിലെ കണ്ടൽകാടുകളുടെ ദ്രുതഗതിയിലുള്ള നശീകരണങ്ങൾ, കയ്യേറ്റങ്ങൾ എല്ലാം കഴിഞ്ഞ നാളുകളിലെ വികസനത്തിന്റെ ഭാഗമായുള്ള നിർമ്മാണപ്രവർത്തനങ്ങളുടെ ഫലമായി ഉണ്ടായിട്ടുള്ളതാണ്. പ്രകൃതി വിഭവങ്ങൾ വലിയ രീതിയിൽ ചൂഷണം ചെയ്തു നടപ്പിലാക്കപ്പെട്ട പല വികസന പദ്ധതികളും ഇന്ന് നോക്കുകുത്തികളായി നിൽക്കുകയാണ്. (അതിൽ പലതും നമ്മളെത്തന്നെ തിരിഞ്ഞു നോക്കി ചോദിക്കുന്ന ചോദ്യങ്ങൾ ഏറെയാണ്) ഇത്തരത്തിലുള്ള വികസനപ്രവർത്തനങ്ങളുടെ ഭാഗമായി പ്രകൃതിയിൽ ഉണ്ടായ മാറ്റങ്ങളുടെ ദുരിതം ആദ്യഘട്ടങ്ങളിൽ ബാധിച്ചത് ഭൂരിഭാഗം വരുന്ന മത്സ്യത്തൊഴിലാളികളും, ആദിവാസികളും അടങ്ങിയ ദരിദ്ര വിഭാഗങ്ങളെ ആയിരുന്നെങ്കിൽ, ഇന്ന് മധ്യവർഗംകൂടി ഉൾപ്പെടുന്ന മറ്റൊരു വിഭാഗംകൂടി പ്രകൃതി ദുരന്തങ്ങളുടെ ഭാഗമായി ഇരചേർക്കപ്പെട്ടിരിക്കുന്നു. അങ്ങനെ നോക്കുമ്പോൾ നിലവിൽ കേരളത്തിലെ വലിയൊരു വിഭാഗം പൊതുസമൂഹം പ്രകൃതി ദുരിതങ്ങൾക്ക് ഇരയാക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. ഈ പശ്ചാത്തലത്തിൽ കേരളത്തിലെ പൊതുസമൂഹത്തിൽ അവതരിപ്പിച്ച വികസന പദ്ധതി വിശകലനം ചെയ്യാൻ ശ്രമിക്കുകയാണ് ഈ ലേഖനത്തിലൂടെ.

ഇന്നത്തെ മദംപൊട്ടിയ വികസനത്തെപ്പറ്റി മലയാളി അല്പമെങ്കിലും മറിച്ച് ചിന്തിക്കാൻ തുടങ്ങിയത് കൊച്ചി തുറമുഖത്തിന്റെ സ്വകാര്യവല്കരണത്തിനും, മൂലമ്പിള്ളി കുടിയൊഴിപ്പിക്കലിനും ശേഷം മാത്രമാണ്. കൊച്ചി ഒരു ദുബായിയോ, സിംഗപ്പൂരോ പോലെയാകും എന്ന് പ്രചരിപ്പിച്ചുവന്ന വല്ലാർപാടം ട്രാൻസ്ഷിപ്മെന്റ് പോർട്ട് പ്രൊജക്റ്റ് ഇന്ന് എവിടെ എത്തിനിൽക്കുന്നു എന്ന് അവലോകനം ചെയ്യേണ്ടത് ആവശ്യമാണ്. മൂവായിരത്തി അറുനൂറു കോടി രൂപയുടെ വികസനം, ഒരുലക്ഷം പേർക്ക് തൊഴിൽ, ഭാവിയിൽ വരാനിരിക്കുന്ന വലിയ സ്വകാര്യ നിക്ഷേപങ്ങൾ എന്നതൊക്കെ ആയിരുന്നു അവകാശവാദങ്ങൾ. പദ്ധതി നടപ്പിലാക്കി 11 വർഷം പൂർത്തിയാകുമ്പോൾ വീണ്ടും ഒരു കണക്കെടുപ്പ് നടത്തിയാൽ ലാഭങ്ങളെ ഇങ്ങനെകൂടി വായിച്ചു മനസ്സിലാക്കാൻ നമ്മളൊന്നുകൂടി പഠിക്കേണ്ടി വരും. പൊതുമേഖലയിൽ ഇരുന്ന പോർട്ട് പൂർണമായും സ്വകാര്യവല്കരിക്കപ്പെട്ടു. പോർട്ടിൽ സ്ഥിരം ജോലിയുണ്ടാ

യിരുന്ന നൂറുകണക്കിന് തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെട്ട് അവകാശങ്ങൾക്കായി സമരം ചെയ്യുന്നു. 2008-ൽ പോർട്ട് അനുബന്ധ നിർമ്മാണത്തിന്റെ ഭാഗമായി മൂലമ്പിള്ളിയിൽനിന്ന് കുടിയൊഴിപ്പിക്കപ്പെട്ട മനുഷ്യർ ഇന്നും (2019) കിടപ്പാടത്തിനുവേണ്ടി, ദരിദ്രരായി, കൈനീട്ടി നമുക്ക് മുന്നിൽ തെരുവിൽ നില്ക്കുന്നു. ഇതിനെല്ലാം പുറമേ പോർട്ടിൽ നിന്നുള്ള നികുതി വരുമാനം നിലച്ചു. കോടിക്കണക്കിന് രൂപ ഡ്രെഡ്ജിംഗിനായി ചിലവഴിക്കുന്നു. പദ്ധതിയുടെ ഭാഗമായി കൊച്ചിക്കായലിനു കുറുകെ കോടിക്കണക്കിന് രൂപ ചെലവിട്ട് ഉണ്ടാക്കിയ ഇന്ത്യയിലെ തന്നെ ഏറ്റവും വലിയ റെയിൽവേ പാലം നോക്കുകുത്തിയായി (ട്രെയിൻ സർവ്വീസ് ഇല്ലാതെ) നിൽക്കാൻ തുടങ്ങിയിട്ട് വർഷങ്ങളായി.

പുതിയ തുറമുഖ നിർമ്മാണവും ആയി ബന്ധപ്പെട്ട് കായലിന്റെ ജൈവികത വലിയ രീതിയിൽ തകർക്കപ്പെട്ടു. പോർട്ട് നിർമ്മാണത്തിനായി വിമല വനം എന്ന കണ്ടൽക്കാട് പൂർണമായും വെട്ടിമാറ്റപ്പെട്ടു. മദർഷിപ്പ് വരുന്നതിന് കൊച്ചി കായലിൽ 3 മീറ്റർ മാത്രം ആഴം ഉണ്ടായിരുന്ന പ്രദേശങ്ങൾ 18 മീറ്റർ വരെ ആക്കിയത് കായലിന്റെ ഒഴുക്കിനെ സാരമായി ബാധിച്ചു. മഴക്കാലത്ത് കേവലം 3 കി.മീ. വരെ മാത്രം ഉണ്ടായിരുന്ന ഓര് കയറ്റം ഇന്ന് 30 കിലോമീറ്ററോളം കയറുന്നുണ്ട്. പുഴയിൽ നീരൊഴുക്കിൽ ചെറിയ അളവിൽ കുറവ് ഉണ്ടാകുമ്പോൾ പോലും ഉപ്പ് വെള്ളം കയറി കുടിവെള്ള വിതരണം തടസ്സപ്പെടുന്നു. ചെല്ലാനം പോലെയുള്ള തീരദേശ പ്രദേശങ്ങളിൽ ശക്തമായ കടൽകയറ്റം അനുഭവപ്പെടുന്നു. അങ്ങനെ അങ്ങനെ വികസന പാതകൾ വഴി തുറന്ന് തന്ന ലാഭകണക്കുകളിൽ സാധാരണക്കാരന് മനസ്സിലാകാത്ത നിരവധി ചോദ്യങ്ങൾ ഇനിയും അവശേഷിക്കുന്നു.

1920-ൽ റോബർട്ട് ബ്രിസ്ടോ എന്ന ബ്രിട്ടീഷ്കാരൻപോലും കൊച്ചി തുറമുഖത്തിന്റെ നിർമ്മാണത്തിനു മുൻപ് പാരിസ്ഥിതികമായി ഉണ്ടാകാൻ ഇടയുള്ള നിരവധി പ്രത്യാഘാതങ്ങളെക്കുറിച്ച് പഠിക്കുകയും അതിനു പ്രതിവിധി നിർദ്ദേശിക്കുകയും ചെയ്തിരുന്നു. പ്രകൃതി ദുരന്തങ്ങളെക്കുറിച്ചോ, അത് ഉണ്ടാക്കുന്ന ആഘാതങ്ങളെക്കുറിച്ചോ വലിയ ബാധ്യതകൾ ഇല്ലാതിരുന്ന കാലത്തുപോലും കായലിനെയും പുഴയെയും ബന്ധപ്പെട്ട് ജീവിക്കുന്ന മനുഷ്യരെപ്പറ്റിയും, ആവാസ വ്യവസ്ഥകളെപ്പറ്റിയും കൊളോണിയൽ അധികാരികൾപോലും ചിന്തിച്ചിരുന്നു എന്നുള്ളത് ജനാധിപത്യ ഭരണാധികാരികളുടെ കണ്ണു തുറപ്പിക്കേണ്ടതാണ്. ഭരണ വ്യവസ്ഥകൾക്കുള്ളിൽ നിന്നുകൊണ്ട് തീരുമാനങ്ങൾ എടുക്കുന്ന അധികാരികളോട് ഒപ്പം തന്നെ ഉത്തരവാദിത്തപ്പെട്ടവരും, ചോദ്യം ചെയ്യപ്പെടേണ്ടവരുമായ മറ്റ് വിഭാഗക്കാരാണ് (സ്വയം അറിഞ്ഞോ അറിവില്ലാതെയോ?) തെറ്റായ അറിവുകൾ (താല്പര്യങ്ങൾക്കനുസരിച്ച്) നിർമ്മിച്ചെടുക്കുന്ന ശാസ്ത്രജ്ഞർ, ഗവേഷകർ, പങ്കാളികൾ ആയ അധ്യാപകർ, ആ അറിവുകളെ ഏറ്റെടുത്ത് പ്രചരിപ്പിക്കുന്ന പത്രമാധ്യമ പ്രവർത്തകർ എന്നിങ്ങനെ നീണ്ടുപോകുന്നു ആ കണ്ണികൾ. പേരിനുമാത്രം നടത്തപ്പെട്ടിട്ടുള്ള പാരിസ്ഥിതിക ആഘാത പഠനങ്ങളുടെ നീണ്ട നിരതന്നെ ഉദാഹരിക്കാൻ നമുക്ക് മുന്നിൽ ധാരാളമുണ്ട്. കച്ചവട കോർപ്പറേറ്റ് താല്പര്യങ്ങളുടെ വാഴ്ത്തു പാട്ടുകാരായി നമ്മുടെ ഗവേഷകരും, ഗവേഷണ മേഖലകളും മാറ്റപ്പെട്ടതിന്റെ പ്രത്യാഘാതങ്ങൾ പൊതുസമൂഹം വരുംനാളുകളിൽ കാണാനിരിക്കുന്നതേയുള്ളൂ. പ്രകൃതിയെക്കുറിച്ച്, മനുഷ്യന്റെ പ്രകൃതിയിലുള്ള (സ്വന്തം ആവാസ വ്യവസ്ഥയിൽ) ഇടപെടലുകളെക്കുറിച്ച്, ഇനിയെങ്കിലും അത്യാവശ്യമായി വേണ്ടുന്ന ക്രമപ്പെടുത്തലുകളെക്കുറിച്ച്, നമ്മളോരോരുത്തരും ഈ അവസരത്തിലെങ്കിലും ആഴത്തിലുള്ള സ്വയം വിലയിരുത്തൽ നടത്തേണ്ടതാണ്.

കേരളത്തിന്റെ അഭിമാന പ്രൊജക്റ്റായ കൊച്ചി മെട്രോ നഗരഹൃദയത്തിലേക്ക് കടന്നുവന്നത് നൂറുകണക്കിന് ഏക്കർ തണ്ണീർത്തടങ്ങൾ നികത്തിക്കൊണ്ടാണ്. ആലുവ മുതൽ കളമശ്ശേരി വരെ നീണ്ടുകിടക്കുന്ന പെരിയാറിന്റെ കൈവഴി ഉൾപ്പെടുന്ന ഏറ്റവും വലിയ പാടശേഖരം റിയൽ എസ്റ്റേറ്റ് താല്പര്യങ്ങൾക്കുവേണ്ടി മെട്രോയുടെ മറവിൽ നികത്തപ്പെട്ടു. പാടം നികത്തുന്നതിനുവേണ്ടി കിഴക്കൻ മേഖലയിലെ നിരവധി കുന്നുകൾ ഇടിക്കപ്പെട്ടു; ഗർത്തങ്ങൾ പോലെയുള്ള പാറമടകൾ രൂപപ്പെട്ടു. വൈറ്റിലയിലും കടവന്ത്രയിലും കായൽ കയ്യേറ്റങ്ങൾ ഉണ്ടായി. 1600- ഓളം മരങ്ങൾ മുറിക്കപ്പെട്ടു. അങ്ങനെ അടിമുടി പരിസ്ഥിതിയെ തകർത്ത പ്രൊജക്റ്റിന് ഗ്രീൻ മെട്രോ എന്ന പേരും നല്കപ്പെട്ടു. കഴിഞ്ഞ പ്രളയകാലത്ത് ഏറ്റവുമധികം കെടുതികളുണ്ടായ പ്രദേശമായിരുന്നു ആലുവ മുതൽ കളമശ്ശേരി വരെയുള്ള ഈ പാടശേഖരത്തിന്റെ ഇരുകരകളും.

ഇത്രയധികം പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാക്കിയ പദ്ധതി നഗരത്തിന്റെ ഗതാഗതസംവിധാനത്തെ ഒരുമിപ്പിക്കുന്നതിൽ പാടെ പരാജയപ്പെട്ടു. കൊച്ചി നഗരത്തിന്റെ 13 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വെള്ളത്താൽ ചുറ്റപ്പെട്ടവയാണ്. ബഹുഭൂരിപക്ഷം ദ്വീപു നിവാസികൾ ജല ഗതാഗത മാർഗം എത്തിച്ചേരുന്ന ഹൈക്കോർട്ട് ജെട്ടിയിലോ എറണാകുളം ജെട്ടിയിലോ നിന്നു മെട്രോയിലേക്ക് എത്തിച്ചേരുന്നതിന് കൂടുതൽ തുക മുടക്കി മറ്റ് ഗതാഗത സംവിധാനങ്ങളെ ആശ്രയിക്കേണ്ടി വരുന്നു. 5200 കോടി രൂപ നഗരത്തിലെ ഒരു ഗതാഗത സംവിധാനത്തിനായി മുടക്കുമ്പോൾ ഇന്നും നഗരത്തിന്റെ ഭാഗമായ ദ്വീപുകളിൽ മേൽക്കൂരകൾ ഇല്ലാത്തതും വളരെ പഴക്കം ചെന്നതുമായ ബോട്ടുകളും ജങ്കാറുകളും ആണ് ഉപയോഗിക്കപ്പെടുന്നത്. ഫോർട്ട് കൊച്ചിയിൽ പഴക്കം ചെന്ന ബോട്ട് മുങ്ങി നിരവധി ആളുകൾ മരണപ്പെട്ടത് കേവലം 2 വർഷം മുമ്പാണ്.

കൊച്ചിനഗരത്തിനു വളരെ വിശാലമായ റെയിൽവേ സിസ്റ്റമാണുള്ളത്. നഗരത്തിലെ കൂടുതൽ ആളുകൾ യാത്ര ചെയ്യുന്ന ഹൈക്കോടതി, വില്ലിംഗ്ടൺ ഐലന്റ്, വല്ലാർപാടം (ഇന്ന് അത് എത്രത്തോളം പ്രവർത്തന/ഉപയോഗസജ്ജം ആണെന്ന് പരിശോധിക്കേണ്ടതാണ്) എന്നുവേണ്ട നിലവിൽ ആല

*കച്ചവട കോർപ്പറേറ്റ് താല്പര്യങ്ങളുടെ വാഴ്ത്തു പാട്ടുകാരായി നമ്മുടെ ഗവേഷകരും, ഗവേഷണ മേഖലകളും മാറ്റപ്പെട്ടതിന്റെ പ്രത്യാഘാതങ്ങൾ പൊതുസമൂഹം വരുംനാളുകളിൽ കാണാനിരിക്കുന്നതേയുള്ളൂ. പ്രകൃതിയെക്കുറിച്ച്, മനുഷ്യന്റെ പ്രകൃതിയിലുള്ള ഇടപെടലുകളെക്കുറിച്ച്, ഇനിയെങ്കിലും അത്യാവശ്യമായി വേണ്ടുന്ന ക്രമപ്പെടുത്തലുകളെക്കുറിച്ച്, നമ്മളോരോരുത്തരും ഈ അവസരത്തിലെങ്കിലും ആഴത്തിലുള്ള സ്വയം വിലയിരുത്തൽ നടത്തേണ്ടതാണ്.*

പ്പുഴയ്ക്കും കോട്ടയത്തിനും ഇടയിൽപോലും യാത്ര സാധ്യമാക്കുന്ന റെയിൽവേ ലൈനും ഉണ്ട്. 5200 കോടി രൂപ മുതൽ മുടക്കിയ മെട്രോ പദ്ധതി നഗര പ്രാന്തപ്രദേശങ്ങളെ ബന്ധിപ്പിച്ചു കടന്നുപോകുന്ന ഗതാഗത സൗകര്യങ്ങളെ ബന്ധിപ്പിച്ചില്ല എന്നുമാത്രമല്ല, സർവീസസ് നിലവിലുണ്ടായിരുന്ന പല സബർബൻ ട്രെയിനുകളും നിർത്തലാക്കുകയും ചെയ്തു. ആലുവ മുതൽ എറണാകുളം വരെ യാത്ര ചെയ്യുന്ന ഒരു യാത്രക്കാരന് മാസം സബർബൻ ട്രെയിന് 175 രൂപ മാത്രം ചെലവ് വരുമ്പോൾ മെട്രോക്ക് 3000 രൂപ ചെലവുണ്ടായി. കൊച്ചിയുടെ ഏറ്റവും ജനസാന്ദ്രമായതും, കൊച്ചിനഗരത്തിലെ തൊഴിൽ മേഖലകളിൽ ഏറ്റവും കൂടുതൽ തൊഴിലെടുക്കുന്നവരുമായ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന (ഏറ്റവും വലിയ രീതിയിൽ ഗതാഗത മാർഗ്ഗങ്ങൾ പുനഃക്രമീകരിക്കേണ്ടതോ/മെച്ചപ്പെടുത്തേണ്ടതോ ആയ) പ്രദേശങ്ങളായ പശ്ചിമ കൊച്ചിയോ (മട്ടാഞ്ചേരി, തോപ്പുംപടി, ഫോർട്ട്കൊച്ചി, പള്ളുരുത്തി തുടങ്ങിയ പ്രദേശങ്ങൾ) വൈപ്പിനെയോ മെട്രോ ബന്ധിപ്പിച്ചില്ല. ചുരുക്കത്തിൽ 5200 കോടി മുടക്കി എങ്കിലും ഇന്നും ഗതാഗതക്കുരുക്ക് നഗരത്തിൽ തുടർക്കഥകൾതന്നെയാണ്. എത്രയധികം റെയിൽവേ സംവിധാനമുള്ള നഗരത്തിൽ ആ സാധ്യതകൾ ഉപയോഗപ്പെടുത്താത്തിന്റെ കാരണങ്ങൾ ഇന്നും ദുരൂഹമാണ്.

വികസനത്തിന്റെ പേരിൽ ഇത്തരം മെഗാ പ്രൊജക്റ്റുകൾ ഒന്നൊന്നായി കടന്നു വരുമ്പോഴും, ഏതൊരു വികസിത സമൂഹത്തിന്റെയും ഏറ്റവും അടിസ്ഥാനമായ കുടിവെള്ളം, മാലിന്യസംസ്കരണം, പൊതുഗതാഗതം, കായലുകളുടേയും പുഴയുടേയും തണ്ണീർത്തടങ്ങളുടേയും പരിപാലനം, പൊതു ആരോഗ്യം തുടങ്ങിയവ പരിശോധിച്ചാൽ ഈ സമൂഹവും പ്രകൃതിയും എത്രമാത്രം രോഗാതുരമായി കഴിഞ്ഞു എന്ന് ബോധ്യമാകും. മനുഷ്യന്റെ മാത്രമല്ല എല്ലാ ജീവജാലങ്ങളുടേയും നിലനിൽപ്പിന്റെ ഏറ്റവും അടിസ്ഥാന വിഭവമായ കുടിവെള്ളത്തിന്റെ കാര്യമെടുത്താൽ, ഈ നഗരത്തിലെ 90 ശതമാനം ആളുകളും കുടിവെള്ളത്തെ ആശ്രയിക്കുന്ന പെരിയാർ നദിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് പരിശോധിച്ചാൽ, ഈ നഗരത്തിന്റെ വികസനത്തിന്റെ ചരിത്രം ഏറെക്കുറെ ബോധ്യപ്പെടും.

കേരളത്തിന്റെ വികസനത്തിനുവേണ്ടി ഏറ്റവുമധികം ഇരയാക്കപ്പെട്ട നദിയാണ് പെരിയാർ നദി. കേരളത്തിന്റെ ഊർജ്ജ ആവശ്യങ്ങൾ നിറവേറ്റുന്ന ഹൈഡ്രോ ഇലക്ട്രിക് പ്രൊജക്റ്റുകളും, പ്രധാന വ്യവസായ മേഖലയും ഈ നദിയെ ആശ്രയിച്ചിരിക്കുന്നു. കൊച്ചിനഗരത്തിലെ 40 ലക്ഷം ആളുകളുടെ കുടിവെള്ള സ്രോതസ്സ് കൂടിയാണ് ഈ നദി. ഈ നദിയിൽ വ്യവസായ മാലിന്യങ്ങൾ, ഗാർഹിക മാലിന്യങ്ങൾ, ഓര് വെള്ളം (കടൽവെള്ളം) എന്നിവ എത്തിച്ചേരുന്ന പ്രദേശത്താണ് കൊച്ചിയുടെ പ്രധാന കുടിവെള്ള സംഭരണി സ്ഥിതി ചെയ്യുന്നത്.

റെഡ് കാറ്റഗറിയിലുള്ള (രാസാധിഷ്ഠിതമായ) വ്യവസായ ശാലകൾപോലും ഈ കുടിവെള്ള സംഭരണ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. ഇതിനുപുറമേ വേലിയേറ്റ-വേലിയിറക്കത്തിന് വിധേയമായ പ്രദേശം കൂടിയാണിത്. അതീവ സങ്കീർണമായ രാസജൈവ മാറ്റത്തിന് സാധ്യതയുള്ള പുഴയുടെ ഈ പ്രദേശത്തുനിന്ന് എടുക്കുന്ന വെള്ളം 'ക്ലോറിനേഷൻ' പോലെയുള്ള ചെറിയ ശുദ്ധീകരണ പ്രക്രിയയ്ക്ക് മാത്രം വിധേയമാക്കിയാണ് കുടിവെള്ളമായി വിതരണം നടത്തുന്നത്. ഈ പ്രക്രിയ വഴി സാന്ദ്രത കൂടിയ പദാർത്ഥങ്ങളും (ചെളി, മണ്ണ്) സൂക്ഷ്മജീവജാലങ്ങളും മാത്രമേ ഇല്ലാതാക്കാൻ കഴിയൂ. വെള്ളത്തിൽ അലിഞ്ഞുചേർന്നിരിക്കുന്ന ഘനലോഹങ്ങളോ, സങ്കീർണ്ണമായ ജൈവസംയുക്തങ്ങളോ 'ക്ലോറിനേഷൻ' വഴി ഇല്ലാതാക്കാൻ കഴിയില്ല. ക്ലോറിനേഷൻ പോലെ താരതമ്യേന ചെറിയ ശുദ്ധീകരണം മാത്രം നടത്തി കുടിവെള്ള വിതരണം നടത്തപ്പെടുമ്പോൾ രാസമാലിന്യങ്ങൾ വെള്ളത്തിൽ നിലനിൽക്കാൻ സാധ്യതയുള്ളതുകൊണ്ടുതന്നെ വിശദമായ രാസജൈവ പരിശോധനകൾ വിതരണത്തിന് മുൻപ് നടത്തേണ്ടത് അനിവാര്യമാണ്.


കുടിവെള്ളത്തിനായി വിതരണം നടത്തുന്ന വെള്ളത്തിന് ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ് നിഷ്കർഷിക്കുന്ന രാസപരിശോധനകൾ നടത്തി ഗുണനിലവാരം ഉറപ്പ് വരുത്തേണ്ടതുണ്ട്. ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്, 6 പട്ടികയിലായി അടിസ്ഥാന പരിശോധനകൾ, ടോക്സിക്-റേഡിയോ ആക്റ്റീവ്-പെസ്റ്റിസൈഡ്, ബാക്ടീരിയോളജിക്കൽ പരിശോധനകൾ എന്നിങ്ങനെ 65 പരിശോധനകളായി ഇവ തരംതിരിച്ചിട്ടുണ്ട്. എന്നാൽ ഈ പരിശോധനകൾ പൂർണമായി നടത്താതെയാണ് ദിനംപ്രതി കേരള വാട്ടർ അതോറിറ്റി കുടിവെള്ള വിതരണം നടത്തുന്നത്. മഴക്കാലത്തിനുശേഷം പെരിയാറിൽ നീരൊഴുക്ക് കുറയുന്നതും, ക്രമേണ മലിനീകരണം കൂടുന്നതും പെരിയാർ നദിയുടെ/കൊച്ചിയുടെ കുടിവെള്ള സംഭരണ മേഖലയെക്കുറിച്ചുള്ള ആശങ്കകൾ ഇന്ന് കൂടുതൽ ശക്തമാക്കുന്നു.

# വരാപ്പുഴ അതിരൂപത : എന്ന പേര് വന്നിട്ട് 315 വർഷം



ജോസഫ് മാനിഷാദ്
മട്ടയ്ക്കൽ
കൊങ്ങോർപ്പിള്ളി

വരാപ്പുഴ അതിരൂപതയുടെ ചരിത്രത്തിലെ അതിപ്രധാന ദിനമാണ് 1709 മാർച്ച് 13. അന്നാണ് മലബാർ വികാരിയത്തിന് വരാപ്പുഴ എന്ന പേര് ലഭിച്ചത്. ഓരോ മാർച്ച് 13-ഉം വരാപ്പുഴ അതിരൂപതാ മക്കളെ സംബന്ധിച്ച് ആഘോഷത്തിന്റെ ദിനമാണെങ്കിലും അതൊന്നുമറിയാതെ ഓരോ വർഷവും കടന്നുപോകുന്നു. വരാപ്പുഴ ദ്വീപിൽ സ്ഥിരതാമസമാരംഭിച്ച പുണ്യശ്ലോകനായ ആഞ്ചലോ ഫ്രാൻസിസ് പിതാവിനെ, ക്ലമന്റ് 11-ാമൻ പാപ്പാ മലബാറിന്റെ ചുമതല ഏല്പിച്ച ഈ ദിനം ശ്രദ്ധിക്കപ്പെടാതെ കടന്നുപോകുമ്പോൾ നമുക്ക് ചോർന്നുപോകുന്നത് നമ്മുടെ പൈതൃകമാണ്. ഈ മാർച്ച് 13-ന് 315 വർഷം ആയി നമ്മുടെ അതിരൂപതയ്ക്ക് ഈ പേര് ലഭ്യമായിട്ട്.



1599-ലെ ഉദയംപേരൂർ സൂനഹദോസിനുശേഷം മലബാറിലെ മാർത്തോമാ ക്രിസ്ത്യാനികളുടെ ഇടയിൽ സംജാതമായ ഭിന്നിപ്പ് മറനീക്കി പുറത്തുവന്ന 1653-ലെ കൂനൻകുരിശു ശപഥത്തിനുപിന്നാലെ മലബാറിലെ സഭയെ ശാന്തമാക്കാൻ, കർമ്മലീത്തരെ റോം ചുമതലപ്പെടുത്തി. ഫാ. ഹൈസിന്ത്, ഫാ. സെബസ്ത്യാനി എന്നിവരെ കമ്മിസാറിമാരായി ചുമതലയേല്പിച്ചു മലബാറിലേക്കയക്കുകയും ഇവിടെ ആദ്യമെത്തിയ ഫാ. സെബസ്ത്യാനി റിപ്പോർട്ട് നല്കാൻ റോമിലേക്ക് പോകുകയും ചെയ്തു. റിപ്പോർട്ട് പഠിച്ച റോം, പാദ്രോവാദൊ സംവിധാനത്തിൽ ഉണ്ടായിരുന്ന കൊച്ചി രൂപത, കൊടുങ്ങല്ലൂർ അതിരൂപത എന്നിവ കൂടാതെ, ഭിന്നിച്ചുപോയവരെ അനുനയിപ്പിക്കാൻ പ്രൊപ്പഗാന്ത തിരുസംഘത്തിന്റെ കീഴിൽ മലബാർ എന്ന പേരിൽ ഒരു വികാരിയത്ത് 1659-ൽ സ്ഥാപിച്ചു. ഫാ. സെബസ്ത്യാനിയെ പ്രഥമ വികാരി അപ്പസ്തോലിക്കയുമാക്കി.

കൊച്ചിയുടെ കിഴക്കൻ പ്രദേശങ്ങളിലും ഇടക്കൊച്ചി, മട്ടാഞ്ചേരി എന്നിവിടങ്ങളിലൊക്കെ സൗകര്യമനുസരിച്ച് ആസ്ഥാനമാക്കി വികാരിയത്തിനെ നയിക്കവേ, ഡച്ചുകാർ കൊച്ചി പിടിച്ചടുക്കുകയും കത്തോലിക്കർക്കെതിരെ രംഗത്തുവരികയും ചെയ്തു. മിഷണറിമാരെല്ലാവരും മലബാർ വിട്ടുപോകേണ്ടിവന്നു. തദ്ദേശീയനായ പറമ്പിൽ ചാണ്ടി എന്ന പുരോഹിതനെ മലബാർ വികാരിയത്തിന്റെ ചുമതലയേല്പിച്ച് സെബസ്ത്യാനി പിതാവും കൂട്ടരും കേരളം വിട്ടു. പറമ്പിൽ ചാണ്ടി (1667 – 1676) പിതാവിനെത്തുടർന്ന് ബിഷപ്പ് തോമസ് ദെ കാസ്ത്രോയും (1676 – 1684) തുടർന്ന് ബിഷപ്പ് റാഫേൽ ഫിഗരേദൊ സൾഗാദോ (1684 – 1694) യും ചുമതലയേറ്റു. അദ്ദേഹത്തിന്റെ കാലത്തുണ്ടായ പ്രശ്നങ്ങൾ പഠിക്കാനെത്തിയ ബീജാപ്പൂർ (ബോംബെ) ബിഷപ്പ് കുസ്തേദിയെ ദെ പിഞ്ഞോയുടെ റിപ്പോർട്ടിനെത്തുടർന്ന് ബിഷപ്പ് റാഫേൽ ഫിഗരേദൊ രാജിവയ്ക്കേണ്ടിവരികയും ബിഷപ്പ് കുസ്തേദിയെ ദെ പിഞ്ഞോയെ മലബാറിന്റെ വികാരി അപ്പസ്തോലിക്കയാക്കുകയും ചെയ്തു. എന്നാൽ ഇവിടെ ചുമതലയേല്ക്കുംമുമ്പ് അദ്ദേഹം ദിവംഗതനായി.

ഇങ്ങനെ പലവിധ കാരണങ്ങളാൽ തദ്ദേശീയരെ മെത്രാൻമാരാക്കി വികാരിയത്തിനെ നല്ല നിലയിൽ കൊണ്ടുപോകാനാവില്ല എന്നു മനസ്സിലാക്കിയ റോം, വീണ്ടും കർമ്മലീത്തരെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു. ബിഷപ്പ്



കുസ്തേദിയെ ദെ പിഞ്ഞോ ദിവം ഗതനായ ശേഷം വികാരിയത്തിന് നാഥനില്ലാതെ വന്ന കാലത്ത് ലത്തീൻകാർക്കായി അഞ്ചിക്കൈമൾ ദേശത്ത് ലത്തീൻകാരുടെ പണംകൊണ്ട് പണിത പള്ളിയാണ് എറണാകുളം സെന്റ് മേരീസ് പള്ളി. ഈ പള്ളി നിർമ്മിക്കാനായി മെത്രാന്മാരില്ലാത്തതിനാൽ അനുവാദം വാങ്ങിയത് അന്നത്തെ ആർച്ച് ഡീക്കനായിരുന്നു. പറമ്പിൽ മത്തായി കാമ്പോ എന്ന ആർച്ച് ഡീക്കൻ ബിഷപ്പ് പറമ്പിൽ ചാണ്ടിയുടെ അനന്തരവനായിരുന്നു. ലത്തീൻകാരുടെ വലിയൊരു വിഭാഗം വസിച്ചിരുന്നത് ഈ പള്ളിയുടെ പരിസരത്തായിരുന്നു. കൊടുങ്ങല്ലൂർ ആർച്ച് ഡീക്കനായിരുന്ന പാറേമാക്കൽ തോമാ കത്തനാർ രേഖപ്പെടുത്തിയ ചരിത്രം ഉൾക്കൊള്ളിച്ചുകൊണ്ട്, ബ്രദർ ലെയോപ്പോൾഡ് എഴുതിയ കേരളത്തിലെ ലത്തീൻ ക്രിസ്ത്യാനികൾ എന്ന ഗ്രന്ഥത്തിൽ ഈ വിവരം വ്യക്തമായി കുറിച്ചുവച്ചിരിക്കുന്നു.

ഹോർത്തൂസ് മലബാറിക്കൂസ് എന്ന ഗ്രന്ഥം രചിക്കാൻ എല്ലാവിധ സംവിധാനങ്ങളുമൊരുക്കിയതുവഴി മത്തേവൂസച്ചന് ചാത്യാത്തും വരാപ്പുഴയിലും ഓരോ ദൈവാലയങ്ങൾ നിർമ്മിക്കാനുള്ള അനുമതി ഡച്ച് ഗവർണ്ണർ നല്കുകയുണ്ടായി. ഈ സമയം വരാപ്പുഴയിൽ പള്ളിയോടൊപ്പം ഫാ. മത്തേവൂസ് ഒരു സെമിനാരി നിർമ്മിച്ചിട്ടുണ്ടായിരുന്നു. ഇവിടേക്ക് കർമ്മലീത്തരായ 4 പേർക്ക് വരാനുള്ള അനുമതിയും ഡച്ച് ഗവർണ്ണർ കൊടുത്തിരുന്നു. ഇവിടെയുണ്ടായിരുന്ന ഫാ. പീറ്റർ പോൾ, ഇന്നസെന്റ് പാപ്പായുടെ ബന്ധുവായിരുന്നു. ബോംബെ വികാരി അപ്പസ്തോലിക്കയായശേഷം ആസ്ട്രിയയുടെ ചക്രവർത്തിയുമായുള്ള തന്റെ ബന്ധങ്ങളുപയോഗിച്ച് ബിഷപ്പ് പീറ്റർ പോൾ, കർമ്മലീത്തർക്ക് ഉണ്ടായിരുന്ന വിലക്ക് നീക്കി മലബാറിൽ മുഴുവനുമായുള്ള പ്രവർത്തനാനുമതി ഡച്ചുകാരിൽനിന്നും 1698-ൽ നേടിക്കൊടുക്കുകയും ചെയ്തു.


ഈ സാഹചര്യത്തിൽ വരാപ്പുഴയിൽ റെക്ടറായി 24 വർഷം ചുമതല നിർവ്വഹിച്ച, മലയാളം നന്നായി കൈകാര്യം ചെയ്യുമായിരുന്ന ഫാ. ആഞ്ചലോ ഫ്രാൻസിസിനെ 1700 ഫെബ്രുവരി 20-ന് മലബാറിന്റെ വികാരി അപ്പസ്തോലിക്കയായി റോം നിയമിച്ചു. കർമ്മലീത്താ മിഷണറിയായ അദ്ദേഹത്തോട് പാദ്രൊവാദൊ മെത്രാന്മാർ സഹകരിക്കാതെയിരുന്നതിനാൽ, ആലങ്ങാട് എത്തിയ കാൽദിയൻ ബിഷപ്പ് സൈമൺ ഡൊമിനിക്കാണ് അദ്ദേഹത്തെ 1701 മെയ് 22-ന് മെത്രാനായി വാഴിച്ചത്. ആഞ്ചലോ ഫ്രാൻസിസ് മെത്രാൻ ആദ്യകാലങ്ങളിൽ വരാപ്പുഴയിലിരുന്നും 1703 ജൂൺ മുതൽ 1704 മെയ് വരെ മുൻഗാമികളെപ്പോലെ അല്പനാൾ കുറവിലങ്ങാട് ഇരുന്നും വികാരിയത്തിനെ നയിച്ചു. ബാക്കി കാലങ്ങളിൽ വരാപ്പുഴ ആസ്ഥാനമാക്കിയായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തനം. ഇക്കാലത്ത് കൊച്ചിയിലും കൊടുങ്ങല്ലൂരും മെത്രാന്മാർ ഇല്ലാതെ വരികയാണെങ്കിൽ, ഈ രൂപതകളിലെ ആത്മീയ ആവശ്യം നിറവേറ്റാനുള്ള ചുമതലയും അദ്ദേഹത്തിന്റെ നിയമനബൂളയിൽ കൊടുത്തിരുന്നു.

ഡച്ച് ഗവൺമെന്റിന്റെ പ്രദേശങ്ങളായതിനാൽ കൊച്ചിയിലും കൊടുങ്ങല്ലൂരും പാദ്രൊവാദൊ മെത്രാന്മാർക്ക് പ്രവേശനം നിഷേധിച്ചതിനാൽ അവിടങ്ങളിലെ കത്തോലിക്കരുടെ സ്ഥിതി വളരെ ദയനീയമായിരുന്നു. ഇതറിഞ്ഞ ക്ലമന്റ് പതിനൊന്നാമൻ പാപ്പാ ഇതിന് ശാശ്വതപരിഹാരമെന്നോണം പുതിയൊരു ബൂളവഴി മലബാർ വികാരിയത്തിന്റെ പേര് വരാപ്പുഴ വികാരിയത്ത് എന്നാക്കുകയും കൊച്ചി, കൊടുങ്ങല്ലൂർ രൂപതകളിലെ മുഴുവൻ ക്രൈസ്തവരുടെയും അജപാലകനായി നിയമിക്കുകയും ചെയ്തു. മലബാറിലെ പാദ്രൊവാദൊ രൂപതകളിലുള്ള കത്തോലിക്കരായ തോമാക്രിസ്ത്യാനികളുടെയും ലത്തീൻകാരുടെയും മലബാർ വികാരിയത്തിലെ ഇരുവിഭാഗക്കാരുടെയും ചുമതല അങ്ങനെ വരാപ്പുഴ വികാരി അപ്പസ്തോലിക്കയിൽ നിക്ഷിപ്തമായി. റോമിൽനിന്നും മുക്കുവന്റെ മോതിരത്തിൻ കീഴിൽ പാപ്പാസ്ഥാനത്തിന്റെ 9-ാം വർഷം ക്ലമന്റ് പതിനൊന്നാമൻ, 1709 മാർച്ച് 13-ന് പുറപ്പെടുവിച്ച ബൂളയിൽ ചുമതലകൾ കാര്യകാരണസഹിതം വിശദീകരിക്കുന്നുണ്ട്.

ഈ രൂപതകളിൽ മെത്രാന്മാർ ഇല്ലാത്ത അവസരങ്ങളിൽ എന്നത് പിന്നീട് പല പ്രശ്നങ്ങൾ ക്കും വഴിവച്ചു. അതിനാൽ 1838-ൽ കൊച്ചിയെയും കൊടുങ്ങല്ലൂരിനെയും വരാപ്പുഴയിൽ ലയിപ്പിച്ചു. അതോടെ വരാപ്പുഴ വികാരിയത്തിന്റെ അധികാരപരിധി കന്യാകുമാരി മുതൽ മംഗലാപുരം വടക്ക് ബൈന്ദൂർ വരെ 800 കിലോമീറ്റർ നീളത്തിലായി. 1845-ൽ വരാപ്പുഴയെ മൂന്നാക്കി വിഭജിച്ചു. ആ മൂന്നിൽനിന്നും ഇന്നുകാണുന്ന വിധത്തിൽ രൂപതകൾ വളർന്നു. ഭാരതത്തിൽ ആദ്യംമുതലുള്ള രൂപതകളിൽ പലതും മൂന്നാമത്തെയും നാലാമത്തെയും പേരുകളിലോ അല്ലെങ്കിൽ ലയിച്ചുപോവുകയോ, നിലച്ചുപോവുകയോ ചെയ്തിട്ടും ഇന്നും ഒരേപേരിൽ (രണ്ടാമത്തെ പേരിൽ) 315 വർഷങ്ങൾ ആയ വേറൊരു രൂപതയും ഭാരതത്തിലില്ല എന്നത് വരാപ്പുഴയുടെ മേന്മ.

ഗോവ അതിരൂപത 1533-ൽ തുടങ്ങിയെങ്കിലും 1928 മുതൽ ഗോവ - ദാമൻ എന്നാണ് അറിയപ്പെടുന്നത്. കൊച്ചി രൂപത 1558-ൽ സ്ഥാപിതമായെങ്കിലും 1838 മുതൽ 1886 വരെ വരാപ്പുഴയുടെ കീഴിലായിരുന്നു. ഇന്നത്തെ ബോംബെ അതിരൂപത 1637-ൽ തുടങ്ങിയപ്പോൾ മുതൽ ഇഡൽഘാൻ, ഡക്കാൻ, ബീജാപ്പൂർ എന്നീ മൂന്നുപേരുകളിൽ ആണ് അറിയപ്പെട്ടിരുന്നത്. തുടർന്ന് 1669-ൽ ഗ്രേറ്റ് മുഗൾ എന്നും 1820 മുതൽ ബോംബെ എന്നും തുടരുന്നു. എങ്ങനെ നോക്കിയാലും ഇപ്പോഴുള്ള പേരിനോളം പഴക്കമുള്ള, തുടങ്ങിയിട്ട് നിലക്കാത്ത, ഒന്നിലും ലയിപ്പിക്കാത്ത ഏക രൂപത വരാപ്പുഴയാണെന്നതിൽ നമുക്കഭിമാനിക്കാം. വരാപ്പുഴ എന്റെ അതിരൂപത എന്ന മനോഭാവം അഭിമാനപൂർവ്വം നമ്മുടെ ഹൃദയങ്ങളിൽ എന്നുമുണ്ടായിരിക്കട്ടെ.

# ലോക വൃക്കദിനം 2024





**ഡോ. ബിനു ഉപേന്ദ്രൻ** **ഡോ. പുന്നൂസ് തോമസ്**

ലൂർദ്ദ് ഹോസ്പിറ്റൽ, എറണാകുളം




*എല്ലാ വർഷവും മാർച്ച് മാസത്തെ രണ്ടാം വ്യാഴാഴ്ചയാണ് ലോക വൃക്കദിനമായി ആചരിക്കുന്നത്. വൃക്കകളുടെ പ്രവർത്തനത്തെയും ആരോഗ്യപരമായ വൃക്കകളുടെ പരിപാലനത്തെയും വൃക്കരോഗങ്ങളെപ്പറ്റിയും ഓർമ്മിപ്പിക്കുക എന്നുള്ളതാണ് ഈ ആചരണത്തിന്റെ ലക്ഷ്യം. 2024-ലെ ലോക വൃക്കദിനത്തിന്റെ പ്രമേയം "വൃക്കപരിചരണം ഏവർക്കും എല്ലായിടത്തും എന്നതും വൃക്കകളുടെ ആരോഗ്യത്തിന് മരുന്നുകളുടെ സമുചിതമായ ഉപയോഗം എന്നതുമാണ്."*

ലോകാരോഗ്യ സംഘടനയുടെ കണക്കുകൾപ്രകാരം 10-ൽ ഒരാൾക്ക് വൃക്കരോഗം (CKD) ഉണ്ടെന്നാണ് കണക്ക്. വർദ്ധിച്ചുവരുന്ന ഡയാലിസിസ് രോഗികളുടെ എണ്ണം പൊതുസമൂഹത്തിലും വ്യക്തിജീവിതത്തിലും ഭീതി ജനിപ്പിക്കുന്നു. വൃക്കരോഗം തടയുകയും വൃക്കരോഗത്തെക്കുറിച്ച് മുൻകൂട്ടി അറിയുകയും ചെയ്യുക എന്നുള്ളതാണ് വൃക്കരോഗദിനം നമ്മെ ഓർമ്മപ്പെടുത്തുന്നത്. വൃക്കരോഗം മൂർച്ഛിച്ച് വൃക്കകളുടെ പ്രവർത്തനശേഷിയുടെ 90% വും പരാജയം സംഭവിക്കുമ്പോൾ മാത്രമാണ് രോഗലക്ഷണങ്ങൾ കണ്ടുതുടങ്ങുന്നത്. മുൻകൂട്ടി രോഗം മനസ്സിലാക്കുന്നതിനായി രക്തത്തിലെ യൂറിയ, ക്രിയാറ്റിനിൻ ടെസ്റ്റിലൂടെ മനസ്സിലാക്കാവുന്നതാണ്. വൃക്കപരാജയത്തിനു മുന്നോടിയായി വൃക്കരോഗം മനസ്സിലാക്കുവാൻ മൂത്രപരിശോധനയിലൂടെ കഴിയും. യൂറിൻ ആൽബുമിൻ, യൂറിൻ പ്രോട്ടീൻ എന്നിവയുടെ പരിശോധനയിലൂടെ കഴിയുന്നതാണ്.

ആരോഗ്യപരമായ വൃക്കകളുടെ പരിപാലനത്തിനുവേണ്ട നടപടികൾ പാലിക്കേണ്ടതാണ്.

*1.ഉപ്പിന്റെ അളവ് മിതപ്പെടുത്തുക. ഒരുദിവസം കഴിക്കുന്ന ആഹാരത്തിലെ ഉപ്പിന്റെ അളവ് 5 മുതൽ 10 ഗ്രാം വരെ മിതപ്പെടുത്തുക.*

*2.പ്രോട്ടീന്റെ അളവ് അമിതമാകാതിരിക്കാൻ ശ്രദ്ധിക്കുക. (മത്സ്യമാംസാദികൾ മിതപ്പെടുത്തുക).*

*3.അമിതവണ്ണം ക്രമീകരിക്കുക.*

*4.അനുദിനം ഉപയോഗിക്കുന്ന ദ്രാവകരൂപത്തിലുള്ള ഭക്ഷണപദാർത്ഥങ്ങൾ 3 ലിറ്ററിൽ കുറയാതെ ശ്രദ്ധിക്കുക.*

*5.ലായകങ്ങൾ പാനീയ പദാർത്ഥങ്ങളുടെ അളവ് ക്രമീകരിക്കുക.*

*6.മരുന്നുകളുടെ ഉപയോഗം പ്രത്യേകിച്ച് വേദനസംഹാരികൾ ഡോക്ടറുടെ നിർദ്ദേശപ്രകാരമായിരിക്കണം.*

*7.എയറോബിക് എക്സർസൈസ് അനുദിനം ജീവിതത്തിൽ ഉൾപ്പെടുത്തുക (കുറഞ്ഞത് അരമണിക്കൂർ)*

*8.പ്രമേഹ രോഗികൾ, അമിത രക്തസമ്മർദ്ദം ഉള്ള വ്യക്തികൾ യൂറിയ ക്രിയാറ്റിൻ, യൂറിൻ റുട്ടീൻ എക്സാമിനേഷൻ എന്നിവ പ്രതിവർഷം ചെയ്യേണ്ടതാണ്.*

ക്രോണിക് കിഡ്നി ഡിസീസ് അഥവാ സ്ഥായിയായ വൃക്കരോഗം ബാധിച്ച രോഗികൾ വൃക്കരോഗം പുരോഗമിച്ച് ഡയാലിസ്സിനു വിധേയരാകുന്ന സാഹചര്യം ഒഴിവാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇതിനായി


*1.പ്രമേഹരോഗികൾ ബ്ലഡ് ഷുഗറിന്റെ അളവ് വളരെ ശ്രദ്ധാപൂർവ്വം നിയന്ത്രിക്കേണ്ടതാണ്.*

*2.അമിത രക്തസമ്മർദ്ദം ക്രമാതീതമായി കൂടാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.*


*3.ആഹാരക്രമങ്ങളിൽ പ്രോട്ടീന്റെ അളവ് കുറയ്ക്കണം. പൊട്ടാസ്യം അമിതമായുള്ള ആഹാരക്രമങ്ങൾ പാലിക്കേണ്ടതാണ്.*

രോഗം പുരോഗമിക്കുമ്പോൾ ജീവൻ നിലനിർത്താനായി ഡയാലിസിസ് ചികിത്സയിലൂടെ ശരീരത്തിലെ അമിത ജലാംശവും, മാലിന്യങ്ങളും നീക്കം ചെയ്യാവുന്നതാണ്. CKD ഉള്ള രോഗികൾ രോഗം പുരോഗമിച്ച്, ഡയാലിസിസ് ആരംഭിച്ചുകഴിഞ്ഞാൽ തുടർച്ചയായി ഡയാലിസിസ് ചെയ്യേണ്ടതാണ്. സുഗമമായി ഡയാലിസിസ് ചെയ്യാനായി രോഗം പുരോഗമിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ രോഗി ശാരീരികമായും മാനസികമായും തയ്യാറെടുക്കേണ്ടതാണ്. വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയയിലൂടെ ഡയാലിസിസ് ചികിത്സ ഒഴിവാക്കി ജീവിതത്തിന്റെ മുഖ്യധാരയിലേക്ക് വരാവുന്നതാണ്.

ശരീരത്തിലെ ഇരുവൃക്കകളും പൂർണ്ണമായി സ്തംഭനാവസ്ഥയിലെത്തിയാൽ ചികിത്സയിലൂടെ സമൂഹത്തിനും കുടുംബത്തിനും പ്രയോജനമായി ജീവിച്ചിരിക്കാൻ സാധിക്കുന്ന ഒരു രോഗാവസ്ഥയാണ് ക്രോണിക് കിഡ്നി ഡിസീസ്. കേവലം മൂത്രം ഉല്പാദിപ്പിക്കപ്പെടുന്ന ഒരു അവയവം മാത്രമല്ല വൃക്കകൾ. സങ്കീർണ്ണമായ ആന്തരിക അന്തരീക്ഷത്തിന്റെ സന്തുലിതാവസ്ഥയെ നിയന്ത്രിക്കുന്ന പ്രവർത്തനമാണ് വൃക്കകൾ ചെയ്യുന്നത്. ആരോഗ്യപരമായ വൃക്കകളുടെ പ്രവർത്തനം നിലനിർത്തുന്നതിനായി ആരോഗ്യപരമായ ദിനചര്യ, വൃക്കരോഗത്തെക്കുറിച്ചുള്ള മുൻകരുതലുകൾ എന്നിവ ശ്രദ്ധിക്കുക.



# Short Term Courses



*ഡോ. സാബു എം. സി.*



**ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ നേരിടുന്ന പ്രധാനപ്പെട്ട ഒരു വസ്തുതയാണ് അവിടെ പഠിക്കുന്ന കുട്ടികളുടെ എംപ്ലോയബിലിറ്റി. അതുകൊണ്ടു തന്നെ വിദ്യാർത്ഥികളുടെ പഠനത്തോടൊപ്പം ജോലിക്കു കൂടി തയ്യാറാക്കേണ്ടത് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കടമകൂടിയാണ്. ഇക്കാലത്ത് ക്യാംപസ് പ്ലേസ്മെന്റിനുവേണ്ടിവരുന്ന കമ്പനികൾപോലും ഡിഗ്രിയേക്കാൾ പ്രാധാന്യം കൊടുക്കുന്നത് നൈപുണ്യകലകൾക്കാണ്. അതുകൊണ്ടാണ് കഴിഞ്ഞ കുറച്ചു നാളുകളായി ഷോർട്ട് ടേം കോഴ്സുകളുടെ പ്രാധാന്യം വളരെയധികം വർദ്ധിച്ചിട്ടുള്ളത്.**

ഷോർട്ട് ടേം കോഴ്സസ് പല രൂപത്തിൽ നേരത്തേ ഉണ്ടായിരുന്നുവെങ്കിലും ഇപ്പോഴാണ് അതിന്റെ പ്രാധാന്യം വിദ്യാർത്ഥികൾ കൂടുതലായി മനസ്സിലാക്കിയത്. Addon Course, Skill Development Course, Finishing Course എന്നിങ്ങനെ പല പേരുകളിലായിട്ടാണ് ഷോർട്ട് ടേം കോഴ്സസ് അറിയപ്പെട്ടിരുന്നത്. ഇപ്പോൾ ഓഫ്‌ലൈനായും ഓൺലൈനായും ഹൈബ്രിഡ് മോഡിലും ഷോർട്ട് ടേം കോഴ്സസ് ലഭ്യമാണ്. ജോലിചെയ്യുന്ന പ്രൊഫഷണൽസ് പോലും അവരുടെ സ്കിൽസ് ഇംപ്രൂവ് ചെയ്യാൻ ഇങ്ങിനെയുള്ള കോഴ്സുകൾ ഉപയോഗിക്കുന്നുണ്ട്. പല ഓർഗനൈസേഷൻസും വിവിധ മോഡുകളിലായി ഷോർട്ട് ടേം കോഴ്സസ് ലഭ്യമാക്കുന്നുണ്ട്. ഇവയെല്ലാം ഓൺലൈനായി ഷോർട്ട് ടേം കോഴ്സസ് ലഭ്യമാക്കുന്ന ഏജൻസികൾ ചിലതാണ്.Atingi,Alison.com,Future Leran,Swayam, Google,Credly, Coursera, edx,Linkedin,Microsoft, PWC, ഇപ്പോൾതന്നെ പല ഫോറിൻ യൂണിവേഴ്സിറ്റികളും ഗവൺമെന്റ് ഏജൻസികളും ഷോർട്ട് ടേം കോഴ്സസ് ലഭ്യമാക്കുവാൻ ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇപ്പോൾ ഷോർട്ട് ടേം കോഴ്സുകൾക്കായി പ്രത്യേകിച്ച് ഒരു ഘടന ഇല്ലായെങ്കിലും ഈ കോഴ്സുകളുടെ പ്രാധാന്യം മനസ്സിലാക്കി സാവധാനം റെഗുലേഷൻസ് ഉണ്ടാകും എന്നുതന്നെയാണ് സൂചനകൾ. അക്കാദമിക് ബാങ്ക് ഓഫ് ക്രെഡിറ്റിന്റെ വരവോടുകൂടി ഷോർട്ട് ടേം കോഴ്സസിന് ലഭിക്കുന്ന ക്രെഡിറ്റ് വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സ്ഥാപനം മാറിയാലും പഠിപ്പ് തുടരുവാൻ സാധിക്കും.

നാഷണൽ എഡ്യുക്കേഷൻ പോളിസിയുടെ വരവോടുകൂടി സ്കിൽ ഓറിയന്റഡ് ആയിട്ടുള്ള ഷോർട്ട് ടേം കോഴ്സസിന്റെ ആവശ്യകത വളരെയധികം വർദ്ധിച്ചിട്ടുണ്ട്. ഡിഗ്രിക്ക് പഠിക്കുമ്പോൾ ഇങ്ങനെയുള്ള കോഴ്സുകൾ ലഭ്യതയുള്ള കോളേജുകൾ തിരഞ്ഞെടുത്താൽ സ്വന്തമായിട്ടുള്ള സ്കിൽസ് ഡെവലപ്പ് ചെയ്യുവാനും ഡിഗ്രി കഴിയുന്നതോടുകൂടി ജോലി ലഭിക്കുവാനും സഹായമാകും.

# വാർത്തകൾ

NEWS




## *കെ.സി.വൈ.എം. വരാപ്പുഴ അതിരൂപതയുടെ നേതൃത്വ പരിശീലന ക്യാമ്പ് ZEAL-2024നു തുടക്കമായി*

കെ.സി.വൈ.എം-ന്റെ വരുംകാല നേതാക്കന്മാരെ വാർത്തെടുക്കുന്നതിനായി ZEAL 2024 നേതൃത്വ പരിശീലന ക്യാമ്പ് വരാപ്പുഴ അതിരൂപത പ്രോക്യുറേറ്റർ റവ. ഫാ. സോജൻ മാളിയേക്കൽ ഉദ്ഘാടനം ചെയ്തു. കെ.സി.വൈ.എം. വരാപ്പുഴ അതിരൂപത പ്രസിഡന്റ് ആഷ്‌ലിൻ പോൾ അധ്യക്ഷത വഹിച്ചു. സി. സ്റ്റെബി സി.റ്റി.സി. എക്സിക്യൂട്ടീവ് അംഗങ്ങളായ ഡിലി ട്രീസ, ടിൽവിൻ തോമസ്, ഡാലി ഫിലോമിന, ജോയിസൺ പി.ജെ., അലൻ സേവ്യർ തോമസ്, ലെറ്റി എസ്.വി, മേഖല ഭാരവാഹികൾ, യൂണിറ്റ് ഭാരവാഹികൾ എന്നിവർ പങ്കെടുത്തു.

## *കെ.സി.വൈ.എം. സുവർണ്ണ ജൂബിലി ലോഗോ പ്രകാശനം ചെയ്തു*




കെ.സി.വൈ.എം. വരാപ്പുഴ അതിരൂപതയിൽ ആരംഭിച്ചതിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങൾക്ക് തുടക്കമായി. സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ലോഗോ എറണാകുളത്ത് നടന്ന ചടങ്ങിൽ ശ്രീ. രാഹുൽഗാന്ധി എംപി പ്രകാശനം ചെയ്തു. കെ.സി.വൈ.എം. അതിരൂപത പ്രസിഡന്റ് ആഷ്‌ലിൻ പോൾ അധ്യക്ഷനായിരുന്നു. ജനറൽ സെക്രട്ടറി രാജീവ് പാട്രിക്, എക്സിക്യൂട്ടീവ് അംഗങ്ങളായ ഡിലീ ട്രീസാ, വിനോജ് വർഗീസ്, ടിൽവിൻ തോമസ്, ഡാലി ഫിലോമിന, ജോയ്സൺ പി.ജെ., ദിൽമ മാത്യു എന്നിവർ സന്നിഹിതരായിരുന്നു. കേരള കത്തോലിക്കാ സഭയുടെ ഔദ്യോഗിക യുവജന സംഘടനയായ കെ.സി.വൈ.എം. 1974 സെപ്റ്റംബർ 22-നാണ് അതിരൂപതയിൽ ആരംഭിച്ചത്. കേരളത്തിന്റെ സാമൂഹിക സാംസ്കാരിക രാഷ്ട്രീയ മണ്ഡലങ്ങളിൽ നിരവധി നേതാക്കളെ വാർത്തെടുക്കാൻ കെ.സി.വൈ.എം.ലൂടെ സാധിച്ചിട്ടുണ്ട്. സംസ്ഥാനതലത്തിലും ദേശീയതലത്തിലും അന്തർദേശീയ തലത്തിലും നിരവധി നേതാക്കന്മാർ വരാപ്പുഴ അതിരൂപതയിൽ നിന്നും കെ.സി.വൈ.എം.ലൂടെ ഉയർന്നുവന്നിട്ടുണ്ട്.സുവർണ്ണ ജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് നിരവധി കർമ്മപരിപാടികളാണ് കെ.സി.വൈ.എം. അതിരൂപത സമിതിയുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്നത്.

## *പ്ലാസ്റ്റിക് ബോട്ടിൽ കളക്ഷൻ ബൂത്തുകൾ സ്ഥാപിച്ചു*



വരാപ്പുഴ അതിരൂപത എറണാകുളം സോഷ്യൽ സർവീസ് സൊസൈറ്റി ലോക കാൻസർ ദിനാചരണത്തോടനുബന്ധിച്ച് കാൻസർ ബോധവൽകരണത്തിന്റെ ഭാഗമായി എറണാകുളം നഗരത്തിലെ പത്തു സ്ഥലങ്ങളിൽ പ്ലാസ്റ്റിക് ബോട്ടിൽ കളക്ഷൻ ബൂത്തുകൾ സ്ഥാപിച്ചു. പ്രസ്തുത പരിപാടിയുടെ ഫ്ളാഗ് ഓഫ് കർമ്മം വരാപ്പുഴ അതിരൂപത വികാരി ജനറൽ മോൺ. മാത്യു ഇലഞ്ഞിമറ്റം നിർവ്വഹിച്ചു. വിവിധ സ്റ്റേഷനുകളിൽ റവ. ഫാ. പീറ്റർ കൊച്ചുവീട്ടിൽ, റവ. ഫാ. ആന്റണി വാല്ലുങ്കൽ, എറണാകുളം ജനറൽ ഹോസ്പിറ്റൽ മെഡിക്കൽ സൂപ്രണ്ട് ഡോ. ഷാഹിർഷാ, ഫാദർ ജോയ്സ് കരോൾ, അതിരൂപത ഫിനാൻഷ്യൽ അഡ്മിനിസ്ട്രേറ്റർ റവ. ഫാ. സോജൻ മാളിയേക്കൽ എന്നിവർ കളക്ഷൻ ബൂത്തുകൾ ഏറ്റുവാങ്ങി. ഇ.എസ്.എസ്.എസ്. ഡയറക്ടർ ഫാദർ മാർട്ടിൻ അഴിക്കകത്ത്,

അസിസ്റ്റന്റ് ഡയറക്ടർ ഫാദർ ജിബിൻ ജോർജ് മാതിരപ്പിള്ളി, ആശാകിരണം കോ ഓർഡിനേറ്റർ ശ്രീ. വിപിൻ ജോ മുട്ടുങ്ങൽ എന്നിവർ സന്നിഹിതരായിരുന്നു.

## *വരാപ്പുഴ അതിരൂപതയിൽ ജീവസ്പന്ദനം പദ്ധതി ആരംഭിച്ചു*



എറണാകുളം: വരാപ്പുഴ അതിരൂപത പ്രൊ ലൈഫ് സമിതിയുടെ ആഭിമുഖ്യത്തിൽ വരാപ്പുഴ അതിരൂപതയിൽ ജീവസ്പന്ദനം പദ്ധതി ആരംഭിച്ചു. അർഹതയുള്ള വലിയ കുടുംബങ്ങൾക്ക് ലൂർദ്ദ് ആശുപത്രിയിൽ അഞ്ചാമത്തെ കുഞ്ഞ് മുതൽ  പ്രസവശുശ്രൂഷ സൗജന്യമായി നടത്തിക്കൊടുക്കുന്നു. അതോടൊപ്പം അഞ്ചാമത്തെ കുഞ്ഞ് ജനിക്കുന്നതിനു മുമ്പ് 9-ാം മാസം അർഹതയുള്ള മാതാപിതാക്കൾക്ക് 10000 രൂപ നൽകുന്ന പദ്ധതിയാണ് രണ്ടാമത്തേത്. അതിരൂപതയിലെ തന്നെ വലിയ കുടുംബങ്ങളിലെ അർഹതയുള്ള വിദ്യാർഥികൾക്കായി സ്കോളർഷിപ്പ് നൽകുന്ന പദ്ധതിയാണ് മൂന്നാമത്തേത്. മേയ് അവസാനവാരം നടക്കുന്ന വലിയ കുടുംബങ്ങളുടെ സംഗമത്തിൽ സ്കോളർഷിപ്പ് വിതരണം ചെയ്യും. ഈ പദ്ധതികളുടെ ഉദ്ഘാടനം ആർച്ച്ബിഷപ് ഡോ.ജോസഫ് കളത്തിപ്പറമ്പിൽ നിർവഹിച്ചു.
വരാപ്പുഴ അതിരൂപതയിലെ രണ്ട് കുടുംബങ്ങളിലെ അഞ്ചാമത്തെ കുഞ്ഞുങ്ങളുടെ മാമ്മോദീസാ ചടങ്ങിനു ശേഷമാണ് പദ്ധതികളുടെ ഉദ്ഘാടനം നിർവഹിച്ചത്. ചൂരേപ്പറമ്പിൽ ഫൗണ്ടേഷൻ ഒരു ലക്ഷം രൂപ പദ്ധതിക്കു നൽകി. ട്രസ്റ്റിയും കെസിബിസി പ്രൊലൈഫ് സമിതി സംസ്ഥാന പ്രസിഡന്റുമായ
ശ്രീ. ജോൺസൺ ചൂരേപ്പറമ്പിൽ മെത്രാപ്പോലീത്തയ്ക്ക് കൈമാറി. അതിമെത്രാസനമന്ദിരത്തിൽ നടന്ന ചടങ്ങിൽ കെസിബിസി  പ്രൊ ലൈഫ് സമിതി സംസ്ഥാന ഡയറക്ടർ ഫാ. ക്ലീറ്റസ് കതിർപറമ്പിൽ, വരാപ്പുഴ അതിരൂപത ഫാമിലി കമ്മീഷൻ  ഡയറക്ടർ ഫാ.പോൾസൺ സിമേതി, പ്രൊലൈഫ് സമിതി സംസ്ഥാന സെക്രട്ടറി ശ്രീ.ജെയിംസ് ആഴ്ചങ്ങാടൻ, ആനിമേറ്റർ ശ്രീ. സാബു ജോസ്, സിസ്റ്റർ മേരി ജോർജ്, ശ്രീ.ജോയ്സ് മുക്കുടം, ശ്രീ.ആന്റണി പത്രോസ് എന്നിവർ പ്രസംഗിച്ചു.

## *സൗജന്യ ദന്ത പരിശോധനാ ക്യാമ്പ്*

വരാപ്പുഴ അതിരൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ എറണാകുളം സോഷ്യൽ സർവ്വീസ് സൊസൈറ്റിയും



അമൃത ആശുപത്രിയും സംയുക്തമായി സംഘടിപ്പിച്ച സൗജന്യ ദന്ത പരിശോധനാ ക്യാമ്പ് ഏരൂർ സെന്റ് ജോർജ് പള്ളി ഹാളിൽ വച്ച് നടത്തി. 35 പേരുടെ ദന്ത പരിശോധന നടത്തിയ ക്യാമ്പിന് ഫെഡറേഷൻ ഭാരവാഹികൾ ഇ.എസ്.എസ്.എസ്. സ്റ്റാഫ് വില്ലേജ് ഓർഗനൈസർ, ഇ.എസ്. എസ് .എസ്. ഇന്റേൺ താര അശോക് എന്നിവർ നേതൃത്വം വഹിച്ചു. 22 പേരുടെ തുടർ ചികിത്സയ്ക്കായി അമൃത ആശുപത്രിയിൽ എത്തുന്നതിനായി സൗകര്യവും ഒരുക്കി.

## *ലൂർദ് ആശുപത്രിയിൽ നവീകരിച്ച ഹോം കെയർ സേവനം ഫ്ലാഗ് ഓഫ് ചെയ്തു*

കൊച്ചി : എറണാകുളം ലൂർദ് ആശുപത്രിയുടെ നവീകരിച്ച ഹോം കെയർ സേവനം 'ലൂർദ് അറ്റ് യുവർ ഡോർ സ്റ്റെപ്പി'ന്റെ ഫ്ലാഗ് ഓഫ് കർമ്മം ആശുപത്രിയിൽ നടന്നു. ലൂർദ് ഫാമിലി മെഡിസിൻ വിഭാഗത്തിന്റെ നേതൃത്വത്തിലാണ് ഈ സേവനം ലഭ്യമാക്കുന്നത്. ആശുപത്രി സേവനം വീട്ടിൽ ലഭ്യമാകുന്ന ഈ സംരംഭം ഏറെ രോഗികൾക്ക് സഹായകമാകും എന്ന് ലൂർദ് ഡയറക്ടർ ഫാ. ജോർജ് സെക്വീര പറഞ്ഞു. ഫാമിലി മെഡിസിൻ വിഭാഗം മേധാവി ഡോ. രശ്മി എസ് കൈമളാണ് ഈ പദ്ധതിക്ക് നേതൃത്വം നൽകുന്നത്. ചികിത്സാ രംഗത്ത്  ഏറെ മാറ്റങ്ങൾ നൽകി കൊണ്ട് 1980 ൽ ലൂർദ് ആശുപത്രിയിൽ ആരംഭിച്ച മൊബൈൽ ഹെൽത്ത് യൂണിറ്റ് - ബോട്ട് ആംബുലൻസ് സേവനം പിന്നീട് 2014 ഓഗസ്റ്റ് 22ന് സുവർണ ജൂബിലയോടനുബന്ധിച്ച്  രാഷ്ട്രപതി ഡോ. എ പി ജെ അബ്ദുൽ കലാം  ലൂർദ് നിങ്ങളുടെ പടിവാതിൽക്കൽ' എന്ന പേരിൽ ഔട്ട് റീച്ച് ക്ലിനിക്കായി വിപുലീകരിച്ച സംരംഭത്തിന് തുടക്കം കുറിച്ചിരുന്നു. ഇതിന്റെ തുടർച്ചയായാണ് കൂടുതൽ സേവനങ്ങൾ കൂടി ഉൾപ്പെടുത്തി പദ്ധതി കൂടുതൽ കാര്യക്ഷമമായി ഇപ്പോൾ ജനങ്ങളിലേക്ക് എത്തിക്കുന്നത്.ഒരു ഡോക്ടറും നഴ്സും നഴ്സസിങ് അസിസ്റ്റന്റും ആവശ്യമെങ്കിൽ ഫിസിയോ തെറാപ്പിസ്റ്റും സോഷ്യൽ വർക്കറും സൈക്യാട്രിസ്റ്റു ഉൾപെടെയുള്ള സംഘം വീട്ടിലെത്തി പരിചരണം നല്കും.
ലൂർദ് ഫാമിലി മെഡിസിൻ വിഭാഗത്തിൽ രജിസ്റ്റർ ചെയ്ത രോഗികൾക്കാണ് ഈ സേവനം ലഭ്യമാക്കുന്നത്. ഡോക്ടറുടെ പരിശോധന, ബ്ലഡ്

DIRECTORATE OF FAMILY UNITS

വരാപ്പുഴ അതിരൂപതയിലെ എല്ലാ ഇടവകകളിലേയും കേന്ദ്ര സമിതി ലീഡർ, സെക്രട്ടറി, സിസ്റ്റർ ആനിമേറ്റർ എന്നിവർക്കായി നടത്തുന്ന എക്സോഡസ്സ് മീറ്റിംഗ് 2024 മാർച്ച് 24 ഞായറാഴ്ച 3 മണിക്ക് എറണാകുളം ആശിർഭവനിൽ.

FAMILY COMMISSION

ഫാമിലി കമ്മീഷന്റെ നേതൃത്വത്തിൽ ആശിർഭവനിൽ വച്ച് നടത്തുന്ന മാർച്ച് മാസത്തെ പരിപാടികൾ:

**വിവാഹ ഒരുക്ക കോഴ്സ്**:മാർച്ച് 1, 2, 3
മാർച്ച് 15, 16, 17
രാവിലെ 8 മണി മുതൽ വൈകീട്ട് 5 മണി വരെ.

| | |
|---|---|
| **മാതൃവേദി കൂട്ടായ്മ** | :മാർച്ച് 9, രാവിലെ 10.30 ന് |
| **വിധവകളുടെ കൂട്ടായ്മ** | :മാർച്ച് 16, വൈകിട്ട് 3 മണിക്ക് |
| **ഏകസ്ഥരുടെ കൂട്ടായ്മ** | :മാർച്ച് 21, രാവിലെ 10.30 ന് |



പ്രഷർ പരിശോധന, ഷുഗർ ചെക്കപ്പ്, മറ്റ് ലാബ് ടെസ്റ്റുകൾ ലൂർദ് ഹോസ്പിറ്റൽ ലാബിൽ ചെയ്യുന്നതിനുള്ള സൗകര്യം, റൈൽസ് ട്യൂബ്, യൂറിനദി, കത്തീറ്ററൈസേഷൻ, ബ്ലാഡർവാഷ്, സൂച്ചറിങ്, സൂച്ചർ റിമൂവൽ, മുറിവുകൾക്കും ബെഡ്സോറി നുമുള്ള ഡ്രസ്സിങ്, ഫിസിയോ തെറാപ്പി, രോഗികൾക്കും പരിചാരകർക്കുമുള്ള അവബോധം എന്നിവയാണ് ഈ പദ്ധതിയിലൂടെ ലഭ്യമാകുന്നത്.

അസോസിയേറ്റ് ഡയറക്ടർ ഫാ. വിമൽ ഫ്രാൻസിസ്, അസിസ്റ്റന്റ് ഡയറക്ടർ ഫാ. മിഥുൻ ജോസഫ്, മെഡിക്കൽ ഡയറക്ടർ ഡോ. പോൾ പുത്തൂരാൻ, പാസ്റ്ററൽ കെയർ ഹെഡ് മോൺ. ജോസഫ് എട്ടുരുത്തിൽ, ഡെപ്യൂട്ടി മെഡിക്കൽ സുപ്രണ്ടന്റ് ഡോ. അനുഷ വർഗീസ്, നേഴ്സിംഗ് സുപ്രണ്ടന്റ് സിസ്റ്റർ ധന്യ ജോസഫ്, അസിസ്റ്റന്റ് നേഴ്സിംഗ് സുപ്രണ്ടന്റ് സിസ്റ്റർ ഗ്ലാഡിസ് എന്നിവർ പങ്കെടുത്തു.



ജനുവരി മാസത്തെ എക്സോഡസിൽ ശുശ്രൂഷ സംവിധാനത്തെ കുറിച്ച് റവ. ഡോ. സ്റ്റാൻലി മാതിരപ്പിള്ളി ക്ലാസ്സെടുക്കുന്നു.

## ആർച്ച്ബിഷപ്പ്സ് ' സ്നേഹഭവനം' പദ്ധതിയിലേയ്ക്ക് സംഭാവന ചെയ്തവർ

*1.തിരുനാൾ പ്രസുദേന്തിമാർ, നിത്യസഹായമാതാ ചർച്ച്, ചേരാനെല്ലൂർ-15,000 രൂപ*

*2.തിരുനാൾ പ്രസുദേന്തിമാർ, സെന്റ് സെബാസ്റ്റ്യൻ ചർച്ച്, കടവന്ത്ര-15,000 രൂപ*

*3.തിരുനാൾ പ്രസുദേന്തിമാർ, വ്യാകുലമാതാ ചർച്ച്, മാഞ്ഞാലി-10,000 രൂപ*

*4.തിരുനാൾ പ്രസുദേന്തിമാർ, സെന്റ് ജെയിംസ് ചർച്ച്, ചേരാനെല്ലൂർ-15,000 രൂപ*

*5.തിരുനാൾ പ്രസുദേന്തിമാർ, സെന്റ് ജൂഡ് ചർച്ച്, കുരീക്കാട്-15,000 രൂപ*

*6.മദർ സുപ്പീരിയർ, അമലാംബിക കോൺവെന്റ്, വടുതല-25,000 രൂപ*

*7.തിരുനാൾ പ്രസുദേന്തിമാർ, ലൂർദ്ദ്മാതാ ചർച്ച്, ലൂർദ്ദുപുരം-10,000 രൂപ*

*8.തിരുനാൾ പ്രസുദേന്തിമാർ, ലൂർദ്ദ്മാതാ ചർച്ച്, തേവക്കൽ-10,000 രൂപ*

*9.തിരുനാൾ പ്രസുദേന്തിമാർ, ഡോൺബോസ്ക്കോ ചർച്ച്, തട്ടാഴം-50,000 രൂപ*

*ആകെ-1,65,000 രൂപ*

# വിശുദ്ധവാരം



ഫാ. വിൻസെന്റ് വാര്യത്ത്



കുരുത്തോല ഞായറാഴ്ച മുതൽ ഈസ്റ്റർ ഞായർ വരെയുള്ള കാലയളവിനെയാണ് വിശുദ്ധവാരം എന്ന് സഭ വിളിക്കുന്നത്. പെസഹാ വ്യാഴം, ദുഃഖവെള്ളി, ഈസ്റ്റർ ഞായറാഴ്ച ഇവയുടെ പ്രാധാന്യത്തെക്കുറിച്ചെല്ലാം നമുക്ക് സാമാന്യ ധാരണ ഉണ്ട്. എന്നാൽ വിശുദ്ധവാരത്തിലെ ആദ്യ മൂന്നുദിനങ്ങളായ തിങ്കൾ, ചൊവ്വ, ബുധൻ എന്നിവയുടെ പ്രാധാന്യത്തെക്കുറിച്ച് നമ്മൾ കാര്യമായി ചിന്തിക്കാറില്ല. പക്ഷേ വളരെ പ്രധാനപ്പെട്ട ഒരുക്ക ദിനങ്ങൾ ആണിവ. ഈ ദിനങ്ങളെക്കുറിച്ച് നമ്മൾ ഒന്ന് വിചിന്തനം ചെയ്യുന്നത് നന്നായിരിക്കും.

**ഒന്ന്: വിശുദ്ധവാരത്തിലെ തിങ്കൾ** (യോഹ.12:1). ഈ ദിവസത്തെ സുവിശേഷം കർത്താവിന്റെ പാദം കഴുകി, തൈലം പൂശി, തലമുടികൊണ്ട് തുടച്ച മേരിയുടെ മനോഭാവം നമ്മെ ഓർമ്മപ്പെടുത്തുന്നു. മേരിയുടെ പ്രവൃത്തി സമ്പൂർണ്ണസമർപ്പണത്തിന്റെ പ്രവൃത്തിയാണ്. മൂന്നുകാര്യങ്ങൾ

ഇതിലുണ്ട്:
ഈശോയെ എല്ലാമായി അംഗീകരിക്കൽ
ഈശോയ്ക്ക് എല്ലാം സമർപ്പണം ചെയ്യൽ
ഈശോയുടെ അല്ലാത്ത എല്ലാ വഴികളും ഉപേക്ഷിക്കൽ
ഈശോയുടെ ഉയിർത്തെഴുന്നേൽപ്പ് അനുഭവത്തിൽ പങ്കുചേരണമെങ്കിൽ ഈ മൂന്നു കാര്യങ്ങൾ നമ്മിലും സംഭവിക്കണം. തിങ്കളാഴ്ച ധ്യാനവിഷയമായി മാറേണ്ടത്, എന്റെ ജീവിതത്തിൽ ഈ സമ്പൂർണ്ണസമർപ്പണം സംഭവിക്കുന്നുണ്ടോ എന്ന് തന്നെയാണ്.

**രണ്ട്: വിശുദ്ധവാരത്തിലെ ചൊവ്വ.** ഈ ദിവസത്തെ സുവിശേഷം (യോഹ 13:21) നമുക്കു മുമ്പിൽ വരച്ചുകാട്ടുന്നത് മൂന്നു പേരെയാണ്. ഈശോയുടെ വക്ഷത്തിലേക്ക് ചാരിക്കിടന്ന യോഹന്നാൻ, ഈശോയോടൊപ്പം മരിക്കാൻ തയ്യാറാണെന്ന് പ്രഖ്യാപിക്കുന്ന പത്രോസ്, ഈശോയുടെ കൂട്ടുവെടിഞ്ഞ് രാത്രിയുടെ ഇരുട്ടത്ത് പുറത്തേക്കുപോയ യൂദാസ്! നമ്മുടെ ചായ്‌വുകളെക്കുറിച്ച് ധ്യാനിക്കാനാണ് ഈ ദിനം. നമ്മൾ എങ്ങോട്ടാണ് ചാഞ്ഞിരിക്കുന്നത്? നമ്മുടെ ചായ്‌വുകളും ശീലങ്ങളും നമ്മെ നിർവ്വചിക്കുന്നു! പത്രോസിനെപ്പോലെ ഈശോയിലേക്ക് ചാഞ്ഞിരുന്നിട്ടും ഇടയ്ക്ക് സുഖാസക്തികളിലേക്ക് മടങ്ങിപ്പോകുന്നുണ്ടോ നാം? യൂദാസിനെപ്പോലെ ഈശോയെ വെടിഞ്ഞ് പണത്തിലേക്കും, മറ്റ് ദ്രവ്യാസക്തികളിലേക്കും നമ്മൾ ചാഞ്ഞുപോകുന്നുണ്ടോ? അല്ലെങ്കിൽ യോഹന്നാനെപ്പോലെ ഈശോയിലേക്ക് പൂർണ്ണമായും ചാഞ്ഞിരിക്കാനാണോ നമുക്ക് താല്പര്യം. നമ്മുടെ ശീലങ്ങൾ, നമ്മുടെ ജീവിതശൈലികൾ, നമ്മുടെ മനോഭാവങ്ങൾ ഇവയെല്ലാം ഈ ദിവസം നമ്മൾ വിശകലനം ചെയ്യണം.

**മൂന്ന്: വിശുദ്ധവാരത്തിലെ ബുധൻ.** ഈ ബുധനാഴ്ചയെ സ്പൈ വെൻസ്ഡേ (ഒറ്റുബുധൻ) എന്നാണ് സഭാപിതാക്കന്മാർ വിളിക്കുന്നത്. കാരണം ഈ ദിവസമാണ് യൂദാസ് യേശുവിനെ ഒറ്റിക്കൊടുത്താൽ തനിക്കെന്തു തരുമെന്ന് പുരോഹിത പ്രമാണികളോട് ചോദിക്കുന്നത് യൂദാസിനെ നിസ്സഹായനായ നല്ല മനുഷ്യനായിട്ട് വെളുപ്പിക്കാനുള്ള ശ്രമങ്ങൾ ചില സാഹിത്യകാരന്മാർ നടത്താറുണ്ട്. പക്ഷേ സുവിശേഷങ്ങൾ വ്യക്തമായി പറയുന്നുണ്ട് യൂദാസിന് പണത്തോട് അധികമായ താൽപര്യമുണ്ടായിരുന്നു, അയാൾ ഒരു കള്ളൻ ആയിരുന്നു എന്നൊക്കെ! വചനഭാഗം (മത്തായി 26:14) വ്യക്തമാക്കിത്തരുന്ന ചില മാറ്റങ്ങൾ യൂദാസിൽ സംഭവിച്ചു. ഇതേ മാറ്റങ്ങൾ അറിയാതെ നമ്മളിലും സംഭവിക്കുന്നുണ്ടാകാം. അതിനാൽ സ്വാഭാവികമായിട്ടും ഈ ദിവസം ശാന്തമായിരുന്നു നമ്മളെ വിലയിരുത്തണം.
യൂദാസിനു വന്നുഭവിച്ച മാറ്റങ്ങൾ ഇവയാണ്:
(1) പണത്തോട് താല്പര്യം കൂടി
(2) കനിവും കരുതലും കുറഞ്ഞു.
(3) യേശുവിനോടും ശിഷ്യരോടും അടുപ്പം കുറഞ്ഞു.
(4) അടുപ്പം ഉണ്ടാകാൻ പാടില്ലാത്തവരുമായി അടുപ്പം കൂടി.
(5) എതിർവഴികാർക്ക് വാക്കുകൊടുത്തു.
(6) ഈശോയെ ഒറ്റിക്കൊടുക്കുവാൻ അവസരം പാർത്തു നടന്നു.
ക്രിസ്ത്യാനി എന്ന പേരുണ്ടായതുകൊണ്ടു മാത്രം ഒരാൾ ക്രിസ്തുവിന്റെ അനുയായി ആകണമെന്നില്ല. ക്രിസ്തുവിന്റെ ഒപ്പം ഇരുന്നുകൊണ്ട് സ്വന്തം ജീവിതത്തിലൂടെ ക്രിസ്തുവിനെ ഒറ്റുകൊടുക്കുന്നവരായി നമ്മൾ മാറുന്നുണ്ടോ എന്ന് സ്വയം ചോദിക്കണം. ഒരു ക്രിസ്ത്യാനിക്ക് ഉണ്ടാകേണ്ട കാരുണ്യം, കരുതൽ, സ്നേഹം ഇവയെല്ലാം വഴിമാറിപ്പോയി. ഇപ്പോൾ ശരിയല്ലാത്തവയോട് വലിയ അടുപ്പവും താൽപര്യവും നമ്മൾ വളർത്തുന്നുണ്ടോ എന്ന് ചോദിക്കുക.

പെസഹാ വ്യാഴാഴ്ച രാവിലെയുള്ള **ക്രിസം കുർബാന** എന്തെന്നുകൂടി നാം അറിഞ്ഞിരിക്കണം. ഈ കുർബാനയുടെ അർത്ഥതലങ്ങളെക്കുറിച്ച് നമുക്കത്ര പരിചയം ഇല്ലാത്തതുകൊണ്ട് അതുകൂടി നമ്മളൊന്ന് വിചിന്തനം ചെയ്യണം. രൂപതാ അധ്യക്ഷന്റെ നേതൃത്വത്തിൽ എല്ലാ വൈദികരും ഒരുമിച്ച് ചേർന്ന് നടത്തുന്ന കൂട്ടായ്മയുടെ കുർബാനയാണിത്. ഈ കുർബാനയ്ക്ക് ഇടയിൽ പ്രത്യേകമായി രണ്ട്കാര്യങ്ങൾ സംഭവിക്കുന്നുണ്ട്.

1. മൂന്നുതരം തൈലങ്ങൾ ആശീർവദിക്കപ്പെടുന്നു; രോഗികളുടെ തൈലം, ക്രൈസ്തവ പ്രാരംഭ കൂദാശാർത്ഥികളുടെ തൈലം, പ്രതിഷ്ഠാപന തൈലം എന്നിവയാണ് അവ. വർഷത്തിൽ ഉടനീളം പള്ളികളിലും മറ്റും ഈ തൈലങ്ങളാണ് ഉപയോഗിക്കപ്പെടുക.

2. എല്ലാ വൈദികരും അവരുടെ പൗരോഹിത്യജീവിതത്തിന്റെ വ്രതം നവീകരിക്കുന്നു. പൗരോഹിത്യ കൂട്ടായ്മയുടെ ഭംഗി കാണിച്ചുതരുന്ന ഈ കുർബാനയിൽ ഒരിക്കലെങ്കിലും പങ്കെടുക്കുന്നത് വളരെ നന്നായിരിക്കും. ഇത്തവണത്തെ ക്രിസം കുർബാനയിൽ പങ്കെടുക്കുന്നതിനെക്കുറിച്ച് ഒന്ന് ചിന്തിച്ചുകൂടെ!

***ചോദ്യങ്ങൾ***

*1.വിശുദ്ധവാരത്തിലെ തിങ്കൾ, ചൊവ്വ, ബുധൻ ദിനങ്ങളിൽ എന്തുതരം ഒരുക്കങ്ങളാണ് നമ്മൾ നടത്തേണ്ടതെന്ന് വിചിന്തനഭാഗം ആസ്പദമാക്കി ചർച്ച ചെയ്യുക.*

*2.ക്രിസം കുർബാനയിൽ പങ്കെടുത്തിട്ടുള്ളവർ അവർക്കുണ്ടായ അനുഭവം പങ്കുവയ്ക്കുക*

*3.വിശുദ്ധവാരം തീർത്തും വിശുദ്ധമാക്കി മാറ്റാൻ ചെയ്യാവുന്ന കാര്യങ്ങൾ ചർച്ച ചെയ്യുക. പണ്ടത്തെ ആളുകൾ അനുഷ്ഠിച്ചിരുന്നതും ഇപ്പോഴത്തെ തലമുറ മറന്നുപോകുന്നതുമായ കാര്യങ്ങൾ പഴയ തലമുറക്കാർ പങ്കുവയ്ക്കുക.*

ജീവദീപ്തിയിലെ പരസ്യങ്ങൾക്കും വരിസംഖ്യകൾക്കും വേണ്ടിയുള്ള പണം ഈ അക്കൗണ്ടിലേക്ക് ഇടാവുന്നതാണ്
FEDERAL BANK LTD ERNAKULAM NORTH BRANCH
JEEVADEEPTHI A/C 10040200041782 IFSC FDRL0001004